
## അന്യസംസ്ഥാനങ്ങളിലെ പഠനം: കുട്ടികൾ വഴിതെറ്റുന്നുവോ?

അന്യസംസ്ഥാനങ്ങളിലേക്ക് പഠനത്തിനായി പോകുന്ന ആൺകുട്ടികളും പെൺകുട്ടികളും വഴിവിട്ട ജീവിതം നയിക്കുന്നതിന്റെ നേർക്കാഴ്ചകളും വിവരണങ്ങളും ഇടയ്ക്കിടെ സാമൂഹമാധ്യമങ്ങളിലൂടെ പ്രത്യക്ഷപ്പെടാറുണ്ട്. ഏറെ ആശങ്കാജനകവും അപകടകരവുമായ ഈ സ്ഥിതിവിശേഷത്തെ ഗൗരവത്തിലെടുക്കുവാൻ രക്ഷിതാക്കളും ഭരണനേതൃത്വവും തയ്യാറായില്ലെങ്കിൽ അനന്തരഫലം പ്രവചനാതീതമായിരിക്കുമെന്നതിൽ സംശയമില്ല.



VOL NO: 03 | ISSUE 07

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 FEBRUARY 16 | ₹12

# മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയും പരിഷ്‌കരണ ചിന്തകളും

കേരളത്തിലെ മുസ്‌ലിം സമുദായത്തെ വിശ്വാസപരമായും വിദ്യാഭ്യാസപരമായും പിന്നോട്ട് നയിച്ചതിൽ ഇവിടുത്തെ പുരോഹിത-പണ്ഡിത വർഗത്തിന്റെ പങ്ക് തുല്യതയില്ലാത്തതാണ്. നവോത്ഥാനത്തിന്റെ കണക്കെടുപ്പ് നടക്കുമ്പോഴെല്ലാം പുരോഗമന പ്രസ്ഥാനങ്ങളിൽ മാത്രം പേരുകൾ വന്ന് നിറയുന്നത് ഇവരെ തെല്ലൊന്നുമല്ല അലോസരപ്പെടുത്തുന്നത്. ഇതിനെ മറികടക്കാൻ പുരോഹിതവർഗം നടത്തുന്ന ശ്രമങ്ങളുടെ ഭാഗമാണ് മൺമറഞ്ഞ നവോത്ഥാന നായകരുടെ ചരിത്രത്തിന് പുനർരചന നിർവഹിക്കുക എന്നത്.അതിൽ ഏറ്റവും പ്രധാനിയാണ് മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി. ചാലിലകത്തിന്റെ പരിഷ്‌കരണ പ്രവർത്തനങ്ങൾക്ക് സമസ്തയുമായി എന്തെങ്കിലും ബന്ധമുണ്ടോ? ചരിത്രപരമായ അവലോകനം.

- മൊബൈൽ ഫോൺ ചതിക്കുവാനുള്ളതോ?
- ലക്ഷ്യത്തിലെത്താത്ത സാമ്പത്തിക സഹായങ്ങൾ




# ഖുർആൻ പഠനം
## നിങ്ങളുടെ വിരൽ തുമ്പിൽ

peaceradio
**annoor**
QURAN LEARNING PROGRAMME

# അന്നൂർ
## ഖുർആൻ പഠന പദ്ധതി

**നിങ്ങളുടെ ഫോണിലും...!**

നിങ്ങളുടെ ഫോണിലെ പ്ലേ സ്റ്റോർ/ആപ് സ്റ്റോർ തുറന്ന ശേഷം PEACE RADIO എന്ന് സെർച്ച് ചെയ്യുക. റേഡിയോ ഇൻസ്റ്റാൾ ചെയ്ത് തുറന്ന ശേഷം താഴെ കാണുന്ന കോഴ്സ് ബട്ടൺ അമർത്തി അന്നൂർ കോഴ്സിൽ രജിസ്റ്റർ ചെയ്യുക. ക്ലാസ് തുടങ്ങുന്ന സമയത്ത് അറിയിപ്പുകൾ ലഭിക്കുന്നതാണ്



peaceradio
Tune to reality

**രജിസ്റ്റർ ചെയ്യൂ...**
**ഇപ്പോൾ തന്നെ**

WhatsApp **+91 9020 840 840**

നേർപഥം
വാരിക

0109 / 2019 ഫെബ്രുവരി 16 / 1440 ജുമാദൽ ആഖിർ 11 / പുസ്തകം 03 / ലക്കം 07



# മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയും പരിഷ്കരണ ചിന്തകളും

ഇ.യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ / 10

**മുഖമൊഴി**

അന്യസംസ്ഥാനങ്ങളിലെ പഠനം:
കുട്ടികൾ വഴിതെറ്റുന്നുവോ?/ 05
എഡിറ്റർ

**ലേഖനം**

പരസ്യ പ്രബോധനം:
ക്വുറൈശികൾ എതിർപ്പിന്റെ വഴിയിൽ / 06
ഫദ്‌ലുൽ ഹഖ് ഉമരി

ധിക്കാരികളുടെ ചരിത്രം നൽകുന്ന പാഠം / 16
മമ്മദ് പി.പി, തിക്കോടി

മൊബൈൽ ഫോൺ ചതിക്കുവാനുള്ളതോ? / 22
ശമീർ മദീനി

പ്രാർഥന സ്രഷ്ടാവിനോട് മാത്രം / 26
സയ്യിദ് സഅ്ഫർ സ്വാദിക് മദീനി

**ക്വുർആൻ ദർശനം**

നബഅ് (വൃത്താന്തം), ഭാഗം: 2 / 15
വിവ: ഹാരിസ് ബിൻ സലീം

**കാഴ്ച**

ലക്ഷ്യത്തിലെത്താത്ത
സാമ്പത്തിക സഹായങ്ങൾ / 18
ഇബ്നു അലി എടത്തനാട്ടുകര

**ചരിത്രപഥം**

സകരിയ്യാ നബിﷺ, ഭാഗം: 2/ 29
ഹുസൈൻ സലഫി, ഷാർജ

**വീക്ഷണം**

മലക്ക് = മാലാഖ? / 34
മുബാറക്ബിൻ ഉമർ

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India
Ph: 0495 4019437 I +91 92075 25244 I mail@nerpatham.com I www.nerpatham.com I Facebook: www.facebook.com

# വർഗീയതക്കെതിരെ ഒന്നിച്ചു പോരാടണം: വിസ്ഡം ജാഗ്രതാ സദസ്സ്

**കോ**ഴിക്കോട്: മതനിരപേക്ഷ മൂല്യങ്ങളുടെ പ്രചാരണം വ്യാപകമാക്കിയും ജനാധിപത്യ സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗിച്ചും ഫാഷിസ്റ്റ് ശക്തികൾക്കെതിരെയുള്ള ചെറുത്തുനിൽപ് ശക്തമാക്കണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ കോഴിക്കോട് ജില്ലാ കമ്മിറ്റി കടപ്പുറത്ത് സംഘടിപ്പിച്ച സെമിനാർ ആവശ്യപ്പെട്ടു.

ഫാഷിസത്തെ ആശയ സംവാദങ്ങളിലൂടെ നിരായുധമാക്കാൻ മുന്നോട്ടുവന്ന് ചരിത്രകാരന്മാരും മാധ്യമ പ്രവർത്തകരും തങ്ങളുടെ ചരിത്രദൗത്യം നിർവഹിക്കേണ്ട സമയമാണിത്.

ദുഷ്ടശക്തികൾ രാജ്യത്ത് ബോധപൂർവം ശക്തിപ്പെടുത്താൻ ശ്രമിക്കുന്ന വർഗീയതക്കെതിരെ രാജ്യസ്നേഹികൾ ഒന്നിച്ചു പൊരുതണം. വർഗീയ ധ്രുവീകരണത്തിനെതിരെ മതേതര കൂട്ടായ്മകൾ പ്രാദേശികതലം മുതൽ വളർന്നുവരണമെന്നും സെമിനാർ ആഹ്വാനം ചെയ്തു.

രാജ്യം ഗുരുതരമായ സ്ഥിതിവിശേഷത്തിലൂടെ കടന്നുപോകുമ്പോൾ രാഷ്ട്രത്തിന്റെ നിലനിൽപാണ് ഈ വർഷത്തെ പാർലമെൻറ്തെരഞ്ഞെടുപ്പിന്റെ മുമ്പിൽ വിഷയീഭവിക്കേണ്ടതെന്നും ഫാഷിസത്തെ നേരിടേണ്ടത് ജനാധിപത്യ മാർഗത്തിലൂടെയാണെന്നും ജാഗ്രതാ സദസ്സ് അംഗീകരിച്ച പ്രമേയം വ്യക്തമാക്കി.

ഭരണഘടന നൽകുന്ന മതപ്രബോധനമെന്ന മൗലികാവകാശത്തെ തെറ്റായി കാണുന്ന ദുഷ്പ്രവണത രാജ്യത്ത് വിശ്വാസികൾക്കിടയിൽ നിലനിൽക്കുന്ന സുതാര്യതക്കും മനുഷ്യസൗഹാർദത്തിനും കോട്ടംതട്ടാൻ കാരണമാകുമെന്ന് പ്രമേയം തുടർന്നു.

ഭൂരിപക്ഷ വർഗീയതയെ പോലെ ന്യൂനപക്ഷ വർഗീയതയും എതിർക്കപ്പെടേണ്ടതുണ്ട്. രാജ്യം മുസ്‌ലിംകളടക്കമുള്ള മതന്യൂനപക്ഷങ്ങൾക്ക് നീതിയും നിയമപരിരക്ഷയും നൽകുമ്പോൾ ഏതാനും ഫാഷിസ്റ്റ് ചിന്താഗതിക്കാർ കാണിക്കുന്ന അതിക്രമങ്ങളെ നേരിടാൻ നിയമം കയ്യിലെടുത്ത് അരാജകത്വം സൃഷ്ടിക്കുന്നത് നീതീകരിക്കാൻ സാധിക്കില്ല. പ്രകോപനപരമായ മുദ്രാവാക്യങ്ങൾ മുഴക്കിയും കുഴപ്പങ്ങൾ സൃഷ്ടിച്ചും ഭരണഘടനാ സ്ഥാപനങ്ങളെ പോലും വെല്ലുവിളിച്ചും ജുഡീഷ്യറിയെ അവഹേളിച്ചും നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും എതിർക്കപ്പെടണമെന്നും സെമിനാർ ആവശ്യപ്പെട്ടു.

2019ലെ പൊതുതെരഞ്ഞെടുപ്പ്: ആശങ്കയും പ്രതീക്ഷയും, മതേതര കക്ഷികളുടെ ഐക്യം: തത്ത്വവും പ്രയോഗവും, ബഹുസ്വരത, വെറുപ്പിന്റെ രാഷ്ട്രീയം: അസഹിഷ്ണുതയുടെയും, വർഗീയ ധ്രുവീകരണം കേരളത്തിൽ, വർഗീയത പ്രതിരോധമല്ല തുടങ്ങിയ വിഷയങ്ങൾ സെമിനാർ ചർച്ച ചെയ്തു.

മുസ്‌ലിം ലീഗ് അഖിലേന്ത്യാ സെക്രട്ടറി എം.പി അബ്ദുസ്സമദ് സമദാനി സെമിനാർ ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ കോഴിക്കോട് ജില്ലാ പ്രസിഡന്റ് ഉമർ അത്തോളി ആധ്യക്ഷ്യം വഹിച്ചു. സി.പി.ഐ.എം കോഴിക്കോട് ജില്ലാ സെക്രട്ടറി പി. മോഹനൻ മാസ്റ്റർ, പി. സുരേന്ദ്രൻ, സി.പി സലീം, അബ്ദുറഷീദ് കുട്ടമ്പൂർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ ജന: സെക്രട്ടറി കെ. സജ്ജാദ്, വി.ടി ബഷീർ, റഷീദ് പാലത്ത്, ജംഷീർ സിറ്റി എന്നിവർ പ്രസംഗിച്ചു. ●

മുഖമൊഴി

# അന്യസംസ്ഥാനങ്ങളിലെ പഠനം: കുട്ടികൾ വഴിതെറ്റുന്നുവോ?

അന്യസംസ്ഥാനങ്ങളിലേക്ക് പഠനത്തിനായി പോകുന്ന ആൺകുട്ടികളും പെൺകുട്ടികളും വഴിവിട്ട ജീവിതം നയിക്കുന്നതിന്റെ നേർക്കാഴ്ചകളും വിവരണങ്ങളും ഇടയ്ക്കിടെ സാമൂഹമാധ്യമങ്ങളിലൂടെ പ്രത്യക്ഷപ്പെടാറുണ്ട്. ഏറെ ആശങ്കാജനകവും അപകടകരവുമായ ഈ സ്ഥിതിവിശേഷത്തെ ഗൗരവത്തിലെടുക്കുവാൻ രക്ഷിതാക്കളും ഭരണനേതൃത്വവും തയ്യാറായില്ലെങ്കിൽ അനന്തരഫലം പ്രവചനാതീതമായിരിക്കുമെന്നതിൽ സംശയമില്ല.

അന്യസംസ്ഥാനങ്ങളിൽ പഠിക്കാനെത്തുന്ന മലയാളികളിൽ മിക്കവരും തിരഞ്ഞെടുക്കുന്നത് നഴ്സിംഗ്, ദന്തൽ, എഞ്ചിനീയറിംഗ്, ഫിസിയോ തെറാപ്പി, മാനേജ്മെന്റ് എന്നിങ്ങനെയുള്ള പ്രൊഫഷണൽ കോഴ്സുകളാണ്. എണ്ണത്തിൽ കുറവെങ്കിലും കേരളത്തിൽ ഇന്ന് പ്രൊഫഷണൽ കോഴ്സുകൾക്ക് പഞ്ഞമില്ല. പിന്നെ ഇവരെന്തിന് കഷ്ടപ്പെട്ട് അന്യനാടുകളിൽ ചേക്കേറുന്നു? മെറിറ്റ് ലിസ്റ്റിൽ കയറിപ്പറ്റാൻ മാത്രം പഠിക്കാനുള്ള കഴിവ് അഥവാ ബുദ്ധിയില്ല എന്നത് തന്നെ പ്രധാന കാരണം. വിറ്റുപിരിച്ചും പലിശക്ക് കടം വാങ്ങിയും വിദ്യാഭ്യാസ ചന്തയിൽ കാശിറക്കിയാൽ വൈകാതെ മുടക്കിയ കാശ് പലിശസഹിതം തിരിച്ചുപിടിക്കാമെന്ന രക്ഷിതാക്കളുടെ അതിമോഹം മറുവശത്തും. അതിനാൽ മാർക്ക് കുറഞ്ഞാലും കാശ് കൊടുത്താൽ അഡ്മിഷൻ കിട്ടുന്ന സ്ഥലം തേടി പായുന്നു. അഡ്മിഷൻ ലഭിക്കുന്ന കുട്ടികളിൽ നല്ലൊരു ശതമാനവും സാഹചര്യ സമ്മർദങ്ങളാലോ സ്വന്തം താൽപര്യപ്രകാരമോ വഴിവിട്ട ജീവിതം നയിക്കുന്നു.

പെൺകുട്ടികൾ കോൾ ഗേളായി പോകുന്നതിന് പുറമെ ബംഗളൂരുവിൽ 'ജിഗോള' സംസ്കാരവും പടരുന്നു എന്നും മണിക്കൂറുകൾക്കു വില നൽകി സെക്സിനായി പുരുഷന്മാരെ ഓൺലൈനിൽ ബുക്ക് ചെയ്യുന്നു എന്നുമുള്ള റിപ്പോർട്ട് ഏറെ ഞെട്ടലുളവാക്കുന്നതാണ്. 'ഗേൾഫ്രണ്ട് ' എന്നതിന് 'ഗേൾമേറ്റ്' എന്നും 'ബോയ്ഫ്രണ്ട്' എന്നതിന് 'ബോയ്മേറ്റ്' എന്നുമാണത്രെ പുതിയ വിളിപ്പേരുകൾ. എന്റർടെയിൻമെന്റിനും പണം ഉണ്ടാക്കാനും വേണ്ടി ഏതറ്റം വരെ പോകാനും പലർക്കും മടിയില്ല. ഇതിന് ഇടപാട് നിൽക്കാൻ ധാരാളം ആന്റിമാരുണ്ട്. പിന്നെല്ലാം അവരുടെ നിയന്ത്രണത്തിലാവുമെന്നും ഇതെല്ലാം ദൈനംദിന കാഴ്ചകളാണെന്നും അവിടെ പഠിക്കുന്ന മലയാളി വിദ്യാർഥികളിൽ ചിലർ പറയുന്നു.

ലൈംഗിക ധാർമികതയെ കുറിച്ചുള്ള മലയാളി വിദ്യാർഥിനികളുടെ കാഴ്ചപ്പാട് ഏറെ മാറിയിരിക്കുന്നു. ഒരു ബോയ്മേറ്റെങ്കിലും ഇല്ലെങ്കിൽ ക്യാമ്പസിൽ തലയുയർത്തി നടക്കാൻ വയ്യാ എന്ന് ഇത്തരക്കാർ ചിന്തിക്കുന്നു. അതുപോലെ വെള്ളമടിച്ച് അഴിഞ്ഞാട്ടം നടത്തുന്നതും അവിടത്തെ പതിവ് സംഭവമാണെന്നും പറയപ്പെടുന്നു.

ഇത് മാത്രമല്ല, നാട്ടിലേക്ക് വരുമ്പോഴും തിരിച്ച് പോകുമ്പോഴും ഇവരിൽ പലരും ലൈംഗിക ബന്ധം ആസ്വദിക്കാൻ പുതുവഴികൾ തേടുന്നു. ട്രെയ്നിനെക്കാൾ ഹൈടെക് സ്ലീപ്പർ ബസുകളാണ് ചില വിദ്യാർഥികൾ ഇപ്പോൾ തിരഞ്ഞെടുക്കുന്നത്. ട്രെയിനിലെ ബർത്തിനെക്കാൾ സൗകര്യമായി രണ്ടു പേർക്കു കിടക്കാവുന്ന ബർത്തുകളാണ് ആധുനിക ബസ്സുകളിലുള്ളത്. കർട്ടന്റെ സ്വകാര്യത, പുതയ്ക്കാൻ കമ്പിളി... മറ്റ് ശല്യങ്ങളൊന്നുമില്ല!

ഉന്നത വിദ്യാഭ്യാസത്തിനായി പണം നൽകി മക്കളെ അന്യസംസ്ഥാനത്തേക്ക് അയച്ചത് കൊണ്ട് മാത്രം മാതാപിതാക്കളുടെ കടമ തീർന്നെന്ന് വിചാരിക്കരുത്. തങ്ങളുടെ കണ്ണിന്റെയും കാതിന്റെയും പരിധിക്ക് പുറത്താണ് മാതാപിതാക്കളെന്ന് കരുതുന്നതു കൊണ്ടും അതിലുപരി മതബോധമില്ലായ്മയുമാണ് ഇവരെ 'അതിരുകളില്ലാത്ത സ്വാതന്ത്ര്യം' ആസ്വദിക്കുവാൻ പ്രേരിപ്പിക്കുന്നത്. എന്റെ മക്കൾ വഴി തെറ്റി പോകില്ല എന്ന മുൻവിധി തിരുത്തണം. താൻ ചെയ്യുന്ന പാപം സ്വന്തക്കാർ ആരും അറിയില്ലെങ്കിലും സ്രഷ്ടാവ് എല്ലാം അറിയുന്നു എന്ന ബോധം മക്കൾക്ക് പകർന്നു നൽകാൻ രക്ഷിതാക്കൾക്കാകണം.

മുഹമ്മദ് നബിﷺ: 10

ലേഖനം

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com



# പരസ്യ പ്രബോധനം: ക്വുറൈശികൾ എതിർപ്പിന്റെ വഴിയിൽ

മുഹമ്മദ് നബിﷺയുടെ പ്രബോധനങ്ങൾ മക്കയിൽ പ്രകടമായ മറ്റു പ്രബോധനങ്ങളെ പോലെത്തന്നെ വളരെ പെട്ടെന്ന് അവസാനിക്കുമെന്നാണ് ക്വുറൈശികൾ കരുതിയത്. എന്നാൽ നബിﷺ തന്റെ പ്രബോധനം പരസ്യമാക്കുകയും വിഗ്രഹാരാധനക്കെതിരെ സംസാരിക്കാൻ തുടങ്ങുകയും വിഗ്രഹങ്ങൾക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യുവാൻ കഴിയില്ല എന്ന സത്യം ജനങ്ങളോട് തുറന്നു പറയുകയും ചെയ്തതോടുകൂടി ക്വുറൈശികൾ അപകടം മണത്തു. ഈ പ്രബോധനം ഇങ്ങനെ മുന്നോട്ടു പോയാൽ എല്ലാ വീടുകളിലും കയറിച്ചെല്ലുമെന്നും എന്നും നിലനിൽക്കുമെന്നും അവർ തിരിച്ചറിഞ്ഞു. അതിനാൽ ക്വുറൈശികൾ തുടക്കത്തിൽ നബിﷺയോട് സന്ധിയാകാൻ ശ്രമിച്ചു. പ്രവാചകനെതിരെ ഒന്നും പ്രവർത്തിക്കാൻ അവർ തുനിഞ്ഞില്ല. പക്ഷേ, ഏകനായ അല്ലാഹുവിനെ മാത്രമെ ആരാധിക്കാവൂ എന്ന് ശക്തമായി പ്രഖ്യാപിച്ചപ്പോൾ പ്രവാചകനോട് അവർക്ക് വെറുപ്പും വിദ്വേഷവും തോന്നിത്തുടങ്ങി.

പ്രവാചകന്റെ പിതൃവ്യൻ അബൂത്വാലിബ് ഒഴികെ മറ്റുള്ളവരെല്ലാം പ്രവാചകനെതിരിൽ അണിനിരക്കുകയും ശത്രുത പ്രകടിപ്പിക്കുകയും ചെയ്തു. അബൂത്വാലിബാകട്ടെ പ്രവാചകന് വേണ്ടി നിലകൊള്ളുകയും ശത്രുക്കളിൽ നിന്ന് പ്രവാചകനെ തടയുകയും ചെയ്തു. അല്ലാഹുവിന്റെ കൽപന പ്രകാരം നബിﷺ തന്റെ ദൗത്യവുമായി മുന്നോട്ടു നീങ്ങി. വിഗ്രഹാരാധനയുടെ നിരർഥമകത ജനങ്ങളെ ഉണർത്തിക്കൊണ്ടിരുന്നു. പ്രവാചകത്വത്തിന്റെ നാലാം വർഷത്തിലായിരുന്നു ഇതെല്ലാം. തങ്ങൾക്ക് പരിചയമില്ലാത്ത കാര്യങ്ങൾ കേട്ടപ്പോൾ പ്രവാചകന്റെ പ്രബോധനത്തെ അതിശക്തമായ നിലയിൽ അവർ എതിർക്കുകയും വെറുക്കുകയും ചെയ്തു. തുടർന്ന് പ്രവാചകനെയും അനുചരന്മാരെയും ഇല്ലായ്മ ചെയ്യുക എന്നുള്ളത് അവരുടെ ഒരു ലക്ഷ്യമായി മാറുകയും ചെയ്തു.

“എന്നാൽ സത്യനിഷേധികൾ ദുരഭിമാനത്തിലും കക്ഷിമാത്സര്യത്തിലുമാകുന്നു. അവർക്ക് മുമ്പ് എത്രയെത്ര തലമുറകളെ നാം നശിപ്പിച്ചു. അപ്പോൾ അവർ മുറവിളികൂട്ടി. എന്നാൽ അത് രക്ഷപ്രാപിക്കാനുള്ള സമയമല്ല. അവരിൽ നിന്നുതന്നെയുള്ള ഒരു താക്കീതുകാരൻ അവരുടെ അടുത്തു വന്നതിൽ അവർക്ക് ആശ്ചര്യം തോന്നിയിരിക്കുന്നു. സത്യനിഷേധികൾ പറഞ്ഞു: ഇവൻ കള്ളവാദിയായ ഒരു ജാലവിദ്യക്കാരനാകുന്നു. ഇവൻ പല ദൈവങ്ങളെ ഒരൊറ്റ ദൈവമാക്കിയിരിക്കുകയാണോ? തീർച്ചയായും ഇത് ഒരു അത്ഭുതകരമായ കാര്യം തന്നെ! അവരിലെ പ്രധാനികൾ (ഇപ്രകാരം പറഞ്ഞു കൊണ്ട്) പോയി: നിങ്ങൾ മുന്നോട്ട് പോയിക്കൊള്ളുക. നിങ്ങളുടെ ദൈവങ്ങളുടെ കാര്യത്തിൽ നിങ്ങൾ ക്ഷമാപൂർവം ഉറച്ചുനിൽക്കുകയും ചെയ്യുക. തീർച്ചയായും ഇത് ഉദ്ദേശപൂർവം ചെയ്യപ്പെടുന്ന ഒരു കാര്യം തന്നെയാകുന്നു. അവസാനത്തെ മതത്തിൽ ഇതിനെ പറ്റി ഞങ്ങൾ കേൾക്കുകയുണ്ടായിട്ടില്ല. ഇത് ഒരു കൃത്രിമ സൃഷ്ടി മാത്രമാകുന്നു” (സ്വാദ്: 2-7)

പൂർവ പിതാക്കളോടുള്ള അന്ധമായ അനുകരണമയിരുന്നു പ്രവാചകനെ അവർ എതിർക്കുവാനും നിഷേധിക്കാനുമുള്ള പ്രധാന കാരണം. ഈ അന്ധമായ അനുകരണമാകട്ടെ ജാഹിലിയ്യത്തിന്റെയും പൈശാചികതയുടെയും ഭാഗമാണ്. അല്ലാഹു പറയുന്നു:

“അല്ലാഹു അവതരിപ്പിച്ചതിനെ നിങ്ങൾ പിന്തുടരൂ എന്ന് അവരോട് പറയപ്പെട്ടാൽ; അല്ല, ഞങ്ങളുടെ പിതാക്കൾ എന്തൊന്നിൽ നിലകൊള്ളുന്നതായി ഞങ്ങൾ കണ്ടുവോ അതിനെയാണ് ഞങ്ങൾ പിന്തുടരുക എന്നായിരിക്കും അവർ പറയുക. പിശാച് ജ്വലിക്കുന്ന നരകശിക്ഷയിലേക്കാണ് അവരെ ക്ഷണിക്കുന്നതെങ്കിൽ പോലും (അവരതിനെ പിന്തുടരുകയോ?)” (ലുക്മാൻ: 21)

മനുഷ്യനും സത്യത്തിനും ഇടയിൽ വരുന്ന വലിയ ഒരു മറയാണ് പൂർവപിതാക്കളെ അന്ധമായി പിൻപറ്റുക എന്നത്. കാരണം തങ്ങളുടെ മതത്തെ അവരുടെ പിതാക്കളിൽ നിന്നാണ് ചിന്തയോ ആലോചനയോ ഇല്ലാതെ അവർ സ്വീകരിച്ചത്. നാട്ടിൽ കാലങ്ങളായി നിലവിലുള്ള സമ്പ്രദായങ്ങളും അനന്തരമായി തങ്ങൾക്ക് ലഭിച്ച വിശ്വാസ ആചാരങ്ങളും നബിമാർ എതിർത്തു എന്നുള്ളതാണ് ഓരോ കാലഘട്ടത്തിലും പ്രവാചകന്മാർക്ക് എതിരായി പ്രവർത്തിക്കാൻ നിഷേധികളെ പ്രേരിപ്പിച്ചത്. ഇത്തരം പ്രവർത്തനങ്ങൾ തെറ്റാണ് എന്ന് ബോധ്യപ്പെടുത്തിക്കൊടുക്കാൻ ശ്രമിക്കുമ്പോൾ അതിലേക്ക് ശ്രദ്ധകൊടുക്കാൻ പോലും അവർ തയ്യാറുണ്ടായിരുന്നില്ല. മറിച്ച് തെറ്റുകൾ ബോധ്യപ്പെടുത്തിക്കൊടുക്കുന്നവരെ എതിർക്കുകയും തങ്ങളുടെ നാടിന്റെ വിശ്വാസാചാരങ്ങളെ ശക്തിപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തിരുന്നു അവർ.

“അല്ല, ഞങ്ങളുടെ പിതാക്കൾ ഒരു മാർഗത്തിൽ നിലകൊള്ളുന്നതായി ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു. തീർച്ചയായും ഞങ്ങൾ അവരുടെ കാൽപാടുകളിൽ നേർമാർഗം കണ്ടെത്തിയിരിക്കയാണ് എന്നാണ് അവർ പറഞ്ഞത്. അതുപോലെത്തന്നെ നിനക്ക് മുമ്പ് ഏതൊരു രാജ്യത്ത് നാം താക്കീതുകാരനെ അയച്ചപ്പോഴും ഞങ്ങളുടെ പിതാക്കളെ ഒരു മാർഗത്തിൽ നിലകൊള്ളുന്നവരായി ഞങ്ങൾ കണ്ടെത്തിയിരി

**മനുഷ്യനും സത്യത്തിനും ഇടയിൽ വരുന്ന വലിയ ഒരു മറയാണ് പൂർവപിതാക്കളെ അന്ധമായി പിൻപറ്റുക എന്നത്. കാരണം തങ്ങളുടെ മതത്തെ അവരുടെ പിതാക്കളിൽ നിന്നാണ് ചിന്തയോ ആലോചനയോ ഇല്ലാതെ അവർ സ്വീകരിച്ചത്. നാട്ടിൽ കാലങ്ങളായി നിലവിലുള്ള സമ്പ്രദായങ്ങളും അനന്തരമായി തങ്ങൾക്ക് ലഭിച്ച വിശ്വാസ ആചാരങ്ങളും നബിമാർ എതിർത്തു എന്നുള്ളതാണ് ഓരോ കാലഘട്ടത്തിലും പ്രവാചകന്മാർക്ക് എതിരായി പ്രവർത്തിക്കാൻ നിഷേധികളെ പ്രേരിപ്പിച്ചത്. ഇത്തരം പ്രവർത്തനങ്ങൾ തെറ്റാണ് എന്ന് ബോധ്യപ്പെടുത്തിക്കൊടുക്കാൻ ശ്രമിക്കുമ്പോൾ അതിലേക്ക് ശ്രദ്ധകൊടുക്കാൻ പോലും അവർ തയ്യാറുണ്ടായിരുന്നില്ല.**

ക്കുന്നു; തീർച്ചയായും ഞങ്ങൾ അവരുടെ കാൽപാടുകളെ അനുഗമിക്കുന്നവരാകുന്നു എന്ന് അവിടെയുള്ള സുഖലോലുപൻമാർ പറയാതിരുന്നിട്ടില്ല" (അസ്സുഖ്റുഫ്: 22,23).

മുഹമ്മദ് നബിﷺയുടെ സത്യസന്ധത അബൂത്വാലിബ് മനസ്സിലാക്കിയിരുന്നു. മുഹമ്മദ് നബിﷺക്ക് വേണ്ടി അദ്ദേഹം പ്രതിരോധിക്കുകയും നബിയോട് സ്നേഹം കാണിക്കുകയും നന്മ ചെയ്തു കൊടുക്കുകയും ചെയ്തിരുന്നു. ശിർക്കിൽ നിലകൊള്ളുന്നുവെങ്കിലും അബൂത്വാലിബിനെ സംബന്ധിച്ചിടത്തോളം അല്ലാഹുവിന്റെ സൃഷ്ടികളിൽ ഏറ്റവും ഇഷ്ടമുള്ളത് പ്രവാചകനായിരുന്നു. ഇത് അല്ലാഹുവിന്റെ ഒരു പരീക്ഷണത്തിന്റെ ഭാഗം കൂടിയാണ്. പ്രകൃത്യായുള്ള ഒരു പ്രത്യേകമായ സ്നേഹമായിരുന്നു അബൂത്വാലിബിന് മുഹമ്മദ് നബിയോട് ഉണ്ടായിരുന്നത്. ഒരിക്കലും മതപരമായ മാർഗത്തിലുള്ള സ്നേഹം ആയിരുന്നില്ല അത്. അബൂത്വാലിബ് തന്റെ ജനതയുടെ പാരമ്പര്യ മതത്തിൽ തന്നെ തുടർന്നു വന്നതും അല്ലാഹുവിന്റെ യുക്തിയുടെ ഒരു ഭാഗമായിരുന്നു. അബൂത്വാലിബ് ഇസ്‌ലാം സ്വീകരിച്ചിരുന്നുവെങ്കിൽ അ മുസ്‌ലിംകൾക്കിടയിൽ അദ്ദേഹത്തിന്റെ വാക്കുകൾക്കോ കൽപനകൾക്കോ ഒരു സ്ഥാനവും ഉണ്ടാകുമായിരുന്നില്ല. മാത്രവുമല്ല അവർ അദ്ദേഹത്തെ ഭയപ്പെടുകയോ ആദരിക്കുകയോ ചെയ്യുമായിരുന്നില്ല.

മുഹമ്മദ് നബിﷺ കൊണ്ടുവന്ന ആദർശം സത്യമാണ് എന്നത് മക്കയിലെ നിഷേധികളുടെ മനസ്സുകളിൽ ഉണ്ടായിരുന്നു. പക്ഷേ, അവർ തങ്ങളുടെ ഇച്ഛകൾക്ക് മുൻഗണന നൽകി. തങ്ങളുടെ പൂർവ പിതാക്കളെ അന്ധമായി അനുകരിക്കുന്നതിന് അവർ ആധികാരികത കൽപിച്ചു. നബിﷺയെ പിൻപറ്റുന്നതിനെ അവഗണിക്കുകയും ചെയ്തു.

"(നബിയേ,) അവർ പറയുന്നത് നിനക്ക് വ്യസനമുണ്ടാക്കുന്നുണ്ട് എന്ന് തീർച്ചയായും നമുക്ക് അറിയാം. എന്നാൽ (യഥാർഥത്തിൽ) നിന്നെയല്ല അവർ നിഷേധിച്ചു തള്ളുന്നത്. പ്രത്യുത, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെയാണ് ആ അക്രമികൾ നിഷേധിക്കുന്നത്" (അൽഅൻആം: 33).

മുഹമ്മദ് നബിﷺ തന്റെ പ്രബോധനത്തിൽ ഉറച്ചുനിൽക്കുന്നതും തങ്ങളുടെ ആരാധനാ വസ്തുക്കളുടെ ന്യൂനതകൾ എടുത്തുപറയുന്നതും ക്വുറൈശികളിലെ സത്യനിഷേധികൾ കണ്ടു. അബൂത്വാലിബ് നബിﷺയുടെ കൂടെ നിൽക്കുകയും സഹായിക്കുകയും അദ്ദേഹത്തെ തങ്ങൾക്ക് ഏൽപിച്ചു തരാതിരിക്കുകയും ചെയ്യുന്നത് അവരുടെ ദേഷ്യം വർധിക്കാൻ കാരണമായി. താമസിയാതെ ക്വുറൈശികളിലെ പ്രധാനികളെല്ലാവരും അബൂത്വാലിബിന്റെ അടുക്കലേക്ക് ചെല്ലുകയാണ്. ഉത്ബത്, ശൈബത്, അബൂസുഫ്‌യാൻ, അബുൽ ബുഖ്തരി, അസ്‌വദ്ബ്നുൽ മുത്ത്വലിബ്, അബൂജഹൽ, അംറുബ്നു ഹിഷാം, വലീദുബ്നു മുഗീറ, നബീഹ്, മുനബ്ബിഹ്, ആസ്വുബ്നു വാഇൽ തുടങ്ങിയവരായിരുന്നു ആ പ്രധാനികൾ. അവർ പറഞ്ഞു: 'അല്ലയോ അബൂത്വാലിബ്! താങ്കളുടെ സഹോദരപുത്രൻ ഞങ്ങളുടെ ആരാധ്യവസ്തുക്കളെ അസഭ്യം പറയുന്നു. ഞങ്ങളുടെ മതത്തെ മോശമാക്കി പറയുന്നു. ഞങ്ങളുടെ ചിന്തകൾ ഭോഷത്തരമായി ചിത്രീകരിക്കുന്നു. ഞങ്ങളുടെ പിതാക്കന്മാർ വഴിപിഴച്ചവരെന്നു പറയുന്നു. ഞങ്ങളിൽനിന്നും മുഹമ്മദിനെ തടയണം. അല്ലെങ്കിൽ താങ്കൾ ഞങ്ങൾക്കിടയിൽ നിന്ന് മാറിനിൽക്കണം. കാരണം മുഹമ്മദിന്റെ ആദർശത്തിന് എതിരിൽ ഞങ്ങൾ എന്തൊരു നിലപാടിലാണ് ഉള്ളത് അതേ നിലപാടിൽ തന്നെയാണ് താങ്കളും ഉള്ളത്. അതുകൊണ്ട് മുഹമ്മദിന്റെ കാര്യം നോക്കാൻ ഞങ്ങൾ മതിയായവരാണ്.'

അബൂത്വാലിബ് മാന്യമായ നിലയിൽ നല്ല വാക്കുകൾ പറഞ്ഞുകൊണ്ട് അവരെ പിരിച്ചുവിട്ടു. അവരാകട്ടെ അബൂത്വാലിബിന്റെ മറുപടി പ്രതീക്ഷിച്ചുകൊണ്ട് പിരിഞ്ഞുപോവുകയും ചെയ്തു. ഇബ്നു അബ്ബാസ്ؓ പറയുന്നു: "വലീദുബ്നു മുഗീറ നബിﷺയുടെ അടുക്കലേക്ക് വന്നു. നബിﷺ അദ്ദേഹത്തിന് ക്വുർആൻ ഓതിക്കേൾപിച്ചു. അതോടെ വലീദിന്റെ മനസ്സ് ഒന്ന് ലോലമായി. ഇത് അറിഞ്ഞപാടെ അബൂജഹൽ വലീദിനെ കാണാൻ ചെന്നു. എന്നിട്ട് പറഞ്ഞു: 'അങ്ങയുടെ ജനത അങ്ങേക്കുവേണ്ടി സമ്പത്ത് ഒരുക്കൂട്ടുകയാണ്.' വലീദ് ചോദിച്ചു: 'എന്തിനാണത്?' അബൂജഹൽ പറഞ്ഞു: 'താങ്കൾക്ക് നൽകുവാൻ വേണ്ടി. നിങ്ങൾ മുഹമ്മദിന്റെ അടുക്കലേക്ക് ചെന്ന വിവരം ഞങ്ങൾ അറിഞ്ഞിട്ടുണ്ട്.' അപ്പോൾ വലീദ് പറഞ്ഞു: 'അല്ലയോ അബൂജഹൽ, ഞാൻ വലിയ ഒരു സമ്പന്നനാണ് എന്ന് ക്വുറൈശികൾക്ക് അറിയാമല്ലോ.' (എനിക്കു പണത്തിന് ആവശ്യം ഇല്ല എന്നർഥം) അപ്പോൾ അബൂജഹൽ പറഞ്ഞു: 'എങ്കിൽ മുഹമ്മദിനെ വെറുക്കുന്ന രൂപത്തിൽ എന്തെങ്കിലും മുഹമ്മദിനെ കുറിച്ച് പറയൂ.' അപ്പോൾ വലീദ് പറഞ്ഞു: 'ഞാൻ എന്തു പറയാനാണ്? അല്ലാഹുവാണ് സത്യം! നിങ്ങളുടെ കൂട്ടത്തിൽ എന്നെക്കാൾ കവിത അറിയാവുന്ന ആരും

തന്നെയില്ല. കവിതകളുടെ ഈണങ്ങളും താളങ്ങളും എന്നെപ്പോലെ അറിയാവുന്ന മറ്റൊരാളും ഇവിടെ ഇല്ല. ജിന്നുകളുടെ കവിതകൾ പോലും അറിയുന്നവനാണ് ഞാൻ. അല്ലാഹുവാണ് സത്യം! മുഹമ്മദിൽ നിന്ന് ഞാൻ കേട്ടത് ഇതൊന്നുമല്ല. അല്ലാഹുവാണ് സത്യം! മുഹമ്മദിൽ നിന്ന് ഞാൻ കേട്ട വാക്കുകൾക്ക് ഒരു മാധുര്യമുണ്ട്. അതിലൊരു ഒഴുക്കുണ്ട്. അതിന്റെ മുകൾഭാഗം ഫലം നിറഞ്ഞതാണ്. അതിന്റെ താഴ്ഭാഗം ശക്തമായ ഒഴുക്കുള്ളതാണ്. അത് ഉയർന്നുകൊണ്ടിരിക്കും. അതിന്റെ മുകളിൽ മറ്റൊന്നും ഉയരുകയില്ല. അതിന്റെ താഴെയുള്ള എല്ലാറ്റിനെയും അത് തകർത്തുകളയും.'

ഇതെല്ലാം കേട്ടപ്പോൾ അബൂജഹൽ പറഞ്ഞു: 'മുഹമ്മദിനെതിരെ എന്തെങ്കിലുമൊന്ന് പറയാതെ നിന്റെ ആളുകൾ നിന്റെ കാര്യത്തിൽ ഒരിക്കലും തൃപ്തിപ്പെടുകയില്ല.'

അപ്പോൾ വലീദ് പറഞ്ഞു: 'എങ്കിൽ എന്നെ വിട്ടേക്കൂ. ഞാനൊന്നു ചിന്തിക്കട്ടെ.'

അൽപനേരം ചിന്തിച്ച ശേഷം വലീദ് പറഞ്ഞു: 'ഇത് ഒരു സിഹ്റാണ്. ആരോ സിഹ്റ് ചെയ്ത സ്വാധീനമാണ്.'

ഈ വിഷയത്തിലാണ് വിശുദ്ധ ക്വുർആനിലെ ഈ വചനങ്ങൾ അവതരിച്ചത്:

"എന്നെയും ഞാൻ ഏകനായിക്കൊണ്ട് സൃഷ്ടിച്ച ഒരുത്തനെയും വിട്ടേക്കുക. അവന്ന് ഞാൻ സമൃദ്ധമായ സമ്പത്ത് ഉണ്ടാക്കി കൊടുക്കുകയും ചെയ്തു. സന്നദ്ധരായി നിൽക്കുന്ന സന്തതികളെയും. അവന്നു ഞാൻ നല്ല സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തു. പിന്നെയും ഞാൻ കൂടുതൽ കൊടുക്കണമെന്ന് അവൻ മോഹിക്കുന്നു. അല്ല, തീർച്ചയായും അവൻ നമ്മുടെ ദൃഷ്ടാന്തങ്ങളോട് മാത്സര്യം കാണിക്കുന്നവനായിരിക്കുന്നു. പ്രയാസമുള്ള ഒരു കയറ്റം കയറാൻ നാം വഴിയെ അവനെ നിർബന്ധിക്കുന്നതാണ്. തീർച്ചയായും അവനൊന്നു ചിന്തിച്ചു, അവനൊന്നു കണക്കാക്കുകയും ചെയ്തു. അതിനാൽ അവൻ നശിക്കട്ടെ. എങ്ങനെയാണവൻ കണക്കാക്കിയത്? വീണ്ടും അവൻ നശിക്കട്ടെ, എങ്ങനെയാണവൻ കണക്കാക്കിയത്? പിന്നീട് അവനൊന്നു നോക്കി. പിന്നെ അവൻ മുഖം ചുളിക്കുകയും മുഖം കറുപ്പിക്കുകയും ചെയ്തു. പിന്നെ അവൻ പിന്നോട്ട് മാറുകയും അഹങ്കാരം നടിക്കുകയും ചെയ്തു. എന്നിട്ടവൻ പറഞ്ഞു: ഇത് (ആരിൽ നിന്നോ) ഉദ്ധരിക്കപ്പെടുന്ന മാരണമല്ലാതെ മറ്റൊന്നുമല്ല. ഇത് മനുഷ്യന്റെ വാക്കല്ലാതെ മറ്റൊന്നുമല്ല" (അൽമുദ്ദസ്സിർ: 11-25).


നബിﷺ തന്റെ പ്രബോധന പ്രവർത്തനം തുടർന്നുകൊണ്ടേയിരുന്നു. അല്ലാഹുവിന്റെ ദീനിനെ ഉറക്കെ പ്രഖ്യാപിച്ചും അതിലേക്കു ക്ഷണിച്ചും അദ്ദേഹം മുന്നേറി. അങ്ങനെയിരിക്കെ ഹജ്ജിന്റെ സമയം വന്നു. ഹജ്ജിനു വരുന്നവർ പ്രവാചകനെ കാണുമെന്നും പ്രവാചകന്റെ കാര്യങ്ങൾ അവർ അറിയുമെന്നും ക്വുറൈശികൾ മനസ്സിലാക്കി. 'മുഹമ്മദും ഹജ്ജിനു വരുന്നവരും തമ്മിൽ കണ്ടു മുട്ടാതിരിക്കാൻ എന്തുണ്ട് മാർഗം' എന്ന് അവർ കൂടിയാലോചന നടത്തി. കാരണം മുഹമ്മദിന്റെ വാക്കുകൾ ഹജ്ജിനു വരുന്നവരിൽ സ്വാധീനം ഉണ്ടാക്കും. ക്വുറൈശികളിലെ എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണ് മുഹമ്മദ് സത്യസന്ധനും വിശ്വസ്തനുമാണ് എന്നുള്ളത്. അതുകൊണ്ടുതന്നെ മുഹമ്മദ് ഒരു സാഹിർ (മാരണക്കാരൻ) ആണ് എന്ന് പറയാം എന്ന വിഷയത്തിൽ അവർ എല്ലാവരും യോജിച്ചു.

ക്വുറൈശി നേതാക്കൾ ഈ അഭിപ്രായത്തിൽ യോജിച്ചതിനുശേഷം അത് നടപ്പിലാക്കുവാൻ വേണ്ടി ഇറങ്ങിത്തിരിച്ചു. ഹജ്ജിനു വേണ്ടി ആളുകൾ വരുന്ന വഴികളിൽ അവർ ഇരുന്നു. ആരെ കണ്ടാലും അവർ പറയും: 'മുഹമ്മദിനെ സൂക്ഷിക്കണം. മുഹമ്മദ് എന്ന് പറയുന്ന വ്യക്തി ഇവിടെയുണ്ട്.' മുഹമ്മദ് നബിﷺയിൽ നിന്നും ആളുകളെ അകറ്റിക്കളയാനുള്ള ശ്രമമായിരുന്നു അത്. അബൂലഹബ് ആയിരുന്നു ഇതിന്റെ മുന്നിലുണ്ടായിരുന്നത്. ഉക്കാദ ചന്തയിലും ദുൽമിജന്നയിലും ആളുകളെ പിന്തുടർന്നുകൊണ്ട് നബിﷺ ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്ന ആദർശത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുമായിരുന്നു. അല്ലാഹുവിങ്കൽ നിന്നും നിയോഗിക്കപ്പെട്ട പ്രവാചകനാണ് ഞാൻ എന്ന് ജനങ്ങളോട് പറയുമായിരുന്നു.

അബൂലഹബ് പ്രവാചകനെ പിന്തുടർന്നുകൊണ്ട് പറയും: 'അല്ലയോ ജനങ്ങളേ, മുഹമ്മദിനെ അനുസരിക്കരുത്. മുഹമ്മദ് പറയുന്നത് കേൾക്കരുത്. അവൻ മതം മാറിയവനാണ്. അവൻ നുണയനാണ്.'

ഹജ്ജ് കഴിഞ്ഞ് ജനങ്ങൾ തിരിച്ചുപോയതോടുകൂടി അറേബ്യൻ രാജ്യത്ത് മുഴുവൻ പ്രവാചൻﷺ സംസാരവിഷയമായി. അറബികൾ മുഴുവൻ മുഹമ്മദിനെതിരെ പടനയിക്കുമോ എന്ന പേടിയും അബൂത്വാലിബിന് ഉണ്ടായി. അബൂതാലിബിന്റെ സുദീർഘമായ കവിതകൾ ഈ വിഷയത്തിലുണ്ട്. ●

ഇ.യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
ynadwi@gmail.com



# മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയും പരിഷ്‌ക്കരണ ചിന്തകളും

**കേരളത്തിലെ മുസ്‌ലിം സമുദായത്തെ വിശ്വാസപരമായും വിദ്യാഭ്യാസപരമായും പിന്നോട്ട് നയിച്ചതിൽ ഇവിടുത്തെ പുരോഹിത-പണ്ഡിത വർഗത്തിന്റെ പങ്ക് തുല്യതയില്ലാത്തതാണ്. നവോത്ഥാനത്തിന്റെ കണക്കെടുപ്പ് നടക്കുമ്പോഴെല്ലാം പുരോഗമന പ്രസ്ഥാനങ്ങളിൽ മാത്രം പേരുകൾ വന്ന് നിറയുന്നത് ഇവരെ തെല്ലൊന്നുമല്ല അലോസരപ്പെടുത്തുന്നത്. ഇതിനെ മറികടക്കാൻ പുരോഹിതവർഗം നടത്തുന്ന ശ്രമങ്ങളുടെ ഭാഗമാണ് മൺമറഞ്ഞ നവോത്ഥാന നായകരുടെ ചരിത്രത്തിന് പുനർരചന നിർവഹിക്കുക എന്നത്. അതിൽ ഏറ്റവും പ്രധാനിയാണ് മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി. ചാലിലകത്തിന്റെ പരിഷ്‌കരണ പ്രവർത്തനങ്ങൾക്ക് സമസ്തയുമായി എന്തെങ്കിലും ബന്ധമുണ്ടോ? ചരിത്രപരമായ അവലോകനം.**

മലപ്പുറം ജില്ലയിലെ മുട്ടിപ്പടിയിലെ സമസ്തയുടെ സ്ഥാപനത്തിൽ ആയിരങ്ങളെ സാക്ഷിയാക്കിക്കൊണ്ട് പുതുവർഷത്തലേന്ന് കേരളത്തിന്റെ മുഖ്യമന്ത്രി പിണറായി വിജയൻ നടത്തിയ വസ്തുതാപരമായ ചില പരാമർശങ്ങൾ ഇതിനോടകം ചർച്ചയായിട്ടുണ്ട്. മുസ്‌ലിം നവോത്ഥാനത്തിന്റെ വക്താക്കളായി അദ്ദേഹം തെളിവുകൾ സഹിതം സമർഥിച്ചത് വക്കം അബ്ദുൽഖാദിർ മൗലവി, സയ്യിദ് സനാഉല്ലാ മക്ദി തങ്ങൾ, ചാലിലകത്ത് കുഞ്ഞഹമ്മദ്ഹാജി തുടങ്ങിയവരെയാണ്. ശുദ്ധമായ മലയാള ഭാഷക്ക് വേണ്ടി ഇവർ നൽകിയ മഹത്തായ സംഭാവനകൾ എണ്ണിയെണ്ണിപ്പറഞ്ഞ മുഖ്യമന്ത്രിയുടെ സംസാരം അക്ഷരാർഥത്തിൽ സദസ്സിൽ ഉണ്ടായിരുന്ന സമസ്ത ബറേലവി വിഭാഗം പുരോഹിതന്മാരെ പ്രതിസന്ധിയിലാക്കി. കാരണം ചരിത്രപരമായ ഈ യാഥാർഥ്യങ്ങളെ തമസ്‌കരിക്കാൻ പാടുപെടുന്നവരായിരുന്നു അവർ. പ്രസംഗിക്കുന്നത് മുഖ്യമന്ത്രിയായതിനാൽ തുണ്ട് കൊടുത്ത് പ്രസംഗം അവസാനിപ്പിക്കാനും മൈക്ക് ഓഫ് ചെയ്ത് തടസ്സപ്പെടുത്താനും സാധിക്കാത്ത അവസ്ഥ.

തനിക്ക് ലഭിച്ച സമയത്തിനുള്ളിൽ കേരള മുസ്‌ലിം നവോത്ഥാനത്തിനും ശുദ്ധമായ മലയാള ഭാഷക്കും സ്ത്രീ വിദ്യാഭ്യാസത്തിനും മറ്റുമായി ഇസ്‌ലാഹി കേരളത്തിന്റെ പ്രബുദ്ധരായ പൂർവകാല നേതാക്കൾ നൽകിയ സേവനങ്ങളും അവരുടെ നാമങ്ങളും ഒന്നിനുപുറമെ ഒന്നായി മുഖ്യമന്ത്രി എണ്ണിയെണ്ണിപ്പറഞ്ഞപ്പോൾ, സുന്നി കൈരളിയുടെ അമരക്കാരെന്ന് 'ഇമ്മിണി ബല്യ' ഗമയിൽ കൂകിപ്പാടി കൊണ്ടുനടക്കുന്ന ഒരൊറ്റ സുന്നി/ബറെലവി നേതാക്കളുടെ നാമങ്ങളോ സേവനങ്ങളോ ഈ വേദിയിൽ മരുന്നിനുപോലും പറഞ്ഞുകേട്ടില്ല. അങ്ങനെയൊരു നവോത്ഥാന പാരമ്പര്യം ഈ പുരോഹിതന്മാർക്കില്ല എന്നതു തന്നെയാണ് സത്യം. ക്ഷമയുടെ നെല്ലിപ്പലക തകർന്ന ക്ഷുഭിതരായ പുരോഹിതന്മാർ ഒന്നും ചെയ്യാനാവാതെ, പ്രതികരിക്കാൻപോലും കഴിയാതെ വേദിയിലിരുന്ന് ഞെരിപിരികൊള്ളുന്ന കാഴ്ച ലൈവായി മലയാളികൾ കണ്ടു. സംശയരഹിതമായ നിലയിൽ കേരളത്തിന്റെ മുഖ്യമന്ത്രി ആയിരങ്ങളെ സാക്ഷിയാക്കി നടത്തിയ ഈ തുറന്നുപറച്ചിലോടെ വീണ്ടും ഒരു ചർച്ചക്ക് തുടക്കമിടുകയാണ്; കേരള മുസ്‌ലിം നവോത്ഥാനത്തിന്റെ യഥാർഥ അവകാശികൾ ആരാണ്?

ആധുനിക മദ്റസാ സംവിധാനത്തിന്റെ കേരളത്തിലെ പ്രഥമ ആവിഷ്‌ക്കാരകൻ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയാണ്.[1] ഇസ്‌ലാഹി പ്രസ്ഥാനം കേരളത്തിന്റെ മണ്ണിൽ അതിന്റെ തനതായ വേരുകൾ ഉറപ്പിക്കുന്നതിന് പതിറ്റാണ്ടുകൾക്ക് മുമ്പേ വിദ്യാഭ്യാസ രംഗത്ത് സമഗ്രമായ സംഭാവനകളും ചിന്തകളും സമർപ്പിച്ച മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയെന്ന മഹാമനുഷ്യനെ വിസ്മരിച്ചുകൊണ്ട് ഒരു മുസ്‌ലിം നവോത്ഥാനത്തിന്റെ ചരിത്രം ഇവിടെ ചർച്ച ചെയ്യാൻ സാധിക്കില്ല. മൂന്നുമുഴത്തിനപ്പുറം മുസ്‌ലിം മനസ്സുകളുടെ ചിന്തകൾ കടന്നുപോകാൻ സാഹചര്യമില്ലാതെയിരുന്ന ഒരുകാലത്ത്, മദ്റസയുടെ 'മീം' എന്ന അക്ഷരം പോലും പരിചയമില്ലാത്ത ഒരു സമൂഹത്തിലാണ് ചാലിലകത്ത് ആദ്യമായി തന്റെ പരിഷ്‌ക്കരണത്തിന്റെ വിത്തുകൾ പാകിയത്.

തന്റെ ശിഷ്യഗണങ്ങളിൽ പ്രമുഖനായ കെ.എം മൗലവിയുടെ സഹായത്തോടെ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി ഉഴുത് മറിച്ച് പാകപ്പെടുത്തിയ കേരള ഭൂമികയിൽ വിത്ത് വിതച്ച് നൂറുമേനി വിളവെടുത്തത് അദ്ദേഹത്തിന്റെ ജീവിതകാലത്ത് ശക്തരായ വിമർശകരായി നിലകൊണ്ടിരുന്ന പ്രതിപക്ഷ മുന്നണിയിലെ പിൻതലമുറക്കാരായിരുന്നുവെന്നതും അനിഷേധ്യമാണ്. 1883ൽ തുടക്കമിട്ട വെല്ലൂർ ബാഖിയാതുസ്സാലിഹാത്ത് അറബിക്കോളേജിൽ 1887ൽ ഉപരിപഠനം നടത്തിയ പ്രതിഭയാണ് ചാലിലകത്ത്. സ്ഥാപനത്തിന്റെ പ്രിൻസിപ്പലും സ്ഥാപകനുമായിരുന്ന അബ്ദുൽ വഹാബ് ഹസ്രത്ത് അവർകളുമായുള്ള വ്യക്തി ബന്ധം ചാലിലകത്തിന്റെ ജീവിതത്തിൽ ഒട്ടനവധി നവീന ചിന്തകൾക്ക് വഴിതുറക്കാൻ കാരണമായിട്ടുണ്ട്.

1924ൽ ആലുവയിൽ നടന്ന കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ രണ്ടാം വാർഷിക സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത് അബ്ദുൽജബ്ബാർ ഹസ്രത്ത് അവർകൾ ആയിരുന്നു. കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽനിന്നും എത്തിച്ചേർന്ന പണ്ഡിതന്മാരെ ഉൾപ്പെടുത്തി കേരള ജംഇയ്യത്തുൽ ഉലമയെന്ന പണ്ഡിതസംഘടനക്കും ഈ യോഗത്തിൽവെച്ച് രൂപംനൽകി. കേരള മുസ്‌ലിം ഐക്യസംഘവും കേരള ജംഇയ്യത്തുൽഉലമയും യോജിച്ച് പ്രവർത്തിക്കാനും ഈ യോഗത്തിൽ തീരുമാനമായത് ഇതോടൊപ്പം ചേർത്ത് വായിക്കേണ്ടതാണ്.



**ആധുനിക മദ്റസാ സംവിധാനത്തിന്റെ കേരളത്തിലെ പ്രഥമ ആവിഷ്‌ക്കാരകൻ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയാണ്. ഇസ്‌ലാഹി പ്രസ്ഥാനം കേരളത്തിന്റെ മണ്ണിൽ അതിന്റെ തനതായ വേരുകൾ ഉറപ്പിക്കുന്നതിന് പതിറ്റാണ്ടുകൾക്ക് മുമ്പേ വിദ്യാഭ്യാസ രംഗത്ത് സമഗ്രമായ സംഭാവനകളും ചിന്തകളും സമർപ്പിച്ച മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയെന്ന മഹാമനുഷ്യനെ വിസ്മരിച്ചുകൊണ്ട് ഒരു മുസ്‌ലിം നവോത്ഥാനത്തിന്റെ ചരിത്രം ഇവിടെ ചർച്ച ചെയ്യാൻ സാധിക്കില്ല. മൂന്നുമുഴത്തിനപ്പുറം മുസ്‌ലിം മനസ്സുകളുടെ ചിന്തകൾ കടന്നുപോകാൻ സാഹചര്യമില്ലാതെയിരുന്ന ഒരുകാലത്ത്, മദ്റസയുടെ 'മീം' എന്ന അക്ഷരം പോലും പരിചയമില്ലാത്ത ഒരു സമൂഹത്തിലാണ് ചാലിലകത്ത് ആദ്യമായി തന്റെ പരിഷ്‌ക്കരണത്തിന്റെ വിത്തുകൾ പാകിയത്.**

കേരളത്തിന്റെ ഭൂമികയിൽ ഇസ്‌ലാഹി പ്രസ്ഥാനം അതിന്റെ പടയോട്ടം ആരംഭിക്കുന്നതിനും പതിറ്റാണ്ടുകൾക്ക് മുമ്പാണ് ചാലിലകത്ത് തന്റെ വ്യക്തിഗതമായ പരിശ്രമങ്ങൾ ആരംഭിച്ചത്. ഇസ്‌ലാഹി സംഘടനകൾക്ക് പുതിയ രൂപവും ഭാവവും പ്രത്യക്ഷപ്പെടുന്നതിനും പതിറ്റാണ്ടുകൾക്ക് മുമ്പ് ഈ രംഗത്ത് ചില പുതുപുത്തൻ ചിന്തകൾ സമർപ്പിച്ച പരിഷ്‌ക്കർത്താവ് എന്ന നിലയിൽ ചാലിലകത്തിന്റെ സേവനങ്ങൾ എന്നും സ്മരിക്കപ്പെടും. എന്നാൽ നിലവിലുള്ള എതെങ്കിലും ഇസ്‌ലാഹി സംഘടനകളുമായി അദ്ദേഹത്തെ ബന്ധപ്പെടുത്തുന്നത് ന്യായമല്ലെന്ന പക്ഷത്തിനാണ് കൂടുതൽ പിൻബലം. കേരളത്തിലെ ബറെലവി സുന്നികൾ അവരുടെ നേതാവായി ചാലിലകത്തിനെ ഉയർത്തിക്കാട്ടാൻ ശ്രമിക്കാറുണ്ട്. ഇതും നീതികരിക്കാനാവില്ല. ചാലിലകത്തിന്റെ കർമശാസ്ത്ര പുസ്തകത്തിൽ ക്വുനൂത്ത് ഉണ്ട്, അദ്ദേഹം മരണപ്പെട്ടപ്പോൾ കത്തപ്പുരകെട്ടി ക്വുർആൻ പാരായണം നടത്തി... തുടങ്ങിയവയാണ് അദ്ദേഹത്തെ 'സുന്നിയാക്കാൻ' ശ്രമിക്കുന്നവർ ഉയർത്തിക്കാട്ടുന്നത്.

ചോക്കും ബോർഡും ഡെസ്‌ക്കും ബെഞ്ചും മാപ്പും ഗ്ലോബും ഉപയോഗിച്ചുള്ള അദ്ദേഹത്തിന്റെ ആധുനിക മദ്‌റസാ സംവിധാനങ്ങൾക്കെതിരിൽ ശക്തമായ പ്രതിഷേധവും അപവാദപ്രചാരണങ്ങളുമായി രംഗം കലുഷിതമാക്കിയ ബറെലവി മുസ്‌ല്യാക്കൾ ചാലിലകത്തിന്റെ പാരമ്പര്യം അവകാശപ്പെടുന്നതിന്റെ ഗുട്ടൻസ് ഇനിയും മനസ്സിലായിട്ടില്ല. വക്ഫ് സ്വത്ത് ഉപയോഗപ്പെടുത്തി അത്യാധുനിക സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനെ വിമർശിച്ചുകൊണ്ട് രഹസ്യമായും പരസ്യമായും മദ്‌റസാ മാനേജർ കൊയപ്പത്തൊടി മുഹമ്മദ് കുട്ടി ഹാജിയെ സമ്മർദത്തിലാക്കിയ പുരോഹിതന്മാർക്ക് എങ്ങനെയാണ് ചാലിലകത്തിന്റെ ഗുരുത്വവും പൊരുത്തവും അവകാശപ്പെടാനാവുക? ചാലിലകത്ത് തവസ്സുൽ/ ഇസ്തിഗാസയെ അനുകൂലിച്ച, ദിക്ർ ഹൽക്വയിൽ പങ്കെടുത്ത സുന്നിയായിരുന്നുവെന്ന വാദമുന്നയിച്ച് അദ്ദേഹത്തെ 'ബറെലവിയ്യത്തിൽ' തളച്ചിടാൻ ശ്രമിക്കുന്നവർ യഥാർഥത്തിൽ അദ്ദേഹത്തിന്റെ ജീവിതകാലത്ത് അദ്ദേഹത്തെ കണക്കിന് ദ്രോഹിച്ചവരാണ്. കേരള മുസ്‌ലിം നവോത്ഥാനത്തിന് 'സുന്നി കൈരളിയുടെ സമഗ്ര സംഭാവനകൾ' അവകാശപ്പെടാൻ ചാലിലകത്തെ മുന്നിൽനിർത്തി ജാഥ നയിക്കുന്നവർ അക്ഷരാർഥത്തിൽ ചിരിക്ക് വകനൽകുന്നുണ്ട്.

ബ്ലാക്ക് ബോർഡിൽ ചോക്ക്കൊണ്ട് ക്വുർആൻ വചനങ്ങളും അറബിഭാഷയും എഴുതുമ്പോൾ ചോക്ക്പൊടി താഴെവീണതിൽ ചവിട്ടുന്നത് 'ഹുറുമത്ത് കേടാ'ണെന്ന് പറഞ്ഞ് ജനങ്ങളെ ഭയപ്പെടുത്തി ചാലിലകത്തിനെ വിമർശിച്ചവരുടെ പിൻഗാമികൾക്ക് ഇന്ന് ചോക്കും ബോർഡും പ്രാണവായുവിന് സമാനമാണ്. ബോർഡിൽ ക്വുർആൻ വചനങ്ങൾ എഴുതുക, സ്ത്രീ അക്ഷരവിദ്യ അഭ്യസിക്കുക തുടങ്ങിയതിന്റെ മതവിധികൾ അന്വേഷിച്ച് പരക്കം പാഞ്ഞവരുടെ പിൻഗാമികൾ ഇന്ന് എയ്ഡഡ് സ്ഥാപനങ്ങൾ അനുവദിച്ചുകിട്ടാൻ തലസ്ഥാന നഗരിയിൽ മന്ത്രിഭവനങ്ങൾക്ക് മുന്നിൽ ഊണും ഉറക്കവും ഉപേക്ഷിച്ച് കാത്തുകെട്ടിക്കിടക്കുന്ന കാഴ്ചയാണ്!

മതവിദ്യാഭ്യാസ രംഗത്ത് പുതുവിപ്ലവത്തിന് തുടക്കമിട്ട വാഴക്കാട് ദാറുൽഉലൂമിൽ ചാലിലകത്ത് പ്രയോഗവത്ക്കരിച്ച നവീന പരിഷ്‌ക്കരണങ്ങളെ അന്നുണ്ടായിരുന്ന പുരോഹിതന്മാർ വിമർശിക്കുകയും എതിർക്കുകയും ചെയ്ത സംഭവം ബറെലവി സുന്നികളും രേഖപ്പെടുത്തിയിട്ടുണ്ട്: "ഒരു പുതിയ സംരംഭം എന്ന നിലക്ക് സ്വാഭാവികമായും ഇതേക്കുറിച്ച് ചർച്ചകളും സംവാദങ്ങളും ഉടലെടുത്തു. ചില പണ്ഡിതന്മാരും സാധാരണക്കാരും ശക്തമായ എതിർപ്പുമായി രംഗത്തുവന്നു. അന്ധമായ എതിർപ്പ് ചിലരെ നയിച്ചിരിക്കാമെങ്കിലും സൂക്ഷ്മശാലികളായ പണ്ഡിതന്മാർക്കുണ്ടായ ആശങ്ക മറ്റൊന്നായിരുന്നു. ഉന്നതമായ ഒരു ദർസിനുവേണ്ടി വഖഫ് ചെയ്യപ്പെട്ട സ്വത്ത് ഇത്തരം സ്ഥാപനവത്ക്കരണത്തിനുപയോഗിക്കാമോ? ആദരവോടെ കാണേണ്ട ക്വുർആൻ വ

**ചോക്കും ബോർഡും ഡെസ്‌ക്കും ബെഞ്ചും മാപ്പും ഗ്ലോബും ഉപയോഗിച്ചുള്ള അദ്ദേഹത്തിന്റെ ആധുനിക മദ്‌റസാ സംവിധാനങ്ങൾക്കെതിരിൽ ശക്തമായ പ്രതിഷേധവും അപവാദപ്രചാരണങ്ങളുമായി രംഗം കലുഷിതമാക്കിയ ബറെലവി മുസ്‌ല്യാക്കൾ ചാലിലകത്തിന്റെ പാരമ്പര്യം അവകാശപ്പെടുന്നതിന്റെ ഗുട്ടൻസ് ഇനിയും മനസ്സിലായിട്ടില്ല. വക്ഫ് സ്വത്ത് ഉപയോഗപ്പെടുത്തി അത്യാധുനിക സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനെ വിമർശിച്ചുകൊണ്ട് രഹസ്യമായും പരസ്യമായും മദ്‌റസാ മാനേജർ കൊയപ്പത്തൊടി മുഹമ്മദ് കുട്ടി ഹാജിയെ സമ്മർദത്തിലാക്കിയ പുരോഹിതന്മാർക്ക് എങ്ങനെയാണ് ചാലിലകത്തിന്റെ ഗുരുത്വവും പൊരുത്തവും അവകാശപ്പെടാനാവുക?**

ചനങ്ങൾ ബോർഡിലെഴുതിയാൽ അത് മായ്ക്കുമ്പോൾ പൊടിനിലത്തുവീഴുന്നതും അദബ്കേടാകില്ലേ? അനുവദനീയമാണെങ്കിൽ പോലും അനഭിലഷണീയമായ കാര്യങ്ങളെ നിർബന്ധപൂർവ്വം മാറ്റിനിർത്തിയിരുന്ന സൂക്ഷ്മശാലികളായ പണ്ഡിതന്മാരുടെ ഇത്തരം ആശങ്കകളാണ് എതിർപ്പുകൾ രൂപപ്പെടാൻ കാരണം."(2)

ഇന്ത്യയിലെ അറിയപ്പെടുന്ന മതവിദ്യാഭ്യാസ കേന്ദ്രങ്ങളുടെ മാതൃക പിൻതുടർന്നുകൊണ്ട് വാഴക്കാട് ദാറുൽഉലൂം മദ്റസയെ നവീകരിക്കാൻ ഇറങ്ങിത്തിരിച്ച ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയെ അപവാദങ്ങളും കുപ്രചരണങ്ങളുംകൊണ്ട് വീർപ്പുമുട്ടിച്ചവരാണ് നിലവിലെ പൗരോഹിത്യ സമൂഹത്തിന്റെ മുൻതലമുറക്കാർ. ചാലിലകത്തിന്റെ സകലമാന പരിഷ്ക്കരണങ്ങളെയും സംശയത്തിന്റെ കണ്ണുകൾ കൊണ്ടായിരുന്നു അവർ വീക്ഷിച്ചിരുന്നത്. 'പാരമ്പര്യ ഇസ്‌ലാമിന്റെ തനിമ നഷ്ടപ്പെടുമോയെന്ന ആശങ്കയാണ്' ചാലിലകത്തിനെ ശ്വാസം മുട്ടിച്ച് പുകച്ചുചാടിക്കാൻ ഇറങ്ങിത്തിരിച്ചവർക്കുണ്ടായിരുന്നതെന്ന് ഇവർ ആലങ്കാരികമായി പറയാറുണ്ടെങ്കിലും അജ്ഞതയും അസൂയയുമായിരുന്നു ഈ കോലാഹലത്തിന് പിന്നിലെ യഥാർഥ കാരണമെന്ന് നമുക്ക് ഗ്രഹിക്കാവുന്നതേയുള്ളു. ചാലിലകത്തിന്റെ അത്യാധുനിക പരിഷ്ക്കാരങ്ങളെപ്പറ്റി പൊടിപ്പും തൊങ്ങലും വെച്ച അപവാദങ്ങളും കല്ലുവെച്ച നുണകളും പൗരോഹിത്യം വ്യാപകമായി പ്രചരിപ്പിച്ചു.

പ്രമുഖ മതവിദ്യാഭ്യാസ കേന്ദ്രമായിരുന്ന പൊന്നാനിയിലെ, പണ്ഡിത സമൂഹത്തെക്കൊണ്ട് ചാലിലകത്തിന്റെ പരിഷ്ക്കാരങ്ങളെ പരിശോധിപ്പിച്ച് അംഗീകാരം വാങ്ങിക്കാൻ സ്ഥാപനത്തിന്റെ മാനേജർ നിർബന്ധിതനായി: "പുതിയ മദ്റസയെക്കുറിച്ച് അന്വേഷിച്ച് പഠിക്കാൻ അന്നത്തെ പ്രഗത്ഭന്മാരായ പണ്ഡിതന്മാർ വാഴക്കാട്ടെത്തി. പൊന്നാനി മഖ്ദൂം ചെറിയബാവ മുസ്‌ലിയാർ, പള്ളിപ്പുറം യൂസുഫ് മുസ്‌ലിയാർ, കട്ടിലശ്ശേരി ആലിമുസ്‌ലിയാർ, രായിൻ കുട്ടി മുസ്‌ലിയാർ തുടങ്ങിയവരായിരുന്നു ആ സംഘത്തിലുണ്ടായിരുന്നത്. അവർ മദ്റസയെക്കുറിച്ച് ശരിക്കും പഠനം നടത്തി. കുട്ടികളെ പരിശോധിക്കുകയും സിലബസ് ചെക്കുചെയ്യുകയും ചെയ്തു. കുഴപ്പമൊന്നുമില്ലായെന്ന് കണ്ടപ്പോൾ അവർ അത് സമൂഹത്തോട് തുറന്നുപറഞ്ഞു. അതോടെ, ദാറുൽ ഉലൂമിലേക്ക് പഠിക്കാനായി വിദ്യാർഥികളുടെ പ്രവാഹമായിരുന്നു..."(3)

അപവാദ പ്രചാരണം കൊണ്ട് ചാലിലകത്തിനെ പുറത്ത് ചാടിക്കാനുള്ള കരുക്കൾ പൗരോഹിത്യം നീക്കിയെന്നത് 'വഹാബികളുടെ' വക കെട്ടുകഥയല്ലെന്ന് ഒരിക്കൽകൂടി വ്യക്തം. ചാലിലകത്തിന്റെ നവോത്ഥാനത്തിന്റെ യഥാർഥ പിൻഗാമികളെ തേടിയിറങ്ങുന്നവർ ഈ സംഭവങ്ങളുടെ പിതൃത്വം കൂടി ഉറപ്പുവരുത്തുന്നത് ഉചിതമാണന്ന് സാന്ദർഭികമായി ഉണർത്തട്ടെ.

**ബ്ലാക്ക് ബോർഡിൽ ചോക്ക്കൊണ്ട് ക്വുർആൻ വചനങ്ങളും അറബിഭാഷയും എഴുതുമ്പോൾ ചോക്ക് പൊടി താഴെവീണതിൽ ചവിട്ടുന്നത് 'ഹുറുമത്ത് കേടാ'ണെന്ന് പറഞ്ഞ് ജനങ്ങളെ ഭയപ്പെടുത്തി ചാലിലകത്തിനെ വിമർശിച്ചവരുടെ പിൻഗാമികൾക്ക് ഇന്ന് ചോക്കും ബോർഡും പ്രാണവായുവിന് സമാനമാണ്. ബോർഡിൽ ക്വുർആൻ വചനങ്ങൾ എഴുതുക, സ്ത്രീ അക്ഷരവിദ്യ അഭ്യസിക്കുക തുടങ്ങിയതിന്റെ മതവിധികൾ അന്വേഷിച്ച് പരക്കം പാഞ്ഞവരുടെ പിൻഗാമികൾ ഇന്ന് എയ്ഡഡ് സ്ഥാപനങ്ങൾ അനുവദിച്ചുകിട്ടാൻ തലസ്ഥാന നഗരിയിൽ മന്ത്രിഭവനങ്ങൾക്ക് മുന്നിൽ ഊണും ഉറക്കവും ഉപേക്ഷിച്ച് കാത്തുകെട്ടിക്കിടക്കുന്ന കാഴ്ചയാണ്!**

മൗലാനാ ചാലിലകത്ത് നായകനായിരുന്ന വാഴക്കാട് ദാറുൽഉലൂമിന്റെ യഥാർഥ സ്വഭാവവും അവിടെ നടന്നുവന്നിരുന്ന പ്രവർത്തനങ്ങളെയും സംബന്ധിച്ച് പ്രമുഖ പണ്ഡിതനും പ്രതിഭയുമായിരുന്ന, ചാലിലകത്തിന്റെ ജീവിത കാലത്ത് അദ്ദേഹത്തിന്റെ ശിഷ്യനായി വാഴക്കാട് ദാറുൽ ഉലൂമിൽ പഠിച്ചുവളർന്ന കുറ്റ്യാടിയിലെ അബ്ദുറഹീം മൗലവി ഇങ്ങനെ രേഖപ്പെടുത്തുന്നതായി വായിക്കാം: "ഈയുള്ളവൻ കെ.എം. മൗലവിയെ ഒന്നാമതായി കണ്ടതും പരിചയപ്പെട്ടതും വാഴക്കാട് ദാറുൽഉലൂം മദ്റസയിൽ വെച്ചാണ്. അന്ന് ഞാൻ പ്രാഥമിക വിദ്യാലയത്തിലെ ഒരു വിദ്യാർഥി ആയിരുന്നു. വാഴക്കാട് പുരാതനകാലം മുതൽ ദർസ് നടന്നുവരുന്ന ഒരു കുഗ്രാമമെന്ന നിലയിൽ ശ്രദ്ധിക്കപ്പെട്ടതാണ്. പേരും പെരുമയുമുള്ള കൊയപ്പത്തൊടി തറവാട്ടുകാരാണ് അതിന്റെ ഭാരവാഹികൾ. ഇടക്കാലത്ത് അതിന്റെ മാനേജർ പരേതനായ മുഹമ്മദ്കുട്ടി ഹാജി ആയിരുന്നു. അദ്ദേഹം വലിയ ധർമിഷ്ഠനും ധനികനുമായിരുന്നു. അദ്ദേഹത്തിന് മദ്റസ നല്ലനിലയിൽ നടത്താൻ ആശവന്നു. ഒരു മഹാപണ്ഡിതനെ കുറിച്ച് അന്വേഷിച്ചു. അക്കാലത്ത് കേരളത്തിൽ വിവിധ കലകളിൽ അസാമാന്യ പാണ്ഡിത്യമുണ്ടായിരുന്ന ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി അവർകളെ വരുത്തി ദാറുൽ ഉലൂമിന്റെ പ്രിൻസിപ്പാൾ സ്ഥാനം നൽകി. അന്ന് തൊട്ട് ദർസിന്റെ നില ശ്രുതിപ്പെട്ടു.

കേരളത്തിലെ മറ്റ് ദർസുകളിലൊന്നും ഇല്ലാത്ത അനേകം സഹായ ഫണ്ടുകൾ വാഴക്കാട് തുടങ്ങിയിട്ടുണ്ടെന്ന് കേട്ട് അനേകം വിദ്യാർഥികൾ വന്നുചേർന്നു. കൂട്ടത്തിൽ കെ.എം.മൗലവിയും ഉണ്ടായിരുന്നു. ഉയർന്ന പണ്ഡിതന്മാരായിരുന്ന സുലൈമാൻ മൗലവി, ചെറുശ്ശേരി അഹ്മദ് മൗലവി, ഖുത്തുബി മുഹമ്മദ് മൗലവി മുതലായ അനേകം പേർ ഉയർന്ന ക്ലാസ്സിൽ വന്നുചേർന്നു. കെ.എം.മൗലവി, പി.കെ.മൂസാ മൗലവി, ഇ.മൊയ്തു മൗലവി, ഇ.കെ മൗലവി, പി.പി ഉണ്ണീൻ കുട്ടി മൗലവി, പി.കെ. യൂനുസ് മൗലവി ആദിയായവർ രണ്ടാം നിരയിലും പഠിപ്പ് തുടങ്ങി. നൂറിൽപരം വിദ്യാർഥികൾ ഉള്ള അന്നത്തെ നില എത്ര സ്തുത്യർഹം! തഫ്സീർ, ഹദീസ്, ഫിഖ്ഹ്, തസ്വവ്വുഫ്, മആനി, ബദീഅ് ആദിയായവക്ക് പുറമെ തർക്ക ശാസ്ത്രം, ജ്യോതിശാസ്ത്രം, ഭൂമി ശാസ്ത്രം, സയൻസ്, ഗണിതശാസ്ത്രം മുതലായവ പഠിപ്പിക്കുന്നത് കാണാൻ പല ഭാഗത്ത് നിന്നും സന്ദർശകർ വന്നുകൊണ്ടിരുന്നു.

ഇക്കാലത്ത് കെ.എം മൗലവി സാഹിബ് പ്രിൻസിപ്പാളിന്റെ ഒരു പ്രൈവറ്റ് സെക്രട്ടറി എന്നോണം നിലകൊണ്ടിരുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് വന്നുകൊണ്ടിരുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതി അയക്കുന്ന കാര്യത്തിൽ മൗലാനയെ സഹായിച്ചത് കെ.എം മൗലവി ആയിരുന്നു. പരിഷ്കൃതാശയക്കാരനായ പ്രിൻസിപ്പാളിന്റെ നേതൃത്വത്തിൽ നവീനാശയക്കാരായ ശിഷ്യന്മാരോട് കൂടിയുള്ള പഠനം പുരോഗതിയിൽനിന്നും പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരുന്നു. വാഴക്കാടും പരിസരപ്രദേശങ്ങളുമെല്ലാം ഉണർന്നു.

നവീന ശാസ്ത്രങ്ങൾ പഠിപ്പിക്കുമ്പോൾ ആധുനിക ഉപകരണങ്ങൾ അത്യന്താപേക്ഷിതമാണല്ലോ. മൗലാനായുടെ നിർദേശമനുസരിച്ച് ഗ്ലോബുകളും അറ്റ്ലസുകളും വിവിധ മേഖലകളിലുള്ള ജന്തുക്കളുടെയും ജീവികളുടെയും ഫോട്ടോകളോടുകൂടിയുള്ള ചാർട്ടുകളും ഫറായിദ്-മുൻജിദ്-ഖാമൂസുൽ അസ്രി തുടങ്ങിയ ഡിക്ഷ്ണറികളും കുതുബുഖാനക്ക് ആവശ്യമായ സർവത്ര കിതാബുകളും മാനേജർ വരുത്തിക്കൊടുത്തു. എന്നാൽ ഇതെല്ലാം സെലക്ട് ചെയ്യുന്ന പ്രധാനകൃത്യം നിർവഹിച്ചിരുന്നത് കെ.എം മൗലവി സാഹിബായിരുന്നു. മൗലാനായുടെ ശിഷ്യഗണങ്ങളിൽ ഒരു വിഭാഗത്തിന് ലൗകിക വിജ്ഞാനം കുറവാണെന്നും ചിലർക്ക് മലയാളം എഴുത്തും വായനയും അറിഞ്ഞുകൂടെന്നും മൗലാനക്ക് അനുഭവപ്പെട്ടു.

ഈ ന്യൂനത ഉടനടി പരിഹരിക്കണമെന്നുറച്ച് സിലബസ്സിൽ ചില മാറ്റങ്ങൾ വരുത്തി. കണക്കും മലയാളവും മറ്റ് അത്യാവശ്യ വിവരങ്ങളും പഠിപ്പിക്കാൻ ഏർപ്പാട് ചെയ്തു. വലിയ പണ്ഡിതന്മാർ മലയാളത്തിലെ ബാലപാഠങ്ങൾ പഠിക്കുന്നതും സ്ലേറ്റെടുത്ത് കണക്കുചെയ്യുന്നതും കൗതുകമുള്ള കാഴ്ചയായിരുന്നു. അധ്യാപനത്തിൽ ഒരുപങ്ക് വഹിച്ചിരുന്നതും കെ.എം മൗലവി അവർകളായിരുന്നു എന്ന വസ്തുത വിസ്മരിക്കാവതല്ല. കാലക്രമത്തിൽ എല്ലാ വിദ്യാർഥികളും മലയാള സാഹിത്യത്തിൽ നൈപുണ്യം സിദ്ധിച്ചവരായി തീർന്നു; പത്രവായനയിൽ അഭിരുചിയുള്ളവരും.

മദ്റസയുടെ ക്രമപ്രവൃദ്ധമായ അഭിവൃദ്ധിയിലും ഉയർച്ചയിലും സന്തുഷ്ടനായിത്തീർന്ന മാനേജർ ഒരുദിവസം പ്രിൻസിപ്പാളുമായുള്ള അഭിമുഖസംഭാഷണത്തിൽ നാട്ടിലെ സാധാരണക്കാരായ ബാലികാബാലന്മാർക്ക് കൂടുതൽ ഫലവത്തായ ഒരു വിജ്ഞാനസമ്പാദന മാർഗം എന്താണ് എന്നന്വേഷിച്ചു. തന്നെ ഏറെക്കാലമായി അലട്ടിക്കൊണ്ടിരുന്ന ഒരുചിന്താവിഷയമാണ് അതെന്ന് മൗലാനാ പ്രതിവചിച്ചു. എന്നാൽ നിങ്ങൾ അനുകൂലിക്കുന്ന പക്ഷം ഞാൻ ഒരു പ്ലാൻ തയ്യാറാക്കി പഠനം ആരംഭിക്കാം എന്ന് മൗലാനാ പറഞ്ഞു. അതനുസരിച്ച് മദ്റസയിൽ ബോർഡുകളും ഡസ്ക്കുകളും ബഞ്ചുകളും മറ്റും ഏർപ്പെടുത്തി. ആസൂത്രിതമായ പദ്ധതിയനുസരിച്ച് പഠനം തുടങ്ങി. ഇതിനാവശ്യമായ പുസ്തകങ്ങളും രചിച്ചു തുടങ്ങി. വിശ്വാസപരമായ അത്യാവശ്യ കാര്യങ്ങൾ ഉൾക്കൊള്ളിച്ച ഒരുപുസ്തകം, ക്വുർആൻ എളുപ്പത്തിൽ പഠിക്കാനുതകുന്ന ഒരു കൃതി, അറബി ഭാഷാ പഠനത്തിന് മൂന്ന് പുസ്തകം, കർമശാസ്ത്രത്തിൽ ഒന്ന്, നഹ്വിൽ(വ്യാകരണം)രണ്ട്... ഇത്രയും എഴുതി. പലതും വേഗം പ്രസിദ്ധീകരിച്ചു.

**ഇന്ത്യയിലെ അറിയപ്പെടുന്ന മതവിദ്യാഭ്യാസ കേന്ദ്രങ്ങളുടെ മാതൃക പിൻതുടർന്നുകൊണ്ട് വാഴക്കാട് ദാറുൽഉലൂം മദ്റസയെ നവീകരിക്കാൻ ഇറങ്ങിത്തിരിച്ച ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയെ അപവാദങ്ങളും കുപ്രചരണങ്ങളും കൊണ്ട് വീർപ്പുമുട്ടിച്ചവരാണ് നിലവിലെ പൗരോഹിത്യ സമൂഹത്തിന്റെ മുൻതലമുറക്കാർ. ചാലിലകത്തിന്റെ സകലമാന പരിഷ്ക്കരണങ്ങളെയും സംശയത്തിന്റെ കണ്ണുകൾകൊണ്ടായിരുന്നു അവർ വീക്ഷിച്ചിരുന്നത്.**

ഇവയെല്ലാം കെ.എം മൗലവി സാഹിബിന്റെ കയ്യാൽ എഴുതിയുണ്ടാക്കിയതായിരുന്നു. തന്നിമിത്തം അദ്ദേഹത്തിന് കാതിബ്(എഴുത്തുകാരൻ)എന്നുകൂടി ഒരുപേര് പ്രചരിച്ചിരുന്നു. മിക്ക രാത്രികളിലും മറ്റുള്ളവർ സുഖനിദ്രകൊള്ളുമ്പോൾ മൗലാനായും കെ.എം മൗലവിയും ഉറക്കമൊഴിച്ച് ഗ്രന്ഥരചനയിൽ വ്യാപൃതരായിക്കൊണ്ടിരുന്ന കാഴ്ച വിസ്മരിക്കാവതല്ല. വാഴക്കാട് മദ്റസയിലെ വിദ്യാർഥികളെ നാലുതരക്കാരായി തിരിച്ച് പഠനം ഊർജ്ജിതമായി നടത്തിവന്നു. ഈ പരിഷ്ക്കരണ വൃത്താന്തം നാടെങ്ങും പരന്നു. അത്തരം മദ്റസകൾ തങ്ങൾക്കും വേണമെന്ന് പലനാട്ടുകാരും വന്ന് ആവശ്യപ്പെട്ടു. ഈ അഭ്യർഥന വടക്കേമലബാറുകാരിൽനിന്നും ഉണ്ടായിരുന്നു. നിർഭാഗ്യവശാൽ പരിശീലനം സിദ്ധിച്ച അധ്യാപകർ തുലോം കുറവായിരുന്നു. ഇതിനുള്ള പരിഹാര മാർഗങ്ങളും മൗലാനാ ആരാഞ്ഞുകൊണ്ടിരുന്നു. വാഴക്കാട് മദ്റസയിൽ അന്നത്തെ പ്രധാന അധ്യാപകർ കെ.എം.മൗലവി, പി.കെ മൂസ മൗലവി, പി.എൻ മുഹമ്മദ് മൗലവി, ഇ.കെ മൗലവി, ഇ.മൊയ്തു മൗലവി, സി.എ അബ്ദുറഹ്മാൻ ഹാജി മുതലായവരായിരുന്നു.

താമസംവിനാ അയൽപ്രദേശങ്ങളിലും ഓരോ മദ്റസകൾ സ്ഥാപിതമായി. ഈ പുതിയ പഠന സമ്പ്രദായത്തിൽ ജനങ്ങൾ ആകൃഷ്ടരായിത്തീർന്നു. അപ്പോഴേക്ക് യാഥാസ്ഥിതികരായ മുസ്‌ലിയാക്കൾ ഇളകിയാട്ടമായി. പല കുസൃതികളും പറഞ്ഞുപരത്തി. മദ്റസാ മാനേജറെ ദുർബോധപ്പെടുത്തി. വഖ്ഫിന്റെ സ്വത്ത് അതിന് ചെലവ് ചെയ്യാൻ പാടില്ലായെന്ന് വിധിച്ചു. ഒരുദിവസം മാനേജർ മൗലാനയെ സമീപിച്ച് മുസ്‌ലിയാക്കളുടെ ആവലാതികൾ ഉണർത്തി. അതിന് മൗലാന പറഞ്ഞ മറുപടി ഇതായിരുന്നു: 'വളരെ നിലയും വിലയുമുള്ള ആലിമുകളെ വരുത്തി അവരെക്കൊണ്ട് പാഠപുസ്തകങ്ങൾ പരിശോധിപ്പിക്കുകയും പഠിക്കുന്ന കുട്ടികളെ പരീക്ഷിക്കുകയും ചെയ്യാം. തെറ്റുണ്ടെങ്കിൽ നമുക്ക് ഈ സംരംഭം നിർത്താം. ഇല്ലെങ്കിൽ തുടരാം.' മാനേജർ സമ്മതിച്ചു.

അടുത്തമാസത്തിൽ മാനേജറുടെ വീട്ടിൽ പൊന്നാനി മഖ്ദൂം ബാവ മുസ്‌ലിയാർ, കട്ടിലശ്ശേരി ആലി മുസ്‌ലിയാർ, പള്ളിപ്പുറം യൂസുഫ് മുസ്‌ലിയാർ, രായൻകുട്ടി മുസ്‌ലിയാർ തുടങ്ങി അനേകം ആലിമുകളെ വിളിച്ചുകൂട്ടി. അതൊരു വമ്പിച്ച സദസ്സായിരുന്നു. ആദ്യം കെ.എം മൗലവി സാഹിബ് ഒരു പ്രസ്താവനയോട്കൂടി പാഠപുസ്തകങ്ങൾ ആലിമുകൾക്ക് സമർപ്പിച്ചു. അവരിൽ പലരും ഓരോന്നും പരിശോധിച്ചു. ഇതിൽ തെറ്റില്ലെന്ന് മുക്തകണ്ഠം ഘോഷിച്ചു. അനന്തരം കുട്ടികളെ പരിശോധിക്കുവാൻ തുടങ്ങി. അന്ന് ഞാനും എം.സി.സി സഹോദരന്മാരും രണ്ടാം ക്ലാസ്സിൽ പഠിക്കുകയായിരുന്നു. ഞങ്ങളെ വിവിധ വിഷയങ്ങളിൽ പരീക്ഷിച്ച് അവർ സംതൃപ്തരായി. ഇത് വളരെ എളുപ്പമുള്ള രീതിയാണെന്നും അറബി വാചകങ്ങൾ നല്ല ഭാഷയിൽ പരിഭാഷപ്പെടുത്താനും മലയാള വാചകങ്ങളെ അറബിയിലാക്കാനും എളുപ്പത്തിൽ സാധിക്കുന്നുണ്ടെന്നും ഇത് പള്ളിദർസുകളിൽ നിന്നും ലഭിക്കുകയില്ലെന്നും മറ്റും അവർ ഉച്ചൈസ്തരം പ്രസ്താവിച്ചു. സന്തോഷത്തോടെ യോഗം പിരിഞ്ഞു.

**പുതിയ സ്ഥാപനത്തിൽ കെ.എം മൗലവി സാഹിബ് പ്രിൻസിപ്പാളിന്റെ ഒരു പ്രൈവറ്റ് സെക്രട്ടറി എന്നോണം നിലകൊണ്ടിരുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് വന്നുകൊണ്ടിരുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതി അയക്കുന്ന കാര്യത്തിൽ മൗലാനയെ സഹായിച്ചത് കെ.എം മൗലവി ആയിരുന്നു. പരിഷ്കൃതാശയക്കാരനായ പ്രിൻസിപ്പാളിന്റെ നേതൃത്വത്തിൽ നവീനാശയക്കാരായ ശിഷ്യന്മാരോട് കൂടിയുള്ള പഠനം പുരോഗതിയിൽനിന്നും പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരുന്നു. വാഴക്കാടും പരിസരപ്രദേശങ്ങളുമെല്ലാം ഉണർന്നു.**

ഇതോടേ പുതിയ രീതിയുടെ ഖ്യാതി എങ്ങും പരന്നു. മൗലാനയെ വളപട്ടണത്ത് മദ്റസ സ്ഥാപനാർഥം ക്ഷണിച്ചുകൊണ്ടുപോയി. കൂട്ടത്തിൽ കെ.എം മൗലവിയും ഉണ്ടായിരുന്നു. കണ്ണൂരിലും ഒരു മദ്സ തുടങ്ങാൻ ഏർപ്പാട് ചെയ്തു. വളപട്ടണത്ത് ക്ലാസുകൾ തുടങ്ങാൻ ആദ്യം കെ.എം മൗലവി തന്നെ താമസിക്കേണ്ടിവന്നു. അക്കാലത്ത് ചില പ്രത്യേക കാരണങ്ങളാൽ മൗലാനാ വാഴക്കാട് ദർസ് വിട്ടു. പിന്നെ മണ്ണാർക്കാട്ടാണ് ദർസ് നടത്തിയത്.[4] **(അവസാനിച്ചില്ല)**

**റഫറൻസ്:**

1. ജനനം: 1866/1283 മരണം: 1919/1338 സഫർ 5

2. പി.എ സ്വാദിഖ് ഫൈസി താനൂർ, പേജ്: 56 മൗലാനാ ചാലിലകത്ത്, മക്തി തങ്ങൾ, നവോത്ഥാനത്തിന്റെ ദ്വിമാനങ്ങൾ, ഇസ്‌ലാമിക് സാഹിത്യ അക്കാദമി, ഇസ്‌ലാമിക് സെന്റർ, കോഴിക്കോട്- പ്രസാധനം: 2015

3. മോയിൻ ഹുദവി മലയമ്മ, പേജ്: 84, ചാലിലകത്തിന്റെ വിദ്യാഭ്യാസ പരിഷ്ക്കരണം

4. കെ.എം മൗലവി സ്മാരക ഗ്രന്ഥം, പേജ്: 74-78, ലേഖനം: സംഭവബഹുലമായ ജീവിതം, എം.അബ്ദുള്ളക്കുട്ടി മൗലവി കുറ്റിയാടി, പ്രസാധനം: കെ.എം മൗലവി മെമ്മോറിയൽ ട്രസ്റ്റ് കമ്മിറ്റി, തിരൂരങ്ങാടി, പ്രിന്റ്: ചന്ദ്രിക പ്രസ്സ്, കോഴിക്കോട്.

**മമ്മദ് പി.പി, തിക്കോടി**
mail@nerpatham.com



# ധിക്കാരികളുടെ ചരിത്രം നൽകുന്ന പാഠം

**അ**ല്ലാഹു മറ്റു സൃഷ്ടികളിൽ നിന്നും ജീവജാലങ്ങളിൽ നിന്നും മനുഷ്യന്ന് ഏറെ ശ്രേഷ്ഠത നൽകി. വിവേചനശക്തിയും വിശേഷബുദ്ധിയും നൽകി അനുഗ്രഹിച്ചു. നന്മയുടെയും തിന്മയുടെയും മാർഗങ്ങൾ വ്യക്തമാക്കിക്കൊടുത്തു. ഏത് വേണമെങ്കിലും തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നൽകി. നന്മ ചെയ്ത് സ്വർഗത്തിലെത്താം. തിന്മ ചെയ്ത് നരകത്തിലുമെത്താം.

ഗതകാല മനുഷ്യരിൽ ഭൂരിഭാഗവും സ്രഷ്ടാവിനോട് നന്ദികെട്ടവരും അഹങ്കാരികളുമായിരുന്നുവെന്നതിന്ന് ചരിത്രം സാക്ഷിയാണ്. ക്വുർആൻ പറഞ്ഞുതരുന്ന ചരിത്രകഥകളിലൂടെ സഞ്ചരിച്ചാൽ ഹൃദയത്തിന്ന് അന്ധത ബാധിക്കാത്ത ഏതൊരു മനുഷ്യനും മനുഷ്യരുടെ നിസ്സഹായതയും സ്രഷ്ടാവിന്റെ ശക്തിയും മനസ്സിലാക്കാനുതകുന്ന ധാരാളം തെളിവുകൾ കണ്ടെത്തുവാൻ സാധിക്കുന്നതാണ്.

ജീവിതം സുഖസമ്പൂർണമാക്കാനുള്ള നെട്ടോട്ടത്തിനിടയിൽ മനുഷ്യന് മരണാനന്തരജീവിതത്തെ കുറിച്ച് ചിന്തിക്കാൻ സമയമില്ല. മാത്രമല്ല താൻ നേടിയതെല്ലാം തന്റെ കഴിവ് കൊണ്ട് മാത്രമാണെന്ന അഹങ്കാരവും മനുഷ്യനെ ദൈവസ്മരണയിൽ നിന്നും പരലോക ചിന്തയിൽ നിന്നും അകറ്റുന്നു.

കേരളം ഒരു പ്രളയത്തിന്ന് സാക്ഷിയായത് ഏതാനും മാസങ്ങൾക്ക് മുമ്പാണ്. ചരിത്രത്തിന്റെ ആവർത്തനമാണത്. പ്രകൃതി പ്രതിഭാസങ്ങളെ പ്രകൃതിയുടെ വികൃതിയെന്നോ വിളയാട്ടമെന്നോ പ്രകൃതിയുടെ കോപമെന്നോ വിശേഷിപ്പിച്ച് പ്രപഞ്ച സ്രഷ്ടാവിനെ നിഷേധിക്കാനുള്ള പ്രവണതയാണ് നാമിന്ന് കണ്ടുകൊണ്ടിരിക്കുന്നത്. പ്രപഞ്ചം അനാദിയായത് കൊണ്ട് തുടക്കം തേടിയുള്ള അന്വേഷണം നിരർഥകമാണെന്ന് വാദിച്ച പലരും തുടക്കമോ ഒടുക്കമോ ഇല്ലാത്ത ദൈവത്തെക്കുറിച്ച് പറഞ്ഞാൽ അത് നിഷേധിക്കുന്നു!

പരിണാമവാദം അർഥശൂന്യവും തെളിയിക്കപ്പെടാത്തതുമാണ് എന്ന സത്യം ഭൗതികവാദികൾക്ക് സമ്മതിക്കാതെ തരമില്ല. ഒന്നുമില്ലായ്മയിൽ എങ്ങനെ പരിണാമം സംഭവിക്കും? ജീവോൽപത്തിയെ കുറിച്ച് പറയുമ്പോൾ അതിന്ന് തുടക്കമോ ഒടുക്കമോ ഇല്ലെന്ന് പറഞ്ഞ് അവസാനിപ്പിക്കുകയാണ് ഭൗതികവാദികൾ. എഡ്വിൻ ഹബ്ബ്ൾ 1929ൽ വിപ്ലവകരമായ ഒരു ശാസ്ത്രീയ പ്രഖ്യാപനം നടത്തി: 'പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കുകയാണ്.' ഒരു ബലൂൺ വികസിക്കുമ്പോൾ അതിലെ പുള്ളികൾ അകലുന്നത് പോലെ ഗ്യാലക്സികൾ പരസ്പരം അകലുന്നതായി അദ്ദേഹം കണ്ടെത്തി. പ്രപഞ്ചം എന്നും ഒരുപോലെ നിലനിൽക്കുന്നു എന്ന് പറഞ്ഞവരിൽ അത് ഞെട്ടലുണ്ടാക്കി. എന്നാൽ 1400 വർഷം മുമ്പ് ക്വുർആനിലൂടെ അല്ലാഹു പറഞ്ഞു: 'ആകാശമാകട്ടെ നാം അതിനെ ശക്തി കൊണ്ട് നിർമിച്ചിരിക്കുന്നു. തീർച്ചയായും നാം വികസിപ്പിച്ചെടുക്കുന്നവനാകുന്നു.'

പ്രപഞ്ച സ്രഷ്ടാവിനെ ധിക്കരിച്ച് ജീവിച്ച ഒട്ടേറെ ജനത ലോകത്ത് കഴിഞ്ഞുപോയിട്ടുണ്ട്. കടുത്ത ശിക്ഷക്ക് ഇഹലോകത്തുവെച്ച് തന്നെ വിധേയരായ ചില സമൂഹങ്ങളുടെ ചരിത്രം ക്വുർആൻ നമുക്ക് പറഞ്ഞു തരുന്നുണ്ട്.

നൂഹ് നബി(عليه السلام) ജനങ്ങളെ 950 വർഷക്കാലം ഏകദൈവ വിശ്വാസത്തിലേക്ക് പ്രബോധനം നട

ത്തി. പക്ഷേ, അദ്ദേഹത്തിന്റെ ജനതയിലെ മഹാഭൂരിഭാഗവും സത്യമതം ഉൾക്കൊള്ളാൻ തയ്യാറായില്ല; എന്ന് മാത്രമല്ല അവർ നൂഹ് നബിﷺയെ പരിഹസിക്കുകയും കളിയാക്കുകയും ചെയ്തു. ഇവരുടെ കാര്യത്തിൽ ഒരു തീരുമാനമെടുക്കുവാൻ നൂഹ് നബിﷺ അല്ലാഹുവിനോട് തേടി. താമസിയാതെ ധിക്കാരത്തിൽ ഉറച്ചുനിന്ന ആ ജനതയെ ഒരു മഹാപ്രളയത്തിലുടെ അല്ലാഹു നാമാവശേഷമാക്കി. കപ്പലിൽ കയറിയ വിശ്വാസികളെ അല്ലാഹു രക്ഷപ്പെടുത്തുകയും ചെയ്തു.

ഈജിപ്തിലെ ഭരണാധികാരിയായിരുന്ന ഫിർഔൻ തന്റെ ഭരണത്തിന് ഇസ്റാഈൽ വംശത്തിൽ നിന്ന് ഭീഷണിയില്ലാതിരിക്കാൻ അവരിൽ ജനിക്കുന്ന ആൺകുഞ്ഞുങ്ങളെ കൊന്നുകളയാൻ കൽപന പുറപ്പെടുവിച്ചു. പെൺകുഞ്ഞുങ്ങളെ ജീവിക്കാൻ അനുവദിച്ചു. എന്നാൽ ഇസ്റാഈൽ വംശത്തിൽ പിറന്ന ആൺകുഞ്ഞായ മൂസാﷺ ഫിർഔനിന്റെ കൊട്ടാരത്തിലാണ് വളർന്നതും വലുതായതും! ദൈവഹിതം മറികടക്കാൻ ഒരു ശക്തിക്കും സാധ്യമല്ല എന്നതിന്റെ തെളിവാണ് ഈ ചരിത്രം.

പ്രവാചകത്വം ലഭിച്ചപ്പോൾ മൂസാ നബിﷺ ജനങ്ങളെ സൃഷ്ടിപൂജയിൽനിന്നും സ്രഷ്ടാവിനെ മാത്രം ആരാധിക്കുന്നതിലേക്ക് ക്ഷണിച്ചു. ഫിർഔനാകട്ടെ ഞാൻ തന്നെയാണ് നിങ്ങളുടെ ഉന്നതനായ രക്ഷിതാവ് എന്ന് പ്രഖ്യാപിച്ച് കടുത്ത ധിക്കാരം കാണിച്ചു. മർദനവും ഭീഷണിയും വർധിപ്പിച്ചു. ബനൂഇസ്റാഈല്യരുടെ രക്ഷയ്ക്കായി മൂസാ നബിﷺ അല്ലാഹുവിനോട് പ്രാർഥിച്ചു. ഇസ്റാഈല്യരെയും കൊണ്ട് രാത്രി പുറപ്പെടാൻ അല്ലാഹു മൂസാ നബിﷺയോട് കൽപിച്ചു. അത് പ്രകാരം അവർ പുറപ്പെട്ടു. വിവരം അറിഞ്ഞു ഫിർഔൻ സൈന്യസമേതം പിന്തുടർന്നു. മൂസാ നബിﷺയും ബനൂഇസ്റാഈല്യരും ചെങ്കൽ തീരത്തെത്തി, മുമ്പിൽ കടലും പിന്നിൽ ഫിർഔനും പട്ടാളവും! അല്ലാഹുവിന്റെ നിർദേശ പ്രകാരം മൂസാ നബിﷺതന്റെ കയ്യിലുള്ള വടികൊണ്ട് ചെങ്കടലിൽ അടിച്ചു. കടൽ രണ്ടായി പിളർന്നു. സഞ്ചാരയോഗ്യമായ വഴി അവിടെ രൂപപ്പെട്ടു. മൂസാനബിﷺയും അനുയായികളും കടൽ കടന്ന് അക്കരെയെത്തി. അതോടെ കടൽ പഴയപോലെയാവുകയും പിന്തുടർന്ന ഫിർഔനും സൈന്യവും മുങ്ങിമരിക്കുകയും ചെയ്തു. സ്വേച്ഛാധിപതിയായ രാജാവും മർദകനും അഹങ്കാരിയുമായ ഫിർഔനിനെ രക്ഷപ്പെടുത്താൻ ആർക്കും കഴിഞ്ഞില്ല.

ധിക്കാരികളുടെ അന്ത്യം എങ്ങനെയായിരിക്കുമെന്നത് ചരിത്രത്തിൽ വീണ്ടും ആവർത്തിക്കപ്പെട്ടു. അതായിരുന്നു ലൂത്വ് നബിﷺയുടെ ജനതയിൽ സംഭവിച്ചത്. തങ്ങളിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകനെ അവർ കളവാക്കുകയും അധിക്ഷേപിക്കുകയും ചെയ്തു. കൂടാതെ മറ്റൊരു സമുദായത്തിലും കാണാത്ത പ്രകൃതി വിരുദ്ധ ലൈംഗിക വേഴ്ച ആ സമുദായത്തിൽ നിലനിന്നിരുന്നു. അല്ലാഹുവിനെ മാത്രം ആരാധിക്കുവാനും സ്വവർഗരതിയിൽനിന്ന് വിട്ടുനിൽക്കുവാനും ലൂത്വ് നബിﷺ അവരെ ഉപദേശിച്ചു. എന്നാൽ അവർ അനുസരിക്കാൻ തയ്യാറായില്ല. ലൂത്വ് നബിﷺ അല്ലാഹുവിനോട് പ്രാർഥിച്ചു. അല്ലാഹു അദ്ദേഹത്തോടും കുടുംബത്തോടും പ്രഭാതത്തിന്ന് മുമ്പായി നാട് വിടാൻ കൽപിച്ചു. ഭാര്യ അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്നില്ല. കാരണം അവൾ വിശ്വാസം ഉൾക്കൊണ്ടിരുന്നില്ല. ഒരു ഘോരശബ്ദത്തോടെ ആകാശത്തിൽ നിന്ന് ചൂളക്കല്ലുകൾ ആ ജനതയിൽ വർഷിച്ചു. രാജ്യം കീഴ്മേൽ മറിക്കപ്പെടുകയും ചെയ്തു. അക്രമികൾ മാത്രമല്ല സസ്യലതാതികൾ പോലും ഇല്ലാതായി. ആ പ്രദേശം ഇന്നും ജനവാസയോഗ്യമല്ല. അവിടെയുള്ള ചാവുകടലിൽ മത്സ്യങ്ങളോ മറ്റു ജീവികളോ ഇന്നും വളരുന്നില്ല.

ഹൂദ് നബിﷺ ആദ് സമുദായത്തിലേക്ക് അയക്കപ്പെട്ട പ്രവാചകനായിരുന്നു. അദ്ദേഹം ആ സമുദായത്തെ ഏകദൈവാരാധനയിലേക്ക് ക്ഷണിച്ചു. അവർ തങ്ങളുടെ പിഴച്ച വിശ്വാസത്തിൽ ഉറച്ചു നിൽക്കുകയും ധിക്കാരം കാണിക്കുകയും ചെയ്തു.

“അവർ പറഞ്ഞു: ഹൂദേ, നീ ഞങ്ങൾക്ക് വ്യക്തമായ ഒരു തെളിവും കൊണ്ടുവന്നിട്ടില്ല. നീ പറഞ്ഞതിനാൽ മാത്രം ഞങ്ങൾ ഞങ്ങളുടെ ദൈവങ്ങളെ വിട്ടുകളയുന്നതല്ല. ഞങ്ങൾ നിന്നെ വിശ്വസിക്കുന്നതുമല്ല. ഞങ്ങളുടെ ദൈവങ്ങളിൽ ഒരാൾ നിനക്ക് എന്തോ ദോഷബാധ ഉളവാക്കിയിരിക്കുന്നു എന്ന് മാത്രമാണ് ഞങ്ങൾക്ക് പറയാനുള്ളത്...” (ക്വുർആൻ 11:53,54).

എത്ര ഉപദേശിച്ചിട്ടും നേർവഴി സ്വീകരിക്കാൻ വിസമ്മതം കാണിച്ച അവരിലും അല്ലാഹുവിന്റെ ശിക്ഷയിറങ്ങി. ഏഴ് രാവും എട്ട് പകലും തുടർച്ചയായി വീശിയ അത്യുഗ്രമായ കൊടുങ്കാറ്റിൽ കയ്യൂക്കും മെയ്യൂക്കുമുള്ള ആദ് സമുദായം മരിച്ചുവീണു. ഹൂദ് നബിﷺയെയും അദ്ദേഹത്തിൽ വിശ്വസിച്ചവരെയും അല്ലാഹു രക്ഷപ്പെടുത്തി.

ധിക്കാരികളായ സമൂദ് ഗോത്രത്തെ അല്ലാഹു നശിപ്പിച്ചത് ഗോരശബ്ദം മൂലമായിരുന്നു. അവർ അവരുടെ പാർപ്പിടങ്ങളിൽ കമഴ്ന്നുവീണ് ചത്തൊടുങ്ങി.

ധിക്കാരികളെ കാത്തിരിക്കുന്നത് അധികഠിനവും അസഹനീയവുമായ നരക ശിക്ഷയാണ്. അതിൽ നിന്ന് അവരെ രക്ഷപ്പെടുത്താൻ ആർക്കും സാധ്യമല്ല. ധിക്കാരികളായ സമൂഹങ്ങളുടെ ചരിത്രം മാനവരാശിക്ക് ഏറെ ഗുണപാഠങ്ങൾ നൽകുന്നുണ്ട്. അല്ലാഹു സർവശക്തനാണ്. അവനെ തോൽപിക്കുവാൻ ആർക്കും സാധ്യമല്ല. അവന് വിധേയപ്പെട്ടും വിനീതദാസരുമായി ജീവിച്ചാൽ ആത്യന്തികമായ പരാജയം ഏറ്റുവാങ്ങേണ്ടിവരില്ല. ●



ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

കാഴ്ച

# ലക്ഷ്യത്തിലെത്താത്ത സാമ്പത്തിക സഹായങ്ങൾ

‘ഭക്ഷണം കഴിച്ചിട്ട് കുറെയായി. വിശക്കുന്നു; ചോറിന് കാശ്താ മോനേ’ എന്ന് വിലപിച്ചാണ് ആ അന്യസംസ്ഥാന സ്ത്രീ തടഞ്ഞു നിർത്തി കാശ് ചോദിക്കാറുള്ളത്. കറുത്ത് മെലിഞ്ഞുണങ്ങിയ ശരീരവും ഒട്ടിയ വയറും കരഞ്ഞ് തൊണ്ടയിടറിയുള്ള അപേക്ഷയും കാണുമ്പോൾ ആരും കാശ് കൊടുത്ത് പോകും. ടൗണിന്റെ വിവിധ ഇടങ്ങളിൽ സ്ഥിരം വാചകവുമായി കാണാറുള്ളത് കൊണ്ട് അവരെ ഒഴിവാക്കുകയാണ് പതിവ്. ഊണു കഴിച്ച് തിരിച്ച് വരുന്ന വഴിയിൽ ഒരു ദിവസം അവർ കരച്ചിലോടെ എന്നെ തടഞ്ഞ് നിർത്തി കാശ് ചോദിച്ചു. ഹോട്ടിലേക്ക് കൂടെ വരൂ, കാശ് അവിടെ കൊടുക്കാമെന്ന് പറഞ്ഞപ്പോൾ, വേണ്ട... കാശ് മതിയെന്ന് അവർ. പാർസൽ വാങ്ങിക്കോളാം എന്ന് പിന്നീട് കൂട്ടിച്ചേർത്തു. ശേഷം എന്നെ അവജ്ഞയുടെ നോട്ടം നോക്കി അടുത്ത ഇരയെ തേടിപ്പോയി.

ഒക്കത്തൊരു കുഞ്ഞിനെയുമെടുത്ത് 'കുട്ടിക്ക് അസുഖമാണ്, ആശുപത്രിയിൽ പോകാൻ ബസ്ചാർജ് തരുമോ' എന്ന് ചോദിച്ച ചെറുപ്പക്കാരിയോട് ഏത് ബസിലാണ് പോകുന്നതെന്ന് ചോദിച്ചു. ദൂരെ നിൽക്കുന്ന ഒരുബസ് ചൂണ്ടിക്കാണിച്ച് തന്നു. വരൂ എന്ന് പറഞ്ഞ് മുന്നിൽ നടന്ന ഞാൻ ബസ് ചാർജ് കണ്ടക്ടർക്ക് നൽകാമെന്ന് പറഞ്ഞതോടെ ഒരു ചുട്ട നോട്ടം നോക്കി അവൾ തിരികെ നടന്നു. വർഷങ്ങൾക്ക് മുമ്പ് നടന്നതാണിത്.

ഒരിക്കൽ ഒരു പരിചയക്കാരൻ ടൗണിൽ വെച്ച്, മാതാവ് ആശുപത്രിയിൽ അഡ്മിറ്റാണ്, മരുന്നിന് കാശ് തികയില്ല എന്ന് പറഞ്ഞ് കുറച്ച് രൂപ ആവശ്യപ്പെട്ടു. ഒരു മെഡിക്കൽ ഷോപ്പിന് മുന്നിൽ വെച്ചായിരുന്നു ചോദ്യം. മനസ്സ് വിഷമിച്ചുപോയി. കയ്യിൽ കാശ് കുറവായത് കൊണ്ടും അയാളെ അത്രയങ്ങ് വിശ്വാസമില്ലാത്തത് കൊണ്ടും പണം നൽകിയില്ല. വീട്ടിലെത്തി ഇക്കാര്യം ഉമ്മയോട് പങ്ക് വെച്ചപ്പോഴാണറിഞ്ഞത് അയാളുടെ മാതാവ് വർഷങ്ങൾക്ക് മുമ്പ് മരണപ്പെട്ടിരുന്നുവെന്ന്! കള്ള് കുടിക്കാൻ കാശ് കിട്ടാനുള്ള എളുപ്പമാർഗത്തിലെ ക്രിയയായിരുന്നു അത്!

ചോർന്നൊലിക്കുന്ന മേൽക്കൂരയുടെ ഭാഗവും വീഴാൻ കാത്തുനിൽക്കുന്ന ചുമരും കണ്ട് നാട്ടുകാർ ഒരു രാഷ്ട്രീയ പാർട്ടിയുടെ നേതൃത്വത്തിൽ പിരിവ് നടത്തി കുറച്ച് പണം നൽകി. എന്നാൽ പ്രായമായ ഗൃഹനാഥ കാതിലണിയാനൊരു സ്വർണാഭരണവും കിടക്കാൻ മുന്തിയ ബെഡും വാങ്ങാനാണത്രെ ആ കാശ് ഉപയോഗിച്ചത്.

പൂർത്തിയാകാത്ത വീടിന് വേണ്ടി പിരിവ് നടത്തിയവർ കള്ളക്കണക്കെഴുതി പണം തട്ടിയതായി യഥാർഥ ആവശ്യക്കാരൻ പറഞ്ഞപ്പോൾ സങ്കടം തോന്നി. പണിക്കാരന് കിട്ടിയ തുക അന്വേഷിച്ചറിഞ്ഞപ്പോൾ അതിനെക്കാൾ കൂട്ടുതലായിരുന്നു തട്ടിക്കൂട്ടിയ കള്ളക്കണക്കിലെ കൂലി!

ഒരു അഗതി മന്ദിരത്തിന്റെ സംസ്ഥാന കോ-ഓർഡിനേറ്റർ പറഞ്ഞത് പണമായി സഹായം നൽകുന്നതിന് പകരം ആവശ്യമുള്ള വസ്തുവോ ഉപകരണമോ വാങ്ങി നൽകിയാലേ ഉദ്ദേശിച്ച ഗുണം ലഭിക്കൂ എന്നാണ്.

തിരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് പ്രതിമാസം സഹായം നൽകാൻ കടകളിൽ പണമെത്തിക്കുകയായിരുന്നു കൂട്ടുകാരന്റെയും സംഘടനയുടെയും രീതി. കുടുംബം പട്ടിണി കിടക്കാതിക്കാൻ 'അരിസാമാനങ്ങൾ' നേരിട്ട് കുടുംബങ്ങൾക്ക് ലഭിക്കാനായിരുന്നു ഇങ്ങനെ ചെയ്തിരുന്നത്. എന്നാൽ വീട്ടുകാരി 'ഫെയർ ആന്റ് ലൗലി' വാങ്ങിയ കണക്ക് കണ്ട് ഞെട്ടിയ കൂട്ടുകാരന് ഭക്ഷണസാധനങ്ങളുടെ ലിസ്റ്റ് നൽകി; അവ മാത്രം നൽകിയാൽ മതിയെന്ന കർശന നിർദേശം കടക്കാരന് നൽകേണ്ടി വന്നു.

**ബുദ്ധിമുട്ട് അനുഭവിക്കുന്നവർ നമുക്ക് ചുറ്റും ധാരാളമുണ്ട്. അവരെ സഹായിക്കാൻ സുമനസ്സുള്ളവരും ഏറെയുണ്ട്. എന്നാൽ സഹായം വിശ്വസ്തരായവരുടെ കൈകളിൽ ഏൽപിക്കുകയെന്നത് വളരെ പ്രധാനപ്പെട്ടതാണ്. പണമായി നൽകാതെ, ആവശ്യമുള്ള സാധനം ആവശ്യക്കാരന് എത്തിക്കുകയെന്നതാണ്, സഹായം യഥാർഥ കൈകളിലെത്തിയെന്ന് ഉറപ്പുവരുത്താൻ ചെയ്യേണ്ടത്.**



കിഡ്നി മാറ്റിവെക്കൽ, ഓപ്പറേഷൻ തുടങ്ങിയവക്കായി വാഹനത്തിൽ പാട്ട് പാടിയും മറ്റും പണം ശേഖരിക്കുന്നവരെക്കുറിച്ചും ആക്ഷേപങ്ങൾ കേട്ടു തുടങ്ങിയിരിക്കുന്നു.

ബുദ്ധിമുട്ട് അനുഭവിക്കുന്നവർ നമുക്ക് ചുറ്റും ധാരാളമുണ്ട്. അവരെ സഹായിക്കാൻ സുമനസ്സുള്ളവരും ഏറെയുണ്ട്. എന്നാൽ സഹായം വിശ്വസ്തരായവരുടെ കൈകളിൽ ഏൽപിക്കുകയെന്നത് വളരെ പ്രധാനപ്പെട്ടതാണ്. പണമായി നൽകാതെ, ആവശ്യമുള്ള സാധനം ആവശ്യക്കാരന് എത്തിക്കുകയെന്നതാണ്, സഹായം യഥാർഥ കൈകളിലെത്തിയെന്ന് ഉറപ്പുവരുത്താൻ ചെയ്യേണ്ടത്.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം





അധ്യായം: 78, ഭാഗം: 2

# നബഅ് (വൃത്താന്തം)

മക്കയിൽ അവതരിച്ചത്

24. കുളിർമയോ കുടിനീരോ അവർ അവിടെ ആസ്വദിക്കുകയില്ല.
25. കൊടുംചൂടുള്ള വെള്ളവും കൊടും തണുപ്പുള്ള വെള്ളവുമല്ലാതെ.
26. അനുയോജ്യമായ പ്രതിഫലമത്രെ അത്.
27. തീർച്ചയായും അവർ വിചാരണ പ്രതീക്ഷിക്കുന്നില്ലായിരുന്നു.
28. നമ്മുടെ ദൃഷ്ടാന്തങ്ങളെ അവർ തീർത്തും നിഷേധിച്ചു തള്ളുകയും ചെയ്തു.
29. ഏതു കാര്യവും നാം എഴുതി തിട്ടപ്പെടുത്തിയിരിക്കുന്നു.
30. അതിനാൽ നിങ്ങൾ (ശിക്ഷ) ആസ്വദിച്ചു കൊള്ളുക. തീർച്ചയായും നാം നിങ്ങൾക്കു ശിക്ഷയല്ലാതൊന്നും വർധിപ്പിച്ചു തരികയില്ല.

لَا يَذُوقُونَ فِيهَا بَرْدًا وَلَا شَرَابًا ﴿٢٤﴾ إِلَّا حَمِيمًا
وَغَسَّاقًا ﴿٢٥﴾ جَزَاءً وِفَاقًا ﴿٢٦﴾ إِنَّهُمْ كَانُوا
لَا يَرْجُونَ حِسَابًا ﴿٢٧﴾ وَكَذَّبُوا بِآيَاتِنَا كِذَّابًا
﴿٢٨﴾ وَكُلَّ شَيْءٍ أَحْصَيْنَاهُ كِتَابًا ﴿٢٩﴾
فَذُوقُوا فَلَن نَّزِيدَكُمْ إِلَّا عَذَابًا ﴿٣٠﴾

(24). അവർ ആ നരകത്തിൽ ചെന്നാൽ (കുളിർമയോ കുടിനീരോ അവർ അവിടെ ആസ്വദിക്കുകയില്ല). ദാഹത്തെ തടുക്കുന്നതോ തൊലികളെ തണുപ്പിക്കുന്നതോ ആയ പാനീയം.

(25). (കൊടും ചൂടുള്ളതല്ലാതെ) ആമാശയങ്ങളെ തകർത്തു കളയുന്ന, മുഖങ്ങൾ കരിച്ചുകളയുന്ന ചൂടുള്ള വെള്ളം. (കൊടും തണുപ്പുള്ളതും) നരകക്കാർക്കുള്ള ചോരയും ചലവും കലർന്ന നീരാണത്. അങ്ങേയറ്റം ദുർഗന്ധമുള്ളതും അതിന്റെ രുചിയാകട്ടെ ഏറെ അരോചകരവുമാണ്.

(26). ഈ മോശമായ ശിക്ഷകൾക്ക് അവർ അവകാശികൾ തന്നെയാണ് (അനുയോജ്യമായ പ്രതിഫലമത്രെ അത്). അതിലേക്ക് നയിക്കുന്ന പ്രവർത്തനങ്ങൾ അവർ പ്രവർത്തിച്ചിട്ടുണ്ട്. അവരോട് അല്ലാഹു അനീതി കാണിച്ചിട്ടില്ല. അവർ തന്നെയാണ് അവരോട് അനീതി ചെയ്തത്. ഈ ശിക്ഷക്ക് അവരെ അർഹരാക്കിയ കാര്യങ്ങളാണ് തുടർന്ന് അല്ലാഹു പറയുന്നത്.

(27). (തീർച്ചയായും അവർ വിചാരണ പ്രതീക്ഷിക്കുന്നില്ലായിരുന്നു). നന്മ-തിന്മകൾക്ക് അല്ലാഹു പ്രതിഫലം നൽകുമെന്നതോ ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്നതോ അവർ വിശ്വസിച്ചിരുന്നില്ല. അതിനാൽ തന്നെ പരലോകത്തേക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളെ അവർ അവഗണിച്ചു.

(28). (നമ്മുടെ ദൃഷ്ടാന്തങ്ങളെ അവർ തീർത്തും നിഷേധിച്ചുതള്ളുകയും ചെയ്തു). വ്യക്തമായും പ്രകടമായും അവർ അതിനെ കളവാക്കി. തെളിവുകൾ വന്നുകിട്ടിയപ്പോൾ അവർ ധിക്കാരം കാണിച്ചു.

(29) (എല്ലാ കാര്യവും) നന്മയായാലും തിന്മയായാലും അധികമായാലും കുറച്ചായാലും (നാം എഴുതി തിട്ടപ്പെടുത്തിയിരിക്കുന്നു). എല്ലാം സുരക്ഷിത ഫലകത്തിൽ ( اللوح المحفوظ ) സ്ഥിരപ്പെടുത്തി വെച്ചിട്ടുണ്ട്. തങ്ങൾ ചെയ്യാത്ത കുറ്റത്തിന് ശിക്ഷക്കപ്പെടുമെന്നോ ചെയ്ത പ്രവർത്തനങ്ങൾ പാഴായിപ്പോകുമെന്നോ അണുമണിത്തൂക്കം പോലും മറന്ന് പോകുമെന്നോ കുറ്റവാളികൾ വിചാരിക്കേണ്ടതില്ല. അല്ലാഹു പറയുന്നു:

وَوُضِعَ ٱلْكِتَٰبُ فَتَرَى ٱلْمُجْرِمِينَ مُشْفِقِينَ مِمَّا فِيهِ وَيَقُولُونَ يَٰوَيْلَتَنَا مَالِ هَٰذَا ٱلْكِتَٰبِ لَا يُغَادِرُ صَغِيرَةً وَلَا كَبِيرَةً إِلَّآ أَحْصَىٰهَا ۚ وَوَجَدُوا۟ مَا عَمِلُوا۟ حَاضِرًا ۗ وَلَا يَظْلِمُ رَبُّكَ أَحَدًا

"(കർമ്മങ്ങളുടെ) രേഖ വെക്കപ്പെടും. അപ്പോൾ കുറ്റവാളികളെ, അതിലുള്ളതിനെപ്പറ്റി ഭയവിഹ്വലരായ നിലയിൽ നിനക്ക് കാണാം. അവർ പറയും:

**നന്മയായാലും തിന്മയായാലും എല്ലാ കാര്യവും അല്ലാഹുവിന്റെ മലക്കുകൾ എഴുതി തിട്ടപ്പെടുത്തി, സുരക്ഷിത ഫലകത്തിൽ സ്ഥിരപ്പെടുത്തി വെച്ചിട്ടുണ്ട്. തങ്ങൾ ചെയ്യാത്ത കുറ്റത്തിന് ശിക്ഷക്കപ്പെടുമെന്നോ ചെയ്ത പ്രവർത്തനങ്ങൾ പാഴായിപ്പോകുമെന്നോ കുറ്റവാളികൾ വിചാരിക്കേണ്ടതില്ല. അല്ലാഹു പറയുന്നു: "(കർമങ്ങളുടെ) രേഖ വെക്കപ്പെടും. അപ്പോൾ കുറ്റവാളികളെ, അതിലുള്ളതിനെപ്പറ്റി ഭയവിഹ്വലരായ നിലയിൽ നിനക്ക് കാണാം. അവർ പറയും: അയ്യോ! ഞങ്ങൾക്ക് നാശം. ഇതെന്തൊരു രേഖയാണ്? ചെറുതോ വലുതോ ആയ ഒന്നും തന്നെ അത് കൃത്യമായി രേഖപ്പെടുത്താതെ വിട്ടുകളയുന്നില്ലല്ലോ! തങ്ങൾ പ്രവർത്തിച്ചതൊക്കെ (രേഖയിൽ) നിലവിലുള്ളതായി അവർ കണ്ടെത്തും. നിന്റെ രക്ഷിതാവ് യാതൊരാളോടും അനീതി കാണിക്കുകയില്ല.**

അയ്യോ! ഞങ്ങൾക്ക് നാശം. ഇതെന്തൊരു രേഖയാണ്? ചെറുതോ വലുതോ ആയ ഒന്നും തന്നെ അത് കൃത്യമായി രേഖപ്പെടുത്താതെ വിട്ടുകളയുന്നില്ലല്ലോ! തങ്ങൾ പ്രവർത്തിച്ചതൊക്കെ (രേഖയിൽ) നിലവിലുള്ളതായി അവർ കണ്ടെത്തും. നിന്റെ രക്ഷിതാവ് യാതൊരാളോടും അനീതി കാണിക്കുകയില്ല.

(30). "(അതിനാൽ നിങ്ങൾ ആസ്വദിച്ച് കൊള്ളുക). ഹേയ്, സത്യനിഷേധികളേ! ഈ നിത്യമായ അപമാനത്തെ, വേദനയേറിയ ശിക്ഷയെ നിങ്ങൾ അനുഭവിച്ചുകൊള്ളുക. (തീർച്ചയായും നാം നിങ്ങൾക്ക് ശിക്ഷയല്ലാതൊന്നും വർധിപ്പിച്ച് തരുകയുമില്ല). എല്ലാ സമയത്തും സന്ദർഭത്തിലും ശിക്ഷ വർധിച്ചുകൊണ്ടേയിരിക്കുന്നു. നരകക്കാരുടെ ശിക്ഷയുടെ കാഠിന്യത്തെ വിവരിക്കുന്ന ശക്തമായ വചനങ്ങളാണിത്. അല്ലാഹു അതിൽ നിന്ന് നമ്മെ കാത്തുരക്ഷിക്കട്ടെ. ●

ശമീർ മദീനി
shameermadeeni@gmail.com

ലേഖനം



# മൊബൈൽ ഫോൺ ചതിക്കുവാനുള്ളതോ?

**ച**തിയും വഞ്ചനയും സത്യവിശ്വാസിയുടെ സ്വഭാവമായിക്കൂടാ. മറ്റുള്ളവരെ ഉപദ്രവിക്കലും വഞ്ചിക്കലും കുറ്റകരവും ദൈവിക ശിക്ഷക്കുള്ള നിമിത്തവുമാണ്. സ്വന്തം നന്മകൾ പോലും അത്തരം തിന്മകളിലൂടെ നഷ്ടപ്പെടുമാണ് നബിﷺ പഠിപ്പിച്ചിട്ടുള്ളത്. തമാശകളുടെ പേരിലാണെങ്കിലും നന്മയുടെ പരിധിവിട്ടുകൊണ്ടുള്ള അത്തരം ക്രൂര വിനോദങ്ങളെ ഇസ്‌ലാം അനുവദിക്കുന്നില്ല. നബിﷺ പറയുന്നു:

"ആരുടെ നാവിൽ നിന്നും കയ്യിൽ നിന്നും മറ്റുള്ളവർ രക്ഷപ്പെട്ടുവോ അവനാണ് യഥാർഥ മുസ്‌ലിം. അല്ലാഹു വിലക്കിയത് ഒഴിവാക്കിയവനാണ് യഥാർഥ പരിത്യാഗി (മുഹാജിർ)" (ബുഖാരി).

**സ്വന്തം സ്വകാര്യതകൾ പരസ്യപ്പെടുത്തുന്നതിനെക്കാൾ മോശവും കുറ്റകരവുമാണ് മറ്റുള്ളവരുടെ സ്വകാര്യതകൾ പ്രചരിപ്പിക്കൽ. വിശ്വസിച്ച് പറഞ്ഞ കാര്യങ്ങളാണെങ്കിൽ അത് പരസ്യമാക്കുന്നതിലൂടെ വിശ്വാസവഞ്ചനയാണ് നടത്തുന്നത്. അല്ലെങ്കിൽ ഏഷണി, പരദൂഷണം തുടങ്ങിയ പല തിന്മകളിലേക്കുമായിരിക്കും അത് ചെന്നെത്തുന്നത്. അതൊക്കെയും ഇസ്‌ലാം വിരോധിച്ച തിന്മകളാണ്. അതിനാൽ രഹസ്യങ്ങളും കുറവുകളും പ്രചരിപ്പിക്കാതെ മറച്ചുവെക്കാൻ ഒരു സത്യവിശ്വാസി ബാധ്യസ്ഥനാണ്.**

രഹസ്യം പറഞ്ഞാൽ അത് മറ്റുള്ളവരോട് പറയലും റെക്കോർഡ് ചെയ്ത് മറ്റുള്ളവരെ കേൾപ്പിക്കലുമൊക്കെ വഞ്ചനയും കുറ്റവുമാണ്. 'ആരോടും പറയരുത്' എന്ന് പറഞ്ഞവയാണെങ്കിലും അല്ലെങ്കിലും അന്യന്റെ രഹസ്യങ്ങളും ന്യൂനതകളും പരസ്യമാക്കുന്നത് കുറ്റകരമായിട്ടാണ് ഇസ്‌ലാം കാണുന്നത്. നബി(സ്വ) പറയുന്നു:

"ഒരാൾ മറ്റൊരാളോട് (മറ്റാരും കേൾക്കരുതെന്ന് കരുതി) സ്വകാര്യമായി പറഞ്ഞ കാര്യം രഹസ്യമായി സൂക്ഷിക്കേണ്ട അമാനത്ത് (ഉത്തരവാദിത്തം) ആണ്" (അഹ്മദ്, അബൂദാവൂദ്, തിർമിദി).

സ്വന്തം സ്വകാര്യതകൾ പരസ്യപ്പെടുത്തുന്നതിനെക്കാൾ മോശവും കുറ്റകരവുമാണ് മറ്റുള്ളവരുടെ സ്വകാര്യതകൾ പ്രചരിപ്പിക്കൽ. വിശ്വസിച്ച് പറഞ്ഞ കാര്യങ്ങളാണെങ്കിൽ അത് പരസ്യമാക്കുന്നതിലൂടെ വിശ്വാസവഞ്ചനയാണ് നടത്തുന്നത്. അല്ലെങ്കിൽ ഏഷണി, പരദൂഷണം തുടങ്ങിയ പല തിന്മകളിലേക്കുമായിരിക്കും അത് ചെന്നെത്തുന്നത്. അതൊക്കെയും ഇസ്‌ലാം വിരോധിച്ച തിന്മകളാണ്. അതിനാൽ രഹസ്യങ്ങളും കുറവുകളും പ്രചരിപ്പിക്കാതെ മറച്ചുവെക്കാൻ ഒരു സത്യവിശ്വാസി ബാധ്യസ്ഥനാണ്.

ഇമാം റാഗിബ് പറയുന്നു: "രഹസ്യം പറയൽ രണ്ട് വിധമുണ്ട്. ഒന്ന്, ആരോടും പറയരുതെന്ന് പറഞ്ഞുകൊണ്ട് തന്നെ പറയുന്ന കാര്യങ്ങൾ. രണ്ട്, സന്ദർഭവും സാഹചര്യവും വ്യക്തമാക്കുന്നത്. അതായത് ശബ്ദം കുറച്ച് മറ്റാരും കേൾക്കാതിരിക്കാൻ ശ്രദ്ധിച്ചുകൊണ്ട് അല്ലെങ്കിൽ ഒറ്റക്ക് വിളിച്ച് രഹസ്യമായി പറയുന്നത്" (ശൈഖ് ബകർ അബ്ദുല്ലാ അബൂസൈദിന്റെ 'അദബുൽ ഹാതിഫ്,' പേജ് 29) ഇതാണ് മുമ്പ് സൂചിപ്പിച്ച ഹദീഥിന്റെയും താൽപര്യം.

ഒരാളുടെ ഫോൺ സംഭാഷണം അയാളുടെ അറിവും സമ്മതവുമില്ലാതെ റെക്കോർഡ് ചെയ്യുന്നത് ചതിയും വഞ്ചനയുമാണ്. എന്നിരിക്കെ അത് പിന്നീട് പ്രചരിപ്പിക്കുകകൂടി ചെയ്താലോ? അതിന്റെ കുറ്റവും ഗൗരവവും അധികരിക്കുന്നു. എന്നാൽ അതും വിട്ട് ആ സംഭാഷണം സന്ദർഭത്തിൽ നിന്നും സാഹചര്യത്തിൽ നിന്നുമൊക്കെ അടർത്തിമാറ്റി കോട്ടിമാട്ടുകയും ദുരുപയോഗം ചെയ്യുകയുമൊക്കെയാണെങ്കിലോ? അതിന്റെ കുറ്റവും ഗൗരവവും ഒന്നുകൂടി അധികരിക്കുന്നു. ഇത്തരം ക്രൂരവിനോദങ്ങളിൽ ഏർപ്പെട്ട് മറ്റുള്ളവരെ ഉപദ്രവിക്കുന്നവർ അല്ലാഹുവിന്റെ താക്കീത് ഓർക്കുകയും അവന്റെ വിചാരണയെ ഭയക്കുകയും ചെയ്തുകൊള്ളുക:

"അന്ന് നാം അവരുടെ വായകൾക്കു മുദ്രവെക്കുന്നതും അവരുടെ കൈകൾ നമ്മോട് സംസാരിക്കുന്നതും അവർ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി അവരുടെ കാലുകൾ സാക്ഷ്യം വഹിക്കുന്നതുമാണ്" (36: 65).

"തങ്ങളുടെ തൊലികളോട് അവർ പറയും: നിങ്ങളെന്തിനാണ് ഞങ്ങൾക്കെതിരായി സാക്ഷ്യം വഹിച്ചത്? അവ (തൊലികൾ) പറയും: എല്ലാ വസ്തുക്കളെയും സംസാരിപ്പിച്ച അല്ലാഹു ഞങ്ങളെ സംസാരിപ്പിച്ചതാകുന്നു. ആദ്യതവണ നിങ്ങളെ സൃഷ്ടിച്ചത് അവനാണല്ലോ. അവങ്കലേക്കുതന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു. നിങ്ങളുടെ കാതോ നിങ്ങളുടെ കണ്ണുകളോ നിങ്ങളുടെ തൊലികളോ നിങ്ങൾക്ക് എതിരിൽ സാക്ഷ്യം വഹിക്കുമെന്ന് കരുതി നിങ്ങൾ (അവയിൽ നിന്നും) ഒളിഞ്ഞിരിക്കാറുണ്ടായിരുന്നില്ലല്ലോ. എന്നാൽ നിങ്ങൾ വിചാരിച്ചത് നിങ്ങൾ പ്രവർത്തിക്കുന്നതിൽ മിക്കതും അല്ലാഹു അറിയില്ലെന്നാണ്" (41:21-22).

ഓരോ വ്യക്തിയുടെയും ഇരു വശങ്ങളിലുമായി അവന്റെ വാഗ്‌വിചാര കർമങ്ങൾ രണ്ടു മലക്കുകൾ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ട്. അല്ലാഹു പറയുന്നു.

"വലതുഭാഗത്തും ഇടതുഭാഗത്തും ഇരുന്നു കൊണ്ട് ഏറ്റുവാങ്ങുന്ന രണ്ടുപേർ ഏറ്റുവാങ്ങുന്ന സന്ദർഭം. അവൻ ഏതൊരു വാക്ക് ഉച്ചരിക്കുമ്പോഴും അവന്റെ അടുത്ത് തയ്യാറായി നിൽക്കുന്ന നിരീക്ഷകൻ ഉണ്ടാവാതിരിക്കുകയില്ല" (50:17-18).

ചുരുക്കത്തിൽ ഫോണിംഗിലൂടെയോ അല്ലാതെയോ ആയ സംസാരങ്ങൾ അനുവാദമില്ലാതെ റെക്കോർഡ് ചെയ്യലും ദുഷ്ടലാക്കോടെ പ്രചരിപ്പിക്കുകയും ചെയ്യലും കുറ്റകരമാണ്. അത് മാന്യന്മാർക്ക് ചേർന്നതല്ല. വിശ്വാസികളെ അവയിൽനിന്ന് അല്ലാഹു വിലക്കിയിട്ടുണ്ട്.

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവോടും റസൂലിനോടും വഞ്ചന കാണിക്കരുത്. നിങ്ങൾ വിശ്വസിച്ചേൽപിക്കപ്പെട്ട കാര്യങ്ങളിൽ അറിഞ്ഞ് കൊണ്ട് വഞ്ചന കാണിക്കുകയും ചെയ്യരുത്" (8:27).

മറ്റുള്ളവരുടെ ഫോൺ ചോർത്തി അതിലൂടെ ആസ്വാദനം കണ്ടെത്തുന്ന വേറെ ചിലയാളുകളുണ്ട്. ഭാര്യാഭർത്താക്കൻമാരുടെ സംഭാഷണങ്ങളടക്കമുള്ള പലതും കട്ട് കേൾക്കുകയും ആസ്വദിക്കുകയുമൊക്കെ ചിലരുടെ 'ഹോബി'യാണ്. ഉറക്കമൊഴിച്ച് വരെ അത്തരം ക്രൂര വിനോദങ്ങളിലേർപ്പെടുന്നവരുണ്ട്. ഒരുതരം മാനസികരോഗമാണത്. ഉപരിസൂചിത താക്കീതുകൾ അത്തരക്കാർ ഒന്നുകൂടി ഓർത്തുകൊള്ളട്ടെ. അതോടൊപ്പം തന്നെ ഇങ്ങനെയൊക്കെ തനിക്ക് ചുറ്റും നടക്കുന്നുണ്ട് എന്ന് തിരിച്ചറിഞ്ഞ് ഫോണിലൂടെയുള്ള സംസാരങ്ങളിൽ കൂടുതൽ ശ്രദ്ധയും സൂക്ഷ്മതയും പാലിക്കാൻ വിവേകികൾ ശ്രദ്ധിക്കേണ്ടതുണ്ട്. പക്ഷേ, ചിലർക്ക് അവയിലൊന്നും യാതൊരു ശ്രദ്ധയുമില്ല. അല്ലെങ്കിൽ മറ്റുള്ളവർ തങ്ങളുടെ കിന്നാരങ്ങളും ശൃംഗാരങ്ങളും കേൾക്കുന്നതിൽ ഇക്കൂട്ടർ സ്വയം ആനന്ദം കണ്ടെത്തുകയാണോ എന്നറിയില്ല. എങ്കിൽ അത് ഏറെ ഗുരുതരം തന്നെ. സ്വന്തം ഇണയോടൊത്ത് ശയിക്കുകയും എന്നിട്ട് അത് മറ്റുള്ളവരോട് പങ്കുവെക്കുകയും ചെയ്യുന്നതിനെ നബിﷺ ശക്തമായി ആക്ഷേപിച്ചതാണ്. ആളുകളുടെ സംസാരങ്ങൾ കട്ടുകേൾക്കുന്നതിനെ കുറിച്ചും അതിന് പരലോകത്ത് കിട്ടാനിരിക്കുന്ന ശിക്ഷയെ കുറിച്ചും നബിﷺ താക്കീത് ചെയ്തിട്ടുമുണ്ട്:

"മറ്റുള്ളവർ കേൾക്കാൻ ആളുകൾ ഇഷ്ടപ്പെടാത്ത സംസാരങ്ങൾ കട്ട് കേൾക്കുന്നവരുടെ കാതുകളിൽ ഉയർത്തെഴുന്നേൽപ്പിന്റെ നാളിൽ ഈയം ഉരുക്കി ഒഴിക്കുന്നതാണ്" (ബുഖാരി).

### കബളിപ്പിക്കൽ

ശബ്ദം മാറ്റി സംസാരിച്ചുകൊണ്ടും മറ്റും ചിലർ മറ്റുള്ളവരെ ഫോൺ ചെയ്ത് കബളിപ്പിക്കാറുണ്ട്. അന്വേഷണ ഉദ്യോഗസ്ഥനാണെന്നോ പോലീസ് സ്റ്റേഷനിൽ നിന്നാണെന്നോ അതുമല്ലെങ്കിൽ അയാൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന വല്ല കോളുകളുമാണെന്നോ പരിചയപ്പെടുത്തിക്കൊണ്ട് പേടിപ്പിക്കുകയും കബളിപ്പിക്കുകയുമൊക്കെ ചെയ്യൽ ചിലർക്ക് ഒരു തരം കളിയും തമാശയുമാണ്. ഏപ്രിൽ ഒന്നാം തീയതിക്ക് 'വിഡ്ഢി ദിനം' എന്നു ഓമനപ്പേരിട്ട് അല്ലാഹു വിരോധിച്ച ഇത്തരം ക്രൂര വിനോദങ്ങൾക്ക് ന്യായീകരണം നൽകുന്നത് ഏറെ ഗുരുതരമാണ്. അല്ലാഹു നിഷിദ്ധമാക്കിയ ഒരു കാര്യം സ്വന്തം ഇഷ്ടപ്രകാരമോ അല്ലെങ്കിൽ മറ്റുള്ളവരുടെ പ്രേരണയാലോ അനുവദനീയമായി കാണൽ ഒരു വിശ്വാസിക്ക് പാടുള്ളതല്ല. ജീവിതത്തിന്റെ ഏതേത് മേഖലകളിലും അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിക്കാൻ ബാധ്യസ്ഥനാണ് ഒരു യഥാർഥ മുസ്‌ലിം. അതിനാൽ ഇത്തരത്തിലുള്ള ക്രൂരവിനോദങ്ങൾ വിശ്വാസികൾക്ക് ചേർന്നതല്ല. നബിﷺ പറയുന്നു:

"ഒരു മുസ്‌ലിമിനെ ഭീതിപ്പെടുത്താൻ ഒരു മുസ്‌ലിമിന് പാടുള്ളതല്ല" (അഹമദ്, അബൂദാവൂദ്).

ഇത്തരം മര്യാദകളും മാന്യമായ പെരുമാറ്റങ്ങളും ഫോണിംഗിന്റെ കാര്യത്തിലും പാലിക്കേണ്ടതാണ്. വ്യാജ ഫോൺ സന്ദേശങ്ങളിലൂടെ ജനങ്ങളെ കഷ്ടപ്പെടുത്തുന്ന (ബോംബു ഭീഷണി പോലുള്ള) സംഭവങ്ങൾ പതിവായി മാറിയിരിക്കുന്നു. ആളുകളെ ബുദ്ധിമുട്ടിക്കുന്ന, സ്വസ്ഥതയും സമാധാനവും നഷ്ടപ്പെടുത്തി എല്ലാം അവതാളത്തിലാക്കുന്ന ഇത്തരം ക്രൂരകൃത്യങ്ങളിൽ ഒരു കാരണവശാലും സത്യവിശ്വാസികൾ പങ്കുചേരാവതല്ല. മറ്റുള്ളവരുടെ വിഷമങ്ങളിൽ ആനന്ദം കണ്ടെത്തുന്ന ഇത്തരം 'സാഡിസ്റ്റുകൾ' അല്ലാഹുവിന്റെയും മലക്കുകളുടെയും മനുഷ്യരുടെയും ശാപകോപങ്ങൾക്ക് അർഹരാണ്. നീചവും നികൃഷ്ടവുമായ ഇത്തരം ക്രൂരതകളെ കേവലം അക്രമമെന്നോ തെമ്മാടിത്തമെന്നോ പറ

**ശബ്ദം മാറ്റി സംസാരിച്ചുകൊണ്ടും മറ്റും ചിലർ മറ്റുള്ളവരെ ഫോൺ ചെയ്ത് കബളിപ്പിക്കാറുണ്ട്. അന്വേഷണ ഉദ്യോഗസ്ഥനാണെന്നോ പോലീസ് സ്റ്റേഷനിൽ നിന്നാണെന്നോ അതുമല്ലെങ്കിൽ അയാൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന വല്ല കോളുകളുമാണെന്നോ പരിചയപ്പെടുത്തിക്കൊണ്ട് പേടിപ്പിക്കുകയും കബളിപ്പിക്കുകയുമൊക്കെ ചെയ്യൽ ചിലർക്ക് ഒരു തരം കളിയും തമാശയുമാണ്. ഏപ്രിൽ ഒന്നാം തീയതിക്ക് 'വിഡ്ഢി ദിനം' എന്നു ഓമനപ്പേരിട്ട് അല്ലാഹു വിരോധിച്ച ഇത്തരം ക്രൂര വിനോദങ്ങൾക്ക് ന്യായീകരണം നൽകുന്നത് ഏറെ ഗുരുതരമാണ്. അല്ലാഹു നിഷിദ്ധമാക്കിയ ഒരു കാര്യം സ്വന്തം ഇഷ്ടപ്രകാരമോ അല്ലെങ്കിൽ മറ്റുള്ളവരുടെ പ്രേരണയാലോ അനുവദനീയമായി കാണൽ ഒരു വിശ്വാസിക്ക് പാടുള്ളതല്ല.**

ഞ്ഞാൽ പോരാ. അത്തരക്കാരെ പിടികൂടി മാതൃകാപരമായ ശിക്ഷ നൽകൽ നിയമപാലകരുടെയും നീതിപീഠങ്ങളുടെയും കടമയാണ്. സമൂഹത്തിന്റെ സുരക്ഷക്കും സമാധാനത്തിനും അത് അനിവാര്യമാണ് താനും. വഴിതെറ്റി സഞ്ചരിക്കുന്ന ഇത്തരക്കാരുടെ കെടുതികളിൽ നിന്ന് എല്ലാവരെയും അല്ലാഹു കാത്തുരക്ഷിക്കട്ടെ. അത്തരക്കാർക്ക് അല്ലാഹു നല്ലത് തോന്നിപ്പിക്കട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം.

ഫോൺ എന്ന അനുഗ്രഹം ദുരുപയോഗം ചെയ്യുന്ന മറ്റൊരു രീതിയാണ് തന്റെ ഫോണിന്റെ സൗകര്യങ്ങളും മഹത്ത്വങ്ങളും മറ്റുള്ളവർക്ക് മുമ്പിൽ പ്രദർശിപ്പിച്ച് മേനിനടിക്കൽ. അഹന്തയും പെരുമനടിക്കലും ഇസ്‌ലാം വിലക്കിയിട്ടുണ്ട്. അത്തരം ദുഷ്പ്രവർത്തനങ്ങളിലൂടെ നന്മയായി ഒന്നും നേടാനില്ല എന്ന് തിരിച്ചറിയുക. പെരുമനടിക്കുക എന്ന ഈ രോഗം മനുഷ്യരെ പല ലക്ഷ്യങ്ങളിൽ നിന്നും നന്മകളിൽ നിന്നും പാടെ അശ്രദ്ധരാക്കിയിരിക്കുകയാണ് എന്ന ക്വുർആനിക താക്കീത് എന്തുമാത്രം അർഥവത്താണ്.

“നിങ്ങൾ ക്വബ്‌റുകൾ സന്ദർശിക്കുന്നതുവരേക്കും (അഥവാ മരണം വരെയും) പരസ്പരം പെരുമ നടിക്കുക എന്ന കാര്യം നിങ്ങളെ അശ്രദ്ധയിലാക്കിയിരിക്കുന്നു” (102:1-2).

അനുഗ്രഹങ്ങൾ ശാപവും അപകടവുമായി മാറുന്ന ഇത്തരം അവസ്ഥകളുണ്ടാക്കാതിരിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കുക. സർവശക്തനായ അല്ലാഹു അതിന് നമ്മെ അനുഗ്രഹിക്കട്ടെ! ●

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ആരോഗ്യ വിചാരം**
ഹൃദയാരോഗ്യം അറിയേണ്ടതെല്ലാം, ഭാഗം: 13
വീണ്ടെടുക്കാം ഹൃദയാരോഗ്യത്തെ
അവതരണം: ഡോ.പി.പി മുഹമ്മദ് മുസ്തഫ
(Chief Cardiologist and Managing Director, Metromed International Cardiac Centre, CLT)
ഡോ. പി.പി അബ്ദുൽ മാലിക്
(പീസ് റേഡിയോ പ്രതിനിധി)
11.02.19 തിങ്കൾ 9:00 PM

**ഇൻസൈറ്റ്**
സഹായിയാവുക
മുനവ്വർ ഫൈറൂസ്
11.02.19 തിങ്കൾ 6:30 PM

**അന്നൂർ, ക്ലാസ്സ്: 8**
ഫാതിഹ: പാരായണത്തിലെ സൂക്ഷ്മത
അബ്ദുൽ ജബ്ബാർ അബ്ദുല്ല അൽ മദീനി
11.02.19 തിങ്കൾ 10:00 PM

**ഹൃദയ വസന്തം**
സൂറ: ത്വൂർ 38-41, ശുറൈഹ് സലഫി
11.02.19 തിങ്കൾ 07:45 PM

**ഇൻസൈറ്റ്**
ഫാഷിസം
ഡോ. സി മുഹമ്മദ് റാഫി ചെമ്പ്ര
12.02.19 തിങ്കൾ 6:30 PM

**വഴികാട്ടി**
ക്രമീകരണ വൈഭവം
നൗഷാദ് കുന്നത്തേടത്ത്
12.02.19 ചൊവ്വ 09:00 PM

**അടിത്തറകൾ**
ഹദീസിലെ കറാമത്തുകൾ, ഫദ് ലുൽ ഹഖ് ഉമരി
12.02.19 ചൊവ്വ, 09:30 PM, 14.02.19 വ്യാഴം 09:35 AM

**അന്നൂർ, ക്ലാസ്സ്: 9**
ഫാതിഹ: വ്യത്യസ്തമായൊരു സൂറത്ത്
അബ്ദുൽ ജബ്ബാർ അബ്ദുല്ല അൽ മദീനി
13.02.19 ബുധൻ 10:00 PM

**ഇലൽ അറബിയ്യ**
അറബി ഭാഷാ പഠനം, ഭാഗം: 25
ഹുസൈൻ പാലക്കോടൻ
17.02.19 ഞായർ 9:30 PM, 19.02.19 ചൊവ്വ 9:35 AM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

സയ്യിദ് സഹ്ഫർ സാദിക് മദീനി
sahfarsadik@gmail.com



# പ്രാർഥന സ്രഷ്ടാവിനോട് മാത്രം

പ്രവാചകന്മാരെല്ലാം തന്നെ പരമ പ്രധാനമായി ഈ ലോകത്തോട് പ്രബോധനം ചെയ്തത് ആരാധനക്കർഹൻ അല്ലാഹു മാത്രമാണെന്നും അവനെ മാത്രമെ ആരാധിക്കാവൂ, അവനോട് മാത്രമെ പ്രാർഥിക്കാവൂ എന്ന സത്യമായിരുന്നു. അത് വിശുദ്ധക്വുർആൻ ധാരാളം സ്ഥലങ്ങളിൽ വിവരിക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

“ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരുദൂതനെയും നാം അയച്ചിട്ടില്ല” (അൽഅൻബിയാഅ്: 25).

“തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും. ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി)” (അന്നഹ്ൽ: 36).

“പള്ളികൾ അല്ലാഹുവിനുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ചു പ്രാർഥിക്കരുത്” (അൽജിന്ന്: 18).

## പ്രാർഥന ആരാധന തന്നെ

മുസ്‌ലിംകൾ തങ്ങളുടെ ജീവിതം ക്രമപ്പെടുത്തേണ്ടത് വിശുദ്ധ ക്വുർആനും തിരുസുന്നത്തുമാകുന്ന പ്രമാണങ്ങളുടെ വെളിച്ചത്തിലാണ്. പ്രാർഥനാനിർഭരമായ ജീവിതം നയിക്കേണ്ടവരാണ് സത്യവിശ്വാസികൾ. എങ്ങനെ പ്രാർഥിക്കണമന്നും ആരോട് പ്രാർഥിക്കണമെന്നും പ്രമാണങ്ങൾ വ്യക്തമായി മനസ്സിലാക്കിത്തരുന്നുണ്ട്. വിശുദ്ധ ക്വുർആൻ പഠിപ്പിക്കുന്നത് പ്രാർഥന ആരാധന തന്നെയാണ് എന്നാണ്.

നബിﷺ പറഞ്ഞു: "പ്രാർഥന അത് തന്നെയാണ് ആരാധന." എന്നിട്ട് നബിﷺ സൂറഃ അൽ മുഅ്മിനിലെ അറുപതാമത്തെ സൂക്തം പാരായണം ചെയ്തു: "നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ; ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്" (തിർമിദി).

ഇതിൽ അല്ലാഹു പറയുന്നത് നിങ്ങൾ എന്നോട് പ്രാർഥിക്കൂ എന്നാണ്. പ്രാർഥനയെന്ന ആരാധന നടത്താതെ ആരെങ്കിലും അഹങ്കാരം നടിക്കുന്ന പക്ഷം അവന്ന് കഠിനമായ നരക ശിക്ഷയാണുള്ളതെന്നും പറയുന്നു. പ്രാർഥന ആരാധന തന്നെയാണെന്നതിന്ന് വിശുദ്ധ ക്വുർആനിൽ നിന്ന് നമുക്ക് അനേകം വചനങ്ങൾ ഉദ്ധരിക്കുവാൻ സാധിക്കും. ചില വചനങ്ങൾ കാണുക:

"(നബിയേ,) പറയുക: എന്റെ രക്ഷിതാവിങ്കൽ നിന്ന് എനിക്ക് തെളിവുകൾ വന്നുകിട്ടിയിരിക്കെ അല്ലാഹുവിന്ന് പുറമെ നിങ്ങൾ വിളിച്ച് പ്രാർഥിക്കുന്നവരെ ആരാധിക്കുന്നതിൽ നിന്ന് തീർച്ചയായും ഞാൻ വിലക്കപ്പെട്ടിരിക്കുന്നു. ലോകങ്ങളുടെ രക്ഷിതാവിന്ന് ഞാൻ കീഴ്‌പെടണമെന്ന് കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു" (അൽഗാഫിർ: 66).

"...അവനു പുറമെ ആരോട് നിങ്ങൾ പ്രാർഥിക്കുന്നുവോ അവർ ഒരു ഈത്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല" (അൽഫാത്വിർ: 13).

"മനുഷ്യരേ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും അല്ലാഹുവിനു പുറമെ നിങ്ങൾ വിളിച്ച് പ്രാർഥിക്കുന്നവർ ഒരു ഈച്ചയെ പോലും സൃഷ്ടിക്കുകയില്ല. ആതിന്നായി അവരെല്ലാവരും ഒത്തുചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽനിന്ന് വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽ നിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർ തന്നെ" (അൽഹജ്ജ്: 73).

"(നബിയേ,) പറയുക: അല്ലാഹുവിനു പുറമെ നിങ്ങൾ വിളിച്ച് പ്രാർഥിക്കുന്നതിനെ പറ്റി നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? ഭൂമിയിൽ അവർ എന്താണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് നിങ്ങൾ എനിക്ക് കാണിച്ച് തരൂ. അതല്ല ആകാശങ്ങളുടെ സൃഷ്ടിയിൽ വല്ല പങ്കും അവർക്കുണ്ടോ? നിങ്ങൾ സത്യവാന്മാരാണെങ്കിൽ ഇതിന് മുമ്പുള്ള ഏതെങ്കിലും വേദഗ്രന്ഥമോ അറിവിന്റെ വല്ല അംശമോ നിങ്ങൾ എനിക്ക് കൊണ്ടുവന്നു തരുവിൻ" (അൽ അഹ്ക്വാഫ്: 4).

കോഴിക്കോട് വലിയ ക്വാദിയായിരുന്ന സയ്യിദ് അഹ്മദ് ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ എഴുതിയിട്ടുള്ള ക്വുർആൻ പരിഭാഷയിൽ സൂറത്തുൽ ഫാതിഹയിലെ 'ഇയ്യാക നഅ്ബുദു വ ഇയ്യാക നസ്തഈൻ' എന്ന സൂക്തത്തിന്റെ അർഥം കൊടുത്തതിന്ന് ശേഷം അദ്ദേഹം വിവരിക്കുന്നത് ശ്രദ്ധിക്കുക: "നമ്മെ സൃഷ്ടിക്കുകയും പരിപാലിക്കുകയും മറ്റും ചെയ്യുന്നത് ഏകനായ അല്ലാഹുവാണ്. ഈ കാര്യങ്ങളിലൊന്നും മറ്റാർക്കും യാതൊരു പങ്കും ഇല്ല. അതിനാൽ അല്ലാഹുവിനെ മാത്രമെ നാം ആരാധിക്കാൻ പാടുള്ളൂ. അവനോട് മാത്രമെ പ്രാർഥിക്കുവാനും പാടുള്ളൂ. സഹായം തേടുകയെന്നതുകൊണ്ട് പ്രാർഥനയാണ് ഉദ്ദേശം. പ്രാർഥനയാകട്ടെ ഇബാദത്തിന്റെ -ആരാധനയുടെ ഒരു ഭാഗമാണ് താനും'' (അമ്മ ജുസ്അ് പരിഭാഷ, 'സയ്യിദ് അഹ്മദ് ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ' പേജ്: 3)

സഹായം തേടുക എന്ന് പറഞ്ഞാൽ പ്രാർഥനയാകുന്നുവെന്നും പ്രാർഥനയാകട്ടെ ആരാധനയുടെ ഭാഗമായതിനാൽ അല്ലാഹുവിന്നല്ലാതെ മറ്റാർക്കുമത് നൽകുവാൻ പാടില്ലെന്നും അദ്ദേഹം എഴുതിയത് പ്രത്യേകം ശ്രദ്ധിക്കുക.



## പ്രാർഥനയുടെ പ്രാധാന്യം

വിശ്വാസിയുടെ ജീവിതത്തിൽ ഒഴിച്ച് കൂടാൻ പറ്റാത്ത ഒരു കാര്യമാണ് പ്രാർഥന. സത്യവിശ്വാസി ചെയ്യുന്ന എല്ലാ ആരാധനകളിലും പ്രാർഥന ഉൾകൊള്ളുന്നുണ്ട്. അല്ലാഹുവിന്റെ പ്രീതി സമ്പാദിക്കുവാനുള്ള ഏറ്റവും ഉത്തമമായ മാർഗം അവനോട് തന്റെ ആവശ്യങ്ങളൊക്കെ നിരത്തിക്കൊണ്ടുള്ള നിരന്തരമായ പ്രാർഥനയാണ്. അല്ലാഹുവിനോട് പ്രാർഥിക്കാത്തവനെ അല്ലാഹു ഇഷ്ടപ്പെടുകയോ പരിഗണിക്കുകയോ ചെയ്യില്ല. അല്ലാഹു പറയുന്നു:

"(നബിയേ,) പറയുക: നിങ്ങളുടെ പ്രാർഥനയില്ലെങ്കിൽ എന്റെ രക്ഷിതാവ് നിങ്ങൾക്ക് എന്ത് പരിഗണന നൽകാനാണ്? എന്നാൽ നിങ്ങൾ നിഷേധിച്ചു തള്ളിയിരിക്കുകയാണ്. അതിനാൽ അതിനുള്ള ശിക്ഷ അനിവാര്യമായിരിക്കും" (അൽഫുർകാൻ: 77).

പ്രാർഥിക്കാതെ അഹങ്കാരം നടിക്കുകന്നവന്റെ മടക്കം നരകത്തിലേക്കായിരിക്കും. അല്ലാഹു പറയുന്നു:

"നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായികൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്" (ഗാഫിർ: 60).

പ്രാർഥന കൊണ്ട് അല്ലാഹു പാപങ്ങൾ പൊറുത്ത് തരുന്നതാണ്. സൽമാനുൽ ഫാരിസി(റ)യിൽ നിന്ന് നിവേദനം: നബി(ﷺ) പറഞ്ഞു: "അല്ലാഹു ലജ്ജിക്കുന്നവനും ഉദാരനുമാണ്. ഒരു അടിമ അല്ലാഹുവിലേക്ക് കൈകൾ ഉയർത്തി പ്രാർഥിച്ചിട്ട് ഒന്നും നൽകാതെ അവ മടക്കുകയെന്നത് അവൻ ലജ്ജിക്കുന്ന കാര്യമാണ്" (തിർമിദി)

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി(ﷺ) പറഞ്ഞു: "അല്ലാഹുവിന് പ്രാർഥനയെക്കാൾ ആദരവുള്ളയാതൊന്നും തന്നെയില്ല" (തിർമിദി, അൽബാനി ഹസനാണെന്ന് പറഞ്ഞിട്ടുണ്ട്).

അബൂഹുറയ്റ(റ)യിൽ നിന്ന്: നബി(ﷺ) പറഞ്ഞു: "അല്ലാഹുവിനോട് ചോദിക്കാത്തവന്റെ മേൽ അല്ലാഹു കോപിക്കുന്നതാണ്" (തിർമിദി, അൽബാനി ഹസനാണെന്ന് പറഞ്ഞിട്ടുണ്ട്).

**വിശ്വാസിയുടെ ജീവിതത്തിൽ ഒഴിച്ച് കൂടാൻ പറ്റാത്ത ഒരു കാര്യമാണ് പ്രാർഥന. സത്യവിശ്വാസി ചെയ്യുന്ന എല്ലാ ആരാധനകളിലും പ്രാർഥന ഉൾകൊള്ളുന്നുണ്ട്. അല്ലാഹുവിന്റെ പ്രീതി സമ്പാദിക്കുവാനുള്ള ഏറ്റവും ഉത്തമമായ മാർഗം അവനോട് തന്റെ ആവശ്യങ്ങളൊക്കെ നിരത്തിക്കൊണ്ടുള്ള നിരന്തരമായ പ്രാർഥനയാണ്. അല്ലാഹുവിനോട് പ്രാർഥിക്കാത്തവനെ അല്ലാഹു ഇഷ്ടപ്പെടുകയോ പരിഗണിക്കുകയോ ചെയ്യില്ല.**



"നിങ്ങൾ അവരോട് പ്രാർഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുകയില്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ)പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല." (ഫാത്വിർ: 14)

## പ്രാർഥനക്ക് അർഹനാകാനുള്ള യോഗ്യതകൾ

പ്രാർഥനക്ക് അർഹനാവാൻ ധാരാളം യോഗ്യതകൾ ആവശ്യമാണ്. അത് വിശദമായിട്ട് തന്നെ പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്. അതിൽ ചിലത് താഴെ കൊടുക്കുന്നു:

നാം ആവശ്യപ്പെടുന്ന കാര്യങ്ങൾ പ്രാർഥിക്കപ്പെടുന്നവൻ ഉടമപ്പെടുത്തണം

അല്ലാഹു പറയുന്നു: "രാവിനെ അവൻ പകലിൽ പ്രവേശിപ്പിക്കുന്നു. പകലിനെ രാവിലും പ്രവേശിപ്പിക്കു ന്നു. സൂര്യനെയും ചന്ദ്രനെയും അവൻ (തന്റെ നിയമത്തിന്) വിധേയമാക്കുകയും ചെയ്തിരിക്കുന്നു. അവയോരോന്നും നിശ്ചിതമായ ഒരു പരിധിവരെ സഞ്ചരിക്കുന്നു. അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവന്നാകുന്നു ആധിപത്യം. അവനുപുറമെ ആരോട് നിങ്ങൾ പ്രാർഥിക്കുന്നുവോ അവർ ഒരു ഈത്തപ്പഴക്കുരുവിന്റെ പാട പോലും ഉടമപ്പെടുത്തുന്നില്ല" (അൽഫാത്വിർ: 13)

## പ്രാർഥന കേൾക്കണം

അല്ലാഹു പറയുന്നു: "നിങ്ങൾ അവരോട് പ്രാർഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുകയില്ല. ഉയിർത്തെഴുന്നേൽപിന്റെ നാളി

ലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ(അല്ലാഹുവെ)പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല" (അൽഫാത്വിർ:14).

"അവൻ എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു" (അശ്ശൂറാ: 11).

**ആവശ്യപ്പെടുന്ന കാര്യങ്ങൾ നൽകുവാൻ കഴിവുള്ളവനായിരിക്കണം**

നാം എന്തിനാണോ പ്രാർഥിക്കുന്നത് അത് നിറവേറ്റിത്തരുവാൻ കഴിവുള്ളവനോടാണ് നാം പ്രാർഥിക്കേണ്ടത്; സ്വന്തം ശരീരം പോലും ഉടമപ്പെടുത്താത്ത സൃഷ്ടികളോട് പ്രാർഥിച്ചിട്ട് എന്ത് ഫലം? എല്ലാറ്റിനും ഉടമയായുള്ളവനും എല്ലാറ്റിനും കഴിവുള്ളവനുമായി അല്ലാഹു മാത്രമേയുള്ളൂ. അല്ലാഹു പറയുന്നു: "തീർച്ചയായും അല്ലാഹു എല്ലാറ്റിനും കഴിവുള്ളവനാകുന്നു" (അന്നഹ്ൽ:77).

**അല്ലാഹുവിനോട് പ്രാർഥിക്കുവാൻ മധ്യവർത്തിയുടെ ആവശ്യമില്ല**

അല്ലാഹു ആവശ്യപ്പെടുന്നത് അല്ലാഹുവിനോട് നേരിട്ട് പ്രാർഥിക്കുവാനാണ്. അല്ലാഹുവിന്റെയും പ്രാർഥനയുടെയും ഇടയിൽ ഒരു മധ്യവർത്തിയുടെ ആവശ്യമില്ല. ഇന്ന് ചിലരൊക്കെ പ്രചരിപ്പിക്കുന്നത് നമ്മുടെ പ്രാർഥന അല്ലാഹു സ്വീകരിക്കണമെങ്കിൽ നാം നേരിട്ട് പ്രാർഥിച്ചിട്ട് കാര്യമില്ല; മഹാന്മാർ മുഖേന ചോദിക്കണം എന്നാണ്. ഇത് അല്ലാഹുവിന്റെ പേരിലുള്ള കറ്റുകെട്ടി പറയലാണ്. അല്ലാഹു വളരെ വ്യക്തമായി നമ്മെ പഠിപ്പിക്കുന്നത് കാണുക:

"നിന്നോട് എന്റെ ദാസന്മാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്നു പറയുക). പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്" (അൽബക്വറ: 186).

ആയതിനാൽ അല്ലാഹുവിനോട് പ്രാർഥിക്കുവാൻ മലക്കുകളുടെയോ, പ്രവാചകന്മാരുടെയോ, വലിയ്യുകളുടെയോ, ബീവിമാരുടെയോ, കറാമത്ത് വാദികളുടേയോ, പുരോഹിതന്മാരുടെയോ ഒന്നും ആവശ്യമില്ല. നാം നേരിട്ട് അല്ലാഹുവിനോട് പ്രാർഥിക്കുക. എന്നാലേ അല്ലാഹു ഉത്തരം നൽകൂ.

**പ്രാർഥനയുടെ നിബന്ധനകൾ**

പ്രാർഥിക്കുന്നതിന് മുമ്പ് നാം ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ പണ്ഡിതന്മാർ ഉണർത്തുന്നുണ്ട്. അവയിൽ ചിലത് താഴെ കൊടുക്കുന്നു:

1. പ്രാർഥന, എല്ലാം കേൾക്കുകയും കാണുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സർവലോക രക്ഷിതാവായ അല്ലാഹുവിനോടായിരിക്കുക. അവനല്ലാത്തവരോടുള്ള പ്രാർഥന ശിർക്കാണ്. ശിർക്ക് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല തന്നെ.

2. നിഷിദ്ധമായ ലക്ഷ്യങ്ങൾക്ക് വേണ്ടി പ്രതാപവും ദീർഘായുസ്സും സമ്പത്തും ചോദിക്കുക. ഉദാഹരണം: പരസ്പരം പെരുമ നടിക്കുവാനും കിടമൽസരം നടത്തുവാനും വേണ്ടി ദീർഘായുസ്സും സമ്പത്തും ചോദിക്കുക. ഇങ്ങനെയുള്ള ഉദ്ദേശങ്ങൾ ഒഴിവാക്കണം. നല്ല ഉദ്ദേശത്തിന് മാത്രമെ അല്ലാഹുവിനോട് പ്രാർഥിക്കാവൂ.

3. അല്ലാഹുവിനെ പരീക്ഷിക്കുന്ന രൂപത്തിലുള്ള പ്രാർഥനയാകുവാൻ പാടില്ല. അല്ലാഹുവിനോട് നേരിട്ട്, എനിക്ക് നൽകേണമേ എന്ന് ഉറപ്പിച്ച് പ്രാർഥിക്കുക.

4. ജമാഅത്ത് നമസ്കാരത്തെ പോലെയുള്ള ആസന്നമായ ആരാധനകളുടെ സമയത്തെ തൊട്ട് ശ്രദ്ധ തെറ്റിക്കുന്ന രൂപത്തിൽ പ്രാർഥിക്കാതിരിക്കുക.

5. ചെറുതും വലുതുമായ തന്റെ എല്ലാ ആവശ്യങ്ങളും അല്ലാഹുവിനോട് ചോദിക്കുക.

6. അല്ലാഹുവിന്റെ നല്ല നാമങ്ങൾ മുൻനിർത്തി പ്രാർഥിക്കുക. വാസ്തവമാണെങ്കിൽ പോലും അല്ലാഹുവിനെ വാഴ്ത്തലും സ്തുതിക്കലും ഉൾക്കൊള്ളാത്ത നാമങ്ങൾ ഒഴിവാക്കുക. ഉദാഹരണം: 'അല്ലയോ ഉപദ്രവിക്കുന്നവനേ,' 'അല്ലയോ പാമ്പിന്റെയും തേളിന്റെയും സ്രഷ്ടാവേ...' ഇങ്ങനെയുള്ളത് ഒഴിവാക്കുക.

7. അല്ലാഹുവിനോട് ഭയഭക്തിയോടെ, വിനയത്തോടെ പ്രാർഥിക്കുക.

8. തന്റെ ഭക്ഷണ പാനീയങ്ങളിൽ നിന്നും, വസ്ത്രത്തിൽ നിന്നും നിഷിദ്ധമായത് ഒഴിവാക്കി ശുദ്ധീകരിക്കുക.

9. ഉത്തരം ലഭിക്കുമെന്നുള്ള ഒരു ഉറച്ച മനസ്സോടെ പ്രാർഥിക്കുക.

10. അല്ലാഹുവിന്റെ ശിക്ഷയെ ഭയപ്പെട്ടുകൊണ്ടും കാരുണ്യത്തിൽ പ്രതീക്ഷ വെച്ചുകൊണ്ടും പ്രാർഥിക്കുക.

"...ഭയപ്പാടോടുകൂടിയും പ്രതീക്ഷയോടു കൂടിയും നിങ്ങൾ അവനെ വിളിച്ച് പ്രാർഥിക്കുക. തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സൽകർമകാരികൾക്ക് സമീപസ്ഥമാകുന്നു" (അൽഅഅ്റാഫ്: 56).

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com





2

# സകരിയ്യാ നബി عليه السلام

സൂറഃ മർയമിൽ സകരിയ്യാ നബി(عليه السلام)യുടെ പ്രാർഥന യുടെ രൂപം ഒന്നു കൂടി വിശദമായി അല്ലാഹു നമുക്ക് പഠിപ്പിച്ചു തരുന്നുണ്ട്:

"...നിന്റെ രക്ഷിതാവ് തന്റെ ദാസനായ സകരിയ്യാക്ക് ചെയ്ത അനുഗ്രഹത്തെ സംബന്ധിച്ചുള്ള വിവരണമത്രെ ഇത്. (അതായത്) അദ്ദേഹം തന്റെ രക്ഷിതാവിനെ പതുക്കെ വിളിച്ച് പ്രാർഥിച്ച സന്ദർഭം. അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, എന്റെ എല്ലുകൾ ബലഹീനമായിക്കഴിഞ്ഞിരിക്കുന്നു. തലയാണെങ്കിൽ നരച്ചു തിളങ്ങുന്നതായിരിക്കുന്നു. എന്റെ രക്ഷിതാവേ, നിന്നോട് പ്രാർഥിച്ചിട്ട് ഞാൻ ഭാഗ്യം കെട്ടവനായിട്ടില്ല. എനിക്ക് പുറകെ വരാനുള്ള ബന്ധുമിത്രാദികളെപ്പറ്റി എനിക്ക് ഭയമാകുന്നു. എന്റെ ഭാര്യയാണെങ്കിൽ വന്ധ്യയുമാകുന്നു. അതിനാൽ നിന്റെ പക്കൽ നിന്ന് നീ എനിക്ക് ഒരു ബന്ധുവെ (അവകാശിയെ) നൽകേണമേ. എനിക്ക് അവൻ അനന്തരാവകാശിയായിരിക്കും. യഅ്ക്വൂബ് കുടുംബത്തിനും അവൻ അനന്തരാവകാശിയായിരിക്കും. എന്റെ രക്ഷിതാവേ, അവനെ നീ (ഏവർക്കും) തൃപ്തിപ്പെട്ടവനാക്കുകയും ചെയ്യേണമേ" (19:16).

സൂറഃ അൽഅമ്പിയാഉൽ സകരിയ്യാ നബിﷺയുടെ പ്രാർഥന ഇപ്രകാരം കാണാവുന്നതാണ്: “സകരിയ്യായെയും (ഓർക്കുക). അദ്ദേഹം തന്റെ രക്ഷിതാവിനെ വിളിച്ച് ഇപ്രകാരം പ്രാർഥിച്ച സന്ദർഭം: എന്റെ രക്ഷിതാവേ, നീ എന്നെ ഏകനായി (പിന്തുടർച്ചക്കാരില്ലാതെ) വിടരുതേ. നീയാണല്ലോ അനന്തരാവകാശമെടുക്കുന്നതിൽ ഏറ്റവും ഉത്തമൻ” (21:89).



വളരെ രഹസ്യമായിട്ടാണ് സകരിയ്യാﷺ പ്രാർഥിക്കുന്നത്. ആ ശൈലിയെ അല്ലാഹു പ്രശംസിക്കുകയാണ് ചെയ്തത്. അപ്രകാരം പ്രാർഥിക്കുന്നിന് പ്രത്യേകതയുമുണ്ട്. അല്ലാഹു പറയുന്നു:

“താഴ്മയോടു കൂടിയും രഹസ്യമായിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കുക. പരിധി വിട്ട് പോകുന്നവരെ അല്ലാഹു ഇഷ്ടപ്പെടുക തന്നെയില്ല” (8:55).

പതുക്കെ പ്രാർഥിക്കുന്നതിന് പ്രത്യേകതയുണ്ട് എന്ന് വ്യക്തം. എന്നാൽ ഉച്ചത്തിൽ പ്രാർഥിക്കേണ്ട അവസരങ്ങളിൽ ഉച്ചത്തിൽ തന്നെ പ്രാർഥിക്കണം. വിത്‌റിലെ ക്വുനൂത്ത് പോലെയുള്ള അവസരങ്ങളിൽ മഅ്മൂമുകൾക്ക് ആമീൻ പറയണമെങ്കിൽ ഇമാം ഉച്ചത്തിൽ പ്രാർഥിക്കണമല്ലോ. എന്നാൽ തനിച്ചായിരിക്കുന്ന വേളയിൽ രഹസ്യമായിട്ടായിരിക്കണം നാം പ്രാർഥിക്കേണ്ടത്. ഇമാം ഹസനുൽ ബസ്വരി(റഹി) പറയുന്നു:

“രഹസ്യമായ പ്രാർഥനയുടെയും പരസ്യമായ പ്രാർഥനയുടെയും ഇടയിൽ എഴുപത് ഇരട്ടി (വ്യത്യാസമുണ്ട്). (മുൻഗാമികളായ) മുസ്‌ലിംകൾ പ്രാർഥനയിൽ കഠിനാധ്വാനം ചെയ്യുന്നവരായിരുന്നു. (അവരുടെ പ്രാർഥനയുടെ) ശബ്ദം കേൾക്കുമായിരുന്നില്ല. (ശബ്ദം) ഉണ്ടായിരുന്നതായാൽ അവരുടെയും അവരുടെ രക്ഷിതാവിന്റെയും ഇടയിലുള്ള നേരിയ ശബ്ദമല്ലാതെ (കേൾക്കാറില്ലായിരുന്നു). അതാണ് അല്ലാഹു പറയുന്നത്: ‘താഴ്മയോടു കൂടിയും രഹസ്യമായിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കുക.’ അല്ലാഹു സ്വാലിഹായ അടിമയെ സ്മരിക്കുകയും അദ്ദേഹത്തിന്റെ പ്രവൃത്തിയെ തൃപ്തിപ്പെടുകയും ചെയ്തു. എന്നിട്ട് അല്ലാഹു പറഞ്ഞു: അദ്ദേഹം തന്റെ രക്ഷിതാവിനെ പതുക്കെ വിളിച്ച് പ്രാർഥിച്ച സന്ദർഭം...” (തഫ്സീറുൽ ബഗവി).

രഹസ്യമായി അല്ലാഹുവിനോട് പ്രാർഥിക്കുന്നത് കൊണ്ട് പല ഗുണങ്ങളും നമുക്ക് ലഭിക്കുവാനുണ്ട്. ശൈഖുൽ ഇസ്‌ലാം ഇബ്നു തയ്മിയഃ(റഹി) അതു സംബന്ധമായി പറയുന്നതിന്റെ ചുരുക്കം കാണുക: “പ്രാർഥന സ്വകാര്യമാക്കുന്നതിൽ എണ്ണമറ്റ ഉപകാരങ്ങളുണ്ട്. അതിൽ ഒന്ന്, അത് വിശ്വാസത്തിന്റെ മഹത്തായ അടയാളമാണ് എന്നതാണ്. കാരണം, രഹസ്യമായി പ്രാർഥിക്കുന്നയാൾ അല്ലാഹു രഹസ്യമായി പ്രാർഥിക്കുന്നത് കേൾക്കുന്നവനാണ് എന്ന് അറിയുന്നവനാണ്. അതിൽ രണ്ടാമത്തേത്,അതാണ് ഏറ്റവും നല്ല മര്യാദയും ബഹുമാനിക്കലും. കാരണം, രാജാക്കന്മാരുടെ സദസ്സിൽ അവരുടെ ശബ്ദത്തെക്കാൾ മറ്റുള്ളവരുടെ ശബ്ദം ഉയരുന്നത് അവർ ഇഷ്ടപ്പെടില്ലല്ലോ. അല്ലാഹു ഈ രാജാക്കന്മാരുടെ രാജാവാണല്ലോ. മൂന്ന്, അതാണ് വിനയത്തിന്റെയും ഭയഭക്തിയുടെയും അങ്ങേയറ്റം (ഉള്ള അവസ്ഥ). ഭയഭക്തിയിലാണല്ലോ പ്രാർഥനയുടെ ആത്മാവ് നിലകൊള്ളുന്നത്. നാല്, അപ്രകാരമുള്ള പ്രാർഥനയാണ് നിഷ്കളങ്കമായതിൽ അങ്ങേയറ്റമുള്ളത്. അഞ്ച്, അപ്രകാരം പ്രാർഥിക്കുന്നവൻ അല്ലാഹുവിനോട് അടുത്തവനാണ് എന്നാണ് അറിയിക്കുന്നത്.”

പതുക്കെ പ്രാർഥിക്കുന്നവർക്ക് മുകളിൽ പറഞ്ഞ ധാരാളം ഗുണങ്ങൾ കരസ്ഥമാക്കാൻ സാധിക്കുന്നതാണ് എന്ന് ചുരുക്കം.

**പതുക്കെ പ്രാർഥിക്കുന്നതിന് പ്രത്യേകതയുണ്ട് എന്ന് വ്യക്തം. എന്നാൽ ഉച്ചത്തിൽ പ്രാർഥിക്കേണ്ട അവസരങ്ങളിൽ ഉച്ചത്തിൽ തന്നെ പ്രാർഥിക്കണം. വിത്‌റിലെ ക്വുനൂത്ത് പോലെയുള്ള അവസരങ്ങളിൽ മഅ്മൂമുകൾക്ക് ആമീൻ പറയണമെങ്കിൽ ഇമാം ഉച്ചത്തിൽ പ്രാർഥിക്കണമല്ലോ. എന്നാൽ തനിച്ചായിരിക്കുന്ന വേളയിൽ രഹസ്യമായിട്ടായിരിക്കണം നാം പ്രാർഥിക്കേണ്ടത്.**

**മക്കളില്ലാതെ മരണപ്പെട്ടു പോയാൽ തന്റെ സമ്പത്ത് എന്താകും, അതിന്റെ അനന്തരാവകാശി ആരാകും എന്നൊക്കെയാണല്ലോ സാധാരണ ആളുകൾക്കിടയിൽ നാം കണ്ടുവരുന്ന ആശങ്ക. ഇത്തരം ആശങ്കയും നിരാശയുമൊന്നും സകരിയ്യാ നബി(عليه السلام)യിൽ ഉണ്ടായിരുന്നില്ല. പ്രവാചകന്മാരുടെ സമ്പത്ത് അനന്തരമെടുക്കപ്പെടില്ല എന്നാണ് പ്രമാണങ്ങൾ മനസ്സിലാക്കിത്തരുന്നത്. സകരിയ്യാ നബി(عليه السلام)ക്ക് വിട്ടേച്ചു പോകാൻ മാത്രം വലിയ സമ്പത്ത് ഉണ്ടാകാനും തരമില്ല. കാരണം, സകരിയ്യാ(عليه السلام) ഒരു മരപ്പണിക്കാരനായിരുന്നു എന്നാണ് ഹദീഥിൽ കാണുന്നത്.**



സകരിയ്യാ നബി(عليه السلام)യുടെ പ്രാർഥനയിലേക്ക് തന്നെ നമുക്ക് മടങ്ങാം. ഒരു കുഞ്ഞ് ജനിക്കുവാനുള്ള സാധാരണ സാധ്യതകളെല്ലാം മങ്ങിയ അവസ്ഥയിലും അല്ലാഹുവിലുള്ള പ്രതീക്ഷ സകരിയ്യാ നബി(عليه السلام)ക്കും ഭാര്യക്കും നഷ്ടമായില്ല എന്ന് പ്രാർഥന ബോധ്യപ്പെടുത്തുന്നു.

സന്താനമില്ലാത്തതിനുള്ള വിഷമം സ്വാഭാവികമാണ്; പ്രവാചകനായതുകൊണ്ട് അത് ഇല്ലാതിരിക്കില്ല. എന്നാൽ അതിനെക്കാൾ അദ്ദേഹത്തെ അലട്ടുന്നത് ഒരു അനന്തരാവകാശി തനിക്ക് ഇല്ലാതെ പോയാൽ ശരിയായ മാർഗദർശനത്തിലൂടെ പിൻഗാമികളെ വഴി നടത്തുവാൻ ആളില്ലാതെ പോകുമോ എന്ന ചിന്തയാണ്. അതിനാൽ അതിന് ഉതകുന്ന ഒരു സന്താനത്തെ ലഭിക്കുവാനാണ് അദ്ദേഹത്തിന്റെ പ്രാർഥന.

മക്കളില്ലാതെ മരണപ്പെട്ടു പോയാൽ തന്റെ സമ്പത്ത് എന്താകും, അതിന്റെ അനന്തരാവകാശി ആരാകും എന്നൊക്കെയാണല്ലോ സാധാരണ ആളുകൾക്കിടയിൽ നാം കണ്ടുവരുന്ന ആശങ്ക. ഇത്തരം ആശങ്കയും നിരാശയുമൊന്നും സകരിയ്യാ നബി(عليه السلام)യിൽ ഉണ്ടായിരുന്നില്ല. പ്രവാചകന്മാരുടെ സമ്പത്ത് അനന്തരമെടുക്കപ്പെടില്ല എന്നാണ് പ്രമാണങ്ങൾ മനസ്സിലാക്കിത്തരുന്നത്. സകരിയ്യാ നബി(عليه السلام)ക്ക് വിട്ടേച്ചു പോകാൻ മാത്രം വലിയ സമ്പത്ത് ഉണ്ടാകാനും തരമില്ല. കാരണം, സകരിയ്യാ(عليه السلام) ഒരു മരപ്പണിക്കാരനായിരുന്നു എന്നാണ് ഹദീഥിൽ കാണുന്നത്.

അനന്തരാവകാശിയായി സന്താനത്തെ ചോദിച്ചത്, അല്ലാഹുവിന്റെ മതം അനുസരിച്ച് ജീവിക്കുന്ന ഒരു തലമുറ ഇവിടെ നിലനിൽക്കണം എന്ന ആശയാൽ മാത്രമാണ്. സകരിയ്യാ നബി(عليه السلام)യുടെ പ്രാർഥന അല്ലാഹു സ്വീകരിച്ചു; അതിന് ഉത്തരം നൽകി.

“അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകുകയും അദ്ദേഹത്തിന് (മകൻ) യഹ്‌യായെ നാം പ്രദാനം ചെയ്യുകയും, അദ്ദേഹത്തിന്റെ ഭാര്യയെ നാം (ഗർഭധാരണത്തിന്) പ്രാപ്തയാക്കുകയും ചെയ്തു” (ക്വുർആൻ 21:90).

അതുവരെ ഗർഭിണിയാകാത്ത, ആർത്തവം ഉണ്ടായിട്ടില്ലാത്ത, അണ്ഡോല്പാദനം നടക്കാത്ത, ചില ശാരീരിക ന്യൂനതകളുള്ള അവസ്ഥയിലായിരുന്നു സകരിയ്യാ നബി(عليه السلام)യുടെ ഭാര്യ. എന്നാൽ അല്ലാഹു സകരിയ്യാ നബി(عليه السلام)ക്ക് സന്താനത്തെ നൽകാൻ തീരുമാനിച്ചത് മുതൽ സ്ഥിതിഗതികൾ മാറി. ഗർഭധാരണത്തിന് സജ്ജമാകുന്ന അവസ്ഥയിൽ എല്ലാ ന്യൂനതകളും ഒഴിവായി സ്‌ത്രൈണതയുടെ പൂർത്തീകരണം നടക്കുകയായി. അല്ലാഹു അവർക്ക് യഹ്‌യായെ പ്രദാനം ചെയ്തു. അല്ലാഹു പറയുന്നു:

“അങ്ങനെ അദ്ദേഹം മിഹ്‌റാബിൽ പ്രാർഥിച്ചുകൊണ്ട് നിൽക്കുമ്പോൾ മലക്കുകൾ അദ്ദേഹത്തെ വിളിച്ചുകൊണ്ടു പറഞ്ഞു: യഹ്‌യാ(എന്ന കുട്ടി)യെപ്പറ്റി അല്ലാഹു നിനക്ക് സന്തോഷവാർത്ത അറിയിക്കുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള ഒരു വചനത്തെ ശരിവെക്കുന്നവനും നേതാവും ആത്മനിയന്ത്രണമുള്ളവനും സദ്‌വൃത്തരിൽ പെട്ട ഒരു പ്രവാചകനും ആയിരിക്കും അവൻ” (ക്വുർആൻ 3:39).

“ഹേ, സകരിയ്യാ, തീർച്ചയായും നിനക്ക് നാം ഒരു ആൺകുട്ടിയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നു. അവന്റെ പേര് യഹ്‌യാ എന്നാകുന്നു. മുമ്പ് നാം ആരെയും അവന്റെ പേര് ഉള്ളവരാക്കിയിട്ടില്ല” (ക്വുർആൻ19:7).

സകരിയ്യാ(عليه السلام) ബൈത്തുൽ മക്വ്ദിസിലെ അദ്ദേഹത്തിന്റെ പ്രാർഥനാമണ്ഡപത്തിൽ വെച്ച് നമസ്കരിച്ചു കൊണ്ടിരിക്കെ അല്ലാഹു അദ്ദേഹത്തിന് സന്തോ

**ർഭിണിയാകാത്ത, ആർത്തവം ഉണ്ടായിട്ടില്ലാത്ത, അണ്ഡോല്പാദനം നടക്കാത്ത, ചില ശാരീരിക ന്യൂനതകളുള്ള അവസ്ഥയിലായിരുന്നു സകരിയ്യാ നബിﷺയുടെ ഭാര്യ. എന്നാൽ അല്ലാഹു സകരിയ്യാ നബിﷺക്ക് സന്താനത്തെ നൽകാൻ തീരുമാനിച്ചത് മുതൽ സ്ഥിതിഗതികൾ മാറി. ഗർഭധാരണത്തിന് സജ്ജമാകുന്ന അവസ്ഥയിൽ എല്ലാ ന്യൂനതകളും ഒഴിവായി സ്ത്രൈണതയുടെ പൂർത്തീകരണം നടക്കുകയായി. അല്ലാഹു അവർക്ക് യഹ്‌യായെ പ്രദാനം ചെയ്തു.**

ഷവാർത്ത അറിയിച്ചു; ഒരു ആൺകുഞ്ഞ് ജനിക്കാൻ പോകുന്ന വിവരം. പേരും അല്ലാഹു തന്നെ അറിയിച്ചു. 'യഹ്‌യാ' എന്നാണ് കുഞ്ഞിന്റെ പേര്. ആ പേര്ഇതുവരെ ആർക്കും ഉണ്ടായിട്ടുമില്ല എന്നും അല്ലാഹു സകരിയ്യാ നബിﷺയെ അറിയിച്ചു. ആശിച്ചത് പോലുള്ള ഒരു സന്താനം! പെട്ടെന്ന് ഈ വിവരം കേട്ടപ്പോൾ സകരിയ്യാ നബിﷺക്ക് അത്ഭുതമായി. അദ്ദേഹം ചോദിച്ചു:

"...എന്റെ രക്ഷിതാവേ, എനിക്കെങ്ങനെയാണ് ഒരു ആൺകുട്ടിയുണ്ടാവുക? എനിക്ക് വാർധക്യമെത്തിക്കഴിഞ്ഞു. എന്റെ ഭാര്യയാണെങ്കിൽ വന്ധ്യയാണ് താനും. അല്ലാഹു പറഞ്ഞു: അങ്ങനെ തന്നെയാകുന്നു; അല്ലാഹു താൻ ഉദ്ദേശിക്കുന്നത് ചെയ്യുന്നു" (ക്വുർആൻ 3:40).

"അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, എനിക്കെങ്ങനെ ഒരു ആൺകുട്ടിയുണ്ടാകും? എന്റെ ഭാര്യ വന്ധ്യയാകുന്നു. ഞാനാണെങ്കിൽ വാർധക്യത്താൽ ചുക്കിച്ചുളിഞ്ഞ അവസ്ഥയിലെത്തിയിരിക്കുന്നു" (ക്വുർആൻ 19:8).

സകരിയ്യാﷺ അത്ഭുതത്തോടെ ചോദിച്ചപ്പോൾ അല്ലാഹു അദ്ദേഹത്തിന് ഇപ്രകാരം ഉത്തരം നൽകി:

"അവൻ (അല്ലാഹു) പറഞ്ഞു: അങ്ങനെ തന്നെ. മുമ്പ് നീ യാതൊന്നുമല്ലാതിരുന്നപ്പോൾ നിന്നെ ഞാൻ സൃഷ്ടിച്ചിരിക്കെ, ഇത് എന്നെ സംബന്ധിച്ചിടത്തോളം ഒരു നിസ്സാര കാര്യം മാത്രമാണ് എന്ന് നിന്റെ രക്ഷിതാവ് പ്രഖ്യാപിച്ചിരിക്കുന്നു" (ക്വുർആൻ 19:9).

അത്ഭുതകരമായ സംഭവമാണല്ലോ ഇവിടെ സംഭവിച്ചിരിക്കുന്നത്. അല്ലാഹുവിനെ സംബന്ധിച്ച് ഇതൊന്നും വലിയ കാര്യമല്ല. വളരെ നിസ്സാരമാണ്. ഒരു കാര്യം നടക്കാൻ സൃഷ്ടികൾക്കാണല്ലോ പ്രകൃതി സഹജമായ കാരണങ്ങളുടെ ആവശ്യം. എന്നാൽ അല്ലാഹുവിന് ഒരു കാര്യം നടത്താൻ ഒരു കാരണത്തിന്റെയും ആവശ്യമില്ല.

ഭാര്യ ഗർഭിണിയാണെന്ന വിവരം അല്ലാഹു സകരിയ്യാﷺന് അറിയിച്ചല്ലോ. അവർ ഗർഭിണിയാണ് എന്ന് എനിക്ക് മനസ്സിലാകാൻ ഒരു ദൃഷ്ടാന്തം എനിക്ക് നൽകണമെന്ന് സകരിയ്യാﷺ അല്ലാഹുവിനോട് ചോദിച്ചു. അതിന് അല്ലാഹു മറുപടിയും നൽകി. അത് ഇപ്രകാരമായിരുന്നു:

"അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, എനിക്ക് ഒരു അടയാളം ഏർപെടുത്തിത്തരേണമേ. അല്ലാഹു പറഞ്ഞു: നിനക്കുള്ള അടയാളം ആംഗ്യരൂപത്തിലല്ലാതെ മൂന്നു ദിവസം നീ മനുഷ്യരോട് സംസാരിക്കാതിരിക്കലാകുന്നു. നിന്റെ രക്ഷിതാവിനെ നീ ധാരാളം ഓർമിക്കുകയും വൈകുന്നേരവും രാവിലെയും അവന്റെ പരിശുദ്ധിയെ നീ പ്രകീർത്തിക്കുകയും ചെയ്യുക" (ക്വുർആൻ 3:40).

"അദ്ദേഹം (സകരിയ്യാ) പറഞ്ഞു: നീ എനിക്ക് ഒരു ദൃഷ്ടാന്തം ഏർപെടുത്തിത്തരേണമേ. അവൻ (അല്ലാഹു) പറഞ്ഞു: നിനക്കുള്ള ദൃഷ്ടാന്തം വൈകല്യമൊന്നും ഇല്ലാത്തവനായിരിക്കെത്തന്നെ ജനങ്ങളോട് മൂന്ന് രാത്രി (ദിവസം) നീ സംസാരിക്കാതിരിക്കലാകുന്നു" (ക്വുർആൻ 19:10).

തുടർച്ചയായ മൂന്ന് ദിവസങ്ങൾ നിനക്ക് സംസാരിക്കാൻ സാധിക്കില്ല എന്നതാണ് നിന്റെ ഭാര്യ ഗർഭിണിയാണ് എന്നതിനുള്ള തെളിവ് എന്ന് സകരിയ്യാ നബിﷺയോട് അല്ലാഹു പറഞ്ഞു.

സകരിയ്യാ നബിﷺ എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും ബൈത്തുൽ മക്ദിസിലെ പ്രാർഥനാ മണ്ഡപത്തിൽ പ്രവേശിക്കാറുണ്ടായിരുന്നു. ഇനിയുള്ള മൂന്ന് നാളുകളിൽ ബൈത്തുൽ മക്ദിസിൽ പ്രവേശിക്കുമ്പോൾ ജനങ്ങളോട് സംസാരിക്കാൻ കഴിയില്ല. ആ സമയത്ത് ജനങ്ങളോട് ആംഗ്യഭാഷയിലൂടെ സംസാരിക്കണം.


അങ്ങനെ സകരിയ്യാﷺ മിഹ്റാബിൽ പ്രവേശിക്കുന്ന രംഗം ക്വുർആൻ പറയുന്നത് കാണുക:

"അങ്ങനെ അദ്ദേഹം പ്രാർഥനാമണ്ഡപത്തിൽ നിന്ന് തന്റെ ജനങ്ങളുടെ അടുക്കലേക്ക് പുറപ്പെട്ടു. എന്നിട്ട്, നിങ്ങൾ രാവിലെയും വൈകുന്നേരവും അല്ലാഹുവിന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുക എന്ന് അവരോട് ആംഗ്യം കാണിച്ചു" (ക്വുർആൻ 19:11).

സകരിയ്യാ നബിﷺക്ക് അല്ലാഹുവിന്റെ അനുഗ്രഹത്താൽ യഹ്‌യാ എന്ന് അല്ലാഹു തന്നെ പേരിട്ട ഒരു ആൺകുട്ടി ജനിച്ചു.

**(അടുത്ത ലക്കത്തിൽ യഹ്‌യാ നബിﷺ)**

മുബാറക്ബിൻ ഉമർ
mail@nerpatham.com



# മലക്ക് = മാലാഖ?

മലക്കുകളിലുള്ള വിശ്വാസം ഈമാൻ കാര്യങ്ങളിൽ പെട്ടതാണ്. പ്രകാശം കൊണ്ടാണ് മലക്കുകൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യൻ മണ്ണ് കൊണ്ടും ജിന്ന് തീകൊണ്ടും സൃഷ്ടിക്കപ്പെട്ടതായി ക്വുർആൻ ചൂണ്ടിക്കാണിക്കുന്നു. ദൈവ കൽപനകൾ സർവാത്മനാ അനുസരിച്ചു ജീവിക്കുന്നവരാണ് മലക്കുകൾ.

മലക്ക് എന്നതിന് 'മാലാഖ' എന്ന് വ്യാപകമായി അർഥം നൽകപ്പെട്ട് കാണുന്നുണ്ട്. ലേഖനങ്ങളിലും പ്രഭാഷണങ്ങളിലും അങ്ങനെയാണ് പലരും പറയാറ്. കൃത്യമായ മലയാളപദം ഇല്ലാത്തത്കൊണ്ടു തന്നെയായിരിക്കണമത്. പല അറബി സാങ്കേതിക പദങ്ങൾക്കും കൃത്യമായ ഭാഷാന്തരീകരണം സാധ്യമല്ല. അനുയോജ്യമായ പദം മലയാളത്തിൽ ഇല്ലാത്തത് തന്നെ കാരണം. അതുകൊണ്ട് അതേ അറബി പദം തന്നെ പ്രയോഗിക്കാറുമുണ്ട്; സകാത്ത്, ഹജ്ജ് പോലെ.

മാലാഖയെ സ്ത്രീയായിട്ടാണ് കരുതിപ്പോരുന്നത്. ക്രിസ്ത്യൻ ചർച്ചുകളിലും മറ്റും മാലാഖമാരുടെ ചിത്രം സ്ത്രീരൂപങ്ങളിലായിട്ടാണ് വരച്ചുകണ്ടിട്ടുള്ളത്. 'മാലാഖ' എന്ന് കേൾക്കുമ്പോൾ തന്നെ അത് സ്ത്രീയുടെ രൂപത്തിലാണ് മനസ്സിൽ വരിക.

അറബികളായ ബഹുദൈവാരാധകർ മലക്കുകൾ അല്ലാഹുവിന്റെ പുത്രിമാരാണെന്ന് പറഞ്ഞിരുന്നു. അവർക്ക് ആൺകുട്ടികളോടായിരുന്നു പ്രിയം. തങ്ങൾക്കുവേണ്ടി പോരാടുന്നതും വംശം നിലനിർത്തുന്നതും ആൺമക്കളാണെന്നാണ് അവർ പറഞ്ഞിരുന്നത്. പെൺമക്കളെ ജീവനോടുകൂടെ കുഴിച്ചു മൂടിയിരുന്നതായി ക്വുർആൻ തന്നെ വ്യക്തമാക്കുന്നുണ്ട്. അവർക്ക് ആൺകുട്ടികൾ തന്നെ വേണം. പെൺകുട്ടികളെ അവർക്ക് ഇഷ്ടമില്ല. 'എന്നാൽ അല്ലാഹുവിന് മലക്കുകൾ പെൺകുട്ടികളായുണ്ട്' എന്നവർ വാദിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ പേരിൽ കെട്ടിച്ചമച്ചു പറയുന്നതിനെ ക്വുർആൻ രൂക്ഷമായി ആക്ഷേപിക്കുന്നുണ്ട്: "എന്നാൽ നിങ്ങളുടെ റബ്ബ് ആൺകുട്ടികളെ നിങ്ങൾക്ക് പ്രത്യേകമായി നൽകുകയും, അവൻ മലക്കുകളിൽ നിന്ന് പെൺമക്കളെ സ്വീകരിക്കുകയും ചെയ്തിരിക്കുകയാണോ? തീർച്ചയായും ഗുരുതരമായ ഒരു വാക്ക് തന്നെയാകുന്നു നിങ്ങൾ പറയുന്നത്" (അൽഇസ്റാഅ്: 40).

രണ്ട് ആരോപണങ്ങളാണിവിടെയുള്ളത്. മലക്കുകൾ സ്ത്രീകളാണ് എന്നത് ഒന്ന്. അവർ അല്ലാഹുവിന്റെ പെൺമക്കളാണെന്നത് രണ്ട്. ഇത് രണ്ടും തീർത്തും തെറ്റാണ്. എന്ന് മാത്രമല്ല; സർവോൽകൃഷ്ടനും മഹാപരിശുദ്ധനുമായ ലോകരക്ഷിതാവിന്റെ മഹത്ത്വത്തെയും പരിശുദ്ധിയെയും ഇടിച്ചുതാഴ്ത്തുന്നതുമാണ്. അല്ലാഹുവിന് സന്താനങ്ങളില്ല.

അല്ലാഹു ചോദിക്കുന്നത് കാണുക: "അതല്ല; നാം മലക്കുകളെ സ്ത്രീകളായി സൃഷ്ടിച്ചതിന് അവർ ദൃക്സാക്ഷികളായിരുന്നോ?" (അസ്സ്വാഫ്ഫാത്ത്: 150). ഈ കാര്യം തന്നെ സുഖ്റുഫ് 19ൽ പ്രസ്താവിക്കുന്നത് ഇപ്രകാരമാണ്: "പരമകാരുണികന്റെ ദാസന്മാരായ മലക്കുകളെ അവർ പെണ്ണുങ്ങളാക്കിയിരിക്കുന്നു. അവരെ (മലക്കുകളെ) സൃഷ്ടിച്ചതിന് അവർ സാക്ഷ്യം വഹിച്ചിരുന്നോ? അവരുടെ സാക്ഷ്യം രേഖപ്പെടുത്തുന്നതും അവർ ചോദ്യം ചെയ്യപ്പെടുന്നതുമാണ്."

അല്ലാഹുവിന്റെ പ്രത്യേക സൃഷ്ടികളും ദാസന്മാരും ഉൽകൃഷ്ടരുമായ മലക്കുകൾ സ്ത്രീകളല്ല. അവരെ സ്ത്രീകളാക്കുന്നതിനെ ക്വുർആൻ കഠിനമായി എതിർക്കുകയും ആക്ഷേപിക്കുകയും ചെയ്യുന്നു. അറിഞ്ഞോ അറിയാതെയോ ശ്രദ്ധിക്കാതെയോ മലക്കുകളെ പെണ്ണുങ്ങളാക്കരുത്. ക്വുർആൻ പറയുന്നത് കാണുക: "നിശ്ചയമായും പരലോകത്തിൽ വിശ്വസിക്കാത്തവർ മലക്കുകൾക്ക് പേരിടുന്നത് സ്ത്രീ നാമങ്ങളാകുന്നു." (അന്നജ്മ്: 27).

അത് കൊണ്ട് നാം 'മാലാഖ' എന്ന് അർഥം പറയരുത്, എഴുതരുത്. മലക്ക്, മലക്കുകൾ എന്ന് തന്നെ പറഞ്ഞും എഴുതിയും ശീലിക്കുക.

(അഭിപ്രായങ്ങൾ ക്ഷണിക്കുന്നു)




WISDOM
GLOBAL ISLAMIC MISSION

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

നേർപഥം
വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Registered NO: KL/CT/225/2019-21
Nerpatham Weekly
Published on
16 Feb 2019
Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

